LEGISLATIVE BUSINESS.

The Agrarian Relations Bill, 1957 (*contd.*)

Clause 55 (*contd.*)

The number within brackets shown against the amendments denotes the number in the list of amendments.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ക്ലാസ്സ് 55, സബ്ബ് ക്ലാസ് (2)-ൽ ഗവണ്മെന്റിനു് എനേബ്ലിംഗ് പവ്വർ കൊടുക്കുന്നതിനെപ്പററിയായിരുന്നു ഞാൻ ഇന്നലെ സംസാരിച്ചുകൊണ്ടിരുന്നതു്. ഞാൻ മുമ്പു പറഞ്ഞ മാതിരി, ഒരു നിയമം നിർമ്മിക്കുമ്പോൾ, അതിനെപ്പററിയുള്ള വിശദാംശങ്ങൾ മുൻകൂട്ടി വേണ്ടപോലെ ആലോചിച്ചു് വേണ്ട വ്യവസ്ഥകൾ ചെയ്യാതെ, ഇങ്ങനെ ഗവണ്മെന്റിൽ എനേബ്ലിംഗ് പവ്വർ കൊടുത്തുകൊണ്ടുള്ള നിയമനിർമ്മാണം ന്യായദീക്ഷയുള്ള ഒരു ഗവണ്മെന്റിനും പററിയതല്ല. എന്നാൽ, ഈ ഗവണ്മെന്റു് ഇതുപോലുള്ള പ്രത്യേകാധികാരങ്ങൾ ഗവണ്മെന്റിനു നൽകുന്നതായിട്ടാണു് പല അനുഭവങ്ങളിൽനിന്നും കാണുന്നതു്.

ഇന്നു് അവർക്കു കാണുവാൻ സാധിക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ചു് അവർക്കുള്ള അഭിപ്രായം എന്താണെന്നു വ്യക്തമാക്കാതെ അസംബ്ലിയെല്ലാം പിരിഞ്ഞതിനുശേഷം സൗകര്യംപോലെ ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി ചില കാര്യങ്ങൾ നടപ്പിലാക്കുന്ന സമ്പ്രദായം ഗവണ്മെന്റിനുണ്ടു്. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം സീലിംഗ് ഏരിയായിൽ അവ ഉൾപ്പെടുത്താൻ പാടില്ലെന്നു് പ്ലാനിംഗ് കമ്മിഷൻ അഭിപ്രായപ്പെട്ടിട്ടുള്ളതാണു്. ആ അഭിപ്രായത്തെ ഇൻഡ്യാ ഗവണ്മെന്റും അംഗീകരിച്ചിട്ടുണ്ടു്. ഇൻഡ്യാ ഗവണ്മെന്റിന്റെ വ്യക്തമായ ആ അഭിപ്രായത്തിനെതിരായിട്ടുള്ള ഒരു നിലപാടാണു് ഇക്കാര്യത്തിൽ ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നതെന്നു കാണാം. അങ്ങനെ ഒരു ഉദ്ദേശം ഗവണ്മെന്റിനുണ്ടോ എന്നു വ്യക്തമാക്കിയാൽകൊള്ളാം. എതിരായിട്ടുള്ള ഒരു നിലപാടല്ല ഈ ഗവണ്മെന്റു് സ്വീകരിച്ചിരിക്കുന്നതെങ്കിൽ എന്തുകൊണ്ടു് പ്ലാന്റേഷനുകളെക്കൂടി എക്സംപ്ഷനിൽ ചേർത്തില്ല? ഇതിനെപ്പററി ഇവിടെ വേണ്ടുവോളം ചർച്ച നടത്തിയിട്ടുള്ളതാണു്. ഒരു പക്ഷെ, ബില്ലെല്ലാം പാസ്സായിക്കഴിഞ്ഞതിനുശേഷം പ്ലാന്റേഷനെല്ലാം ഗവണ്മെന്റു് ഏറെറടുത്തു നടത്തുവാനാണോ ഉദ്ദേശിച്ചിരിക്കുന്നതു്? ഇവിടെ എല്ലാവരും പ്ലാന്റേഷനെപ്പററി അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നിട്ടും, അതു് എക്സംപ്ഷനിൽ പെടുത്താതിരിക്കുവാനുള്ള കാരണം എന്താണെന്നു ഗവണ്മെന്റു വ്യക്തമാക്കിയിട്ടില്ല. പ്ലാന്റേഷൻ മാത്രമല്ല, പലയിനങ്ങളിലുമുള്ള വസ്തുവകകളും, സീലിംഗ് ഏരിയായിൽപ്പെടുത്താൻ പാടില്ലാ എന്നുള്ള ഭേദഗതികൾ [illegible] വന്നിട്ടുണ്ടു്. അക്കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം എന്താണെന്നു [illegible]ത്തിട്ടില്ല. അതിൽ ചില കാര്യങ്ങൾതന്നെ ഭരണഘടനയ്ക്കു് എതിരായിട്ടുള്ളതാണെന്നു കാണുന്നു. ചില പ്രത്യേക ഉദ്ദേശത്തോടുകൂടി ഭരണഘടനയിൽ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു്. ആ ഉദ്ദേശങ്ങൾ എന്തൊക്കെയാണെന്നു നമുക്കറിയാം. ഗവണ്മെന്റു് നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുള്ള ഉദ്ദേശങ്ങൾക്കു് പ്രതിബന്ധങ്ങൾ സൃഷ്ടിക്കാതെ സൂക്ഷിക്കേണ്ടതുണ്ടു്. അങ്ങനെ ഭരണഘടനയിലെ ഉദ്ദേശം വ്യക്തമായി അറിയാമായിരുന്നിട്ടും ആ ഉദ്ദേശത്തെ വിഫലപ്പെടുത്തുവാനോ, നിയന്ത്രിക്കുവാനോ കഴിയുന്ന വിധത്തിലുള്ള ചില വ്യവസ്ഥകൾ ഇങ്ങനെയുള്ള ബില്ലിൽ കൊണ്ടുവരുന്നതു് ഭരണഘടനയോടുള്ള ആദരവു കുറവിനെയാണു് കാണിക്കുന്നതു്. ക്രിമിനൽക്കേസ്സിലെ ഒരു പ്രതി കൂട്ടിൽ കയറി ഇരുന്നുകൊണ്ടു് തന്റെ രക്ഷയ്ക്കുവേണ്ടി പലതും മാറി മാറി പറയും. അതു് ആ പ്രതിയെ സംബന്ധിച്ചിടത്തോളം ന്യായീകരിക്കാവുന്നതാണു്. എന്നാൽ ഒരു ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ആ ഒരു നിലപാടു് സ്വീകരിക്കുന്നതു് ഒരിക്കലും ശരിയല്ല. ഇതിലെ ചില വകുപ്പുകൾ ഭരണഘടനയ്ക്കു് എതിരാണെന്നു കണ്ടതുകൊണ്ടു് മറെറാരു മാർഗ്ഗത്തിൽക്കൂടി അതേ നിയമം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെയൊരു ഗവണ്മെന്റും ചെയ്യുന്നതല്ല. ഭരണഘടനയിലെ ചില പൊതുതത്വങ്ങളെ മാനിക്കുന്നതിനുവേണ്ടി, അതിനു വിരുദ്ധമല്ലെന്നു തോന്നത്തക്കവണ്ണം വളഞ്ഞ മാർഗ്ഗത്തിൽക്കൂടി അതേ ആശയങ്ങൾ തന്നെ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ചില എനേബ്ലിംഗ് ക്ലാസ്സുകൾ ചിലപ്പോൾ ബില്ലിൽ ചേർക്കേണ്ടതായും വരും. ഞാൻ അതിനെ എതിർക്കുകയല്ല. തീർച്ചയായും അങ്ങനെയുള്ള ചില എനേബ്ലിംഗ് ക്ലാസ്സുകൾ എല്ലാ നിയമത്തിലും വേണ്ടിവരും. ഏതെങ്കിലും അവിചാരിതമായ കാര്യങ്ങൾക്കുവേണ്ടി അങ്ങനെയുള്ള എനേബ്ലിംഗ് ക്ലാസ്സുകൾ വേണം. പക്ഷെ, ഇവിടെ അങ്ങനെ അവിചാരിതമായ കാര്യങ്ങൾക്കൊന്നുമല്ലാ ഇതാവശ്യപ്പെട്ടിരിക്കുന്നതു്.

സർ, കുട്ടനാടൻ പ്രദേശത്തു കൃഷി നടത്തുന്നതു് ലക്ഷക്കണക്കിനു രൂപാ ചെലവു ചെയ്തിട്ടാണ്. അവിടത്തെ കൃഷി ഒരുവക ചൂതുകളിയാണെന്നു പറയാതെ തരമില്ല. ഏതാണ്ട് ഒരു ലക്ഷം രൂപാ കൃഷിക്കു മുടക്കി, വേണ്ട അദ്ധ്വാനം ചെയ്തു കഴിഞ്ഞാൽ കിട്ടിയാൽ കിട്ടി, അല്ലെങ്കിൽ തീർന്നു എന്ന മട്ടിലാണ് അവിടത്തെ കൃഷിയിൽനിന്നുള്ള അനുഭവം. ഒന്നും, രണ്ടും കൊല്ലം കൃഷിക്കു പിഴ വന്നാൽ ആ കൃഷിക്കാരൻ പാപ്പരായിപ്പോകും. അങ്ങനെയുള്ള ചില കേസ്സുകൾ എനിക്കറിയാം. കുട്ടനാടൻ പ്രദേശങ്ങളിൽ വലിയ പണക്കാരെന്നു കരുതിയിരിക്കുന്ന മിക്കയാളുകളും ഇന്നു കടത്തിൽ മുങ്ങിയിരിക്കുകയാണ്. അവരിൽ ചിലർക്കു് വലിയ എസ്റ്റേററുകൾപോലും ഉണ്ട്. എന്നാൽ അവരും പണക്കാരാണ്. അങ്ങനെ സാഹസികമായ നിലയിൽ കൃഷിയിലേർപ്പെട്ടിരിക്കുന്ന കുട്ടനാടൻ പ്രദേശങ്ങളിലും മററും ആളൊന്നുക്കു് പതിനഞ്ചേക്കർ വീതമേ കൊടുക്കുകയുള്ളു എന്നു വയ്ക്കുന്നതു് വളരെ തെററാണ്. അവിടെ കൃഷിഭൂമി മുഴുവനും, ഞാൻ കായൽനിലങ്ങളെപ്പററിയാണ് പറയുന്നതു്, സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനുള്ള സാദ്ധ്യതയുണ്ടോ എന്നു ആരായേണ്ടതാണ്. ഇന്നത്തെ നിലയിൽ അങ്ങനെ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനുള്ള സാദ്ധ്യത അവിടെയില്ലാതെയാണിരിക്കുന്നതു്. മാത്രമല്ലാ, കോവാപ്പറേററീവ് ഫാമിംഗ് സൊസൈററിയുടെ വക ഭൂമിക്കും പരിധി നിർണ്ണയിച്ചിരിക്കുന്നതുകൊണ്ട്, ഒരുപക്ഷെ സഹകരണാടിസ്ഥാനത്തിൽ കുട്ടനാടൻ പ്രദേശങ്ങളിലെ കൃഷി സംഘടിപ്പിക്കാമെന്നു വച്ചാൽത്തന്നെയും നിർവ്വാഹമില്ലെന്നു വന്നിരിക്കുന്നു. കോവാപ്പറേററീവ് ഫാമിംഗ് സൊസൈററിക്കു് സീലിംഗ് ഏരിയാ വയ്ക്കണമെന്നുള്ള ഭേദഗതി ഇവിടെ ഹാജരാക്കിയിട്ടുണ്ട്. കോവാപ്പറേററീവ് അടിസ്ഥാനത്തിലുള്ള കൃഷികൊണ്ടു മാത്രമേ ഈ രാജ്യം അഭിവൃദ്ധിപ്പെടുകയുള്ളു, ഈ രാജ്യത്തിനു് ഐശ്വര്യമുണ്ടാകുകയുള്ളു എന്നു വിശ്വസിക്കുന്നവരിൽ ഒരാളാണ് ഞാൻ. ആ അടിസ്ഥാനത്തിൽ വിശ്വസിച്ചിരിക്കുന്ന ഒരു പാർട്ടിയിലെ ഒരംഗവുമാണ് ഞാൻ. ഇന്നു് നാട്ടിൽ കോവാപ്പറേററീവ് ഫാമിംഗ് സൊസൈററികൾ വേണ്ടത്ര സ്ഥാപിച്ചു് ഭൂമി മുഴുവൻ അതിന്റെ പ്രവർത്തനമണ്ഡലത്തിൽ സംഘടിപ്പിച്ചു് ആ ഭൂമിയുടെ ഉടമസ്ഥർക്കു് കാമ്പൻസേഷൻ കൊടുക്കുകയും, അതു മുഴുവൻ ഫാമിംഗ് സൊസൈററികളുടെ ആഭിമുഖ്യത്തിൽ കൃഷി നടത്തുകയും, ചെയ്യുമെങ്കിൽ എനിക്കു വിരോധമില്ല. ഗവണ്മെന്റ് കൃഷിക്കാരെ ഉദാരമായി സഹായിക്കുകയും വേണം. എങ്കിൽ മാത്രമേ രാജ്യത്തിനു് സ്ഥായിയായ ഐശ്വര്യം ഉണ്ടാകുകയുള്ളു. എന്നാൽ ഇതുവരെ ആ വിധത്തിലുള്ള യാതൊരു പരിശ്രമവും ചെയ്തുകാണുന്നില്ല. ഫാമിംഗ് സൊസൈററികളെ എക്സംപ്ഷനിൽ ചേർത്തിട്ടില്ല. ആവശ്യമുള്ള കാര്യങ്ങൾക്കൊന്നും എക്സംപ്ഷൻ കൊടുത്തിട്ടില്ല. ആവശ്യമില്ലാത്ത ആർച്ചയാഡിനും മററും എക്സംപ്ഷൻ കൊടുത്തിരിക്കുകയാണ്. അത്ര വളരെ ആർച്ചയാഡുകൾ കേരളത്തിലുണ്ടോ? നമ്മുടെ സംസ്ഥാനത്തിൽ തെക്കൻതിരുവിതാംകൂർകൂടി ഉണ്ടായിരുന്നെങ്കിൽ ഈ വകുപ്പിന്റെ സാംഗത്യം എനിക്കു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. ഇപ്പോൾ ഈ രാജ്യത്തു് ആകെക്കൂടെയാണ് ആർച്ചയാഡുകൾ ഉള്ളതെന്നു് എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിൻതോട്ടങ്ങളും, കമുകിൻതോട്ടങ്ങളും ഉണ്ടാക്കുന്നതിന് ആദ്യകാലത്ത് കുറെയധികം കൂലിക്കാരുടെ ആവശ്യം വേണ്ടിവരും. പിന്നീട് അതിലെ വേലകൾ അതിൽ താമസിക്കുന്ന കുടുംബക്കാർക്കുതന്നെ ചെയ്യുവാൻ സാധിക്കുന്നതാണ്. ഒരു കുടുംബത്തിലെ അംഗങ്ങൾ മാത്രം വിചാരിച്ചാൽ ഒരു തെങ്ങിൻതോട്ടം സംരക്ഷിച്ചുകൊണ്ടുപോകുവാൻ സാധിക്കും. നേരെ മറിച്ച് അതു തുണ്ടുതുണ്ടായി പോകുകയാണെങ്കിൽ നടക്കുകയില്ല. തെങ്ങിൻതോട്ടത്തെപ്പോലെ ഗുണമുള്ള ഒരു കൃഷിയാണ് കമുകിൻകൃഷി. കടലോരപ്രദേശങ്ങളിലല്ലാ, മലയോരപ്രദേശങ്ങളിലാണ് കമുക് നന്നായി വളരുന്നതു്. അതുകൊണ്ട് മലയോരപ്രദേശങ്ങളിൽ ആ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇങ്ങനെയുള്ള കൃഷികളെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനു പകരം ഓർച്ചാഡ്സിനെയാണ് ഒഴിവാക്കിയിരിക്കുന്നതു്. എവിടെയാണ് നമ്മുടെ രാജ്യത്ത് ഓറഞ്ചു തോട്ടവും ഒട്ടുമാവിൻതോട്ടവും ഉള്ളതു്? എന്തായാലും അതിനെ ഒഴിവാക്കേണ്ട എന്ന് ഇപ്പോൾ മന്ത്രി പറഞ്ഞിരിക്കുകയാണ്. ഒഴിവാക്കേണ്ടാ എന്നു വച്ചിരിക്കുന്നതു ശരിയാണ്.

പ്രൈവറ്റ് ഫാറസ്റ്റിനെ ഒഴിവാക്കിയിരിക്കുന്നതു് മിസ്റ്റർ നാരായണക്കുറുപ്പിനെ തൃപ്തിപ്പെടുത്തുവാനാണെന്നാണ് എനിക്കു തോന്നുന്നതു്. പ്രൈവറ്റ് ഫാറസ്റ്റ് മലബാറിൽ മാത്രമേയുള്ളു. കുറെ ആളുകൾക്ക് കുറെ പണം കൊടുക്കുവാൻവേണ്ടിയാണ് പ്രൈവറ്റ് ഫാറസ്റ്റ് എടുക്കണമെന്നും മററും പറയുന്നതു്. എന്തിനാണ് പ്രൈവറ്റ് ഫാറസ്റ്റ് ഇതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. വലിയ കാടായിരുന്ന സ്ഥലത്ത് ഇവിടെനിന്നു വളരെയാളുകൾ പോയി കാടു വെട്ടിത്തെളിച്ചു കൃഷി ചെയ്തുവരുന്നുണ്ട്. അങ്ങനെ മലബാറിലെ സ്വകാര്യവനത്തിൽപ്പെട്ട വളരെ ഭൂമി ആളുകൾ കയറി കൃഷിചെയ്തു നല്ല ഫലപുഷ്ടിയുള്ള ഭൂമിയാക്കി തീർത്തിട്ടുണ്ട്. അവിടെയുള്ള പ്രൈവറ്റ് ഫാറസ്റ്റിൽ പല ഭാഗങ്ങളിലും റബ്ബർ, കുരുമുളക്, മരച്ചീനി മുതലായവ കൃഷി ചെയ്തു വരുന്നുണ്ട്. കൂടുതൽ പണച്ചെലവും, ബുദ്ധിമുട്ടും ഉള്ള ഒരു കൃഷിയാണ് റബ്ബർകൃഷി. കുറെ ആളുകളെ സഹായിക്കുവാൻവേണ്ടിയാണ് പ്രൈവറ്റ് ഫാറസ്റ്റ് ഇതിൽനിന്ന് ഒഴിവാക്കിയിരിക്കുന്നതു്.

വില്ലിംഗ്ടൺ അയലൻഡിലെ ഭൂമികൾ ഒഴിവാക്കിയിരിക്കുന്നതിന്റെ കാരണമെന്താണെന്നു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ അൺകൾച്ചറബിൾ വേസ്റ്റ് ലാൻഡ്സ് എന്നു പറഞ്ഞിരിക്കുന്നതെന്താണെന്ന് എനിക്കിപ്പോഴും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. മരുഭൂമിപോലെ യാതൊരു കൃഷിയും ചെയ്യാതെ കിടക്കുന്ന സ്ഥലമാണോ ഗവണ്മെന്റ് ഇതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതു്? ഗവണ്മെന്റിന്റെ വകയായി ഇങ്ങനെ കുറെ ഭൂമികളുണ്ട്. അതിനെ ഉദ്ദേശിച്ചാണോ പറഞ്ഞിട്ടുള്ളതു്? അൺകൾച്ചറബിൾ വേസ്റ്റ് ലാൻഡ്സ് എന്നു പറഞ്ഞ് സ്വകാര്യവ്യക്തികളുടെ കയ്യിൽ ഇനിയും കുറെ ഭൂമി വച്ചുകൊണ്ടിരിക്കുവാൻ അവകാശം കൊടുക്കുകയാണ് ചെയ്തിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. അൺകൾച്ചറബിൾ ലാൻഡ് എന്നു പറഞ്ഞാൽ ഒന്നുകിൽ കൃഷി ചെയ്യാത്ത ഭൂമി, അല്ലെങ്കിൽ കൃഷി ചെയ്തിട്ടു ഗുണമില്ലെന്നു കണ്ടതായ ഭൂമി; അതുമല്ലെങ്കിൽ തരിശുഭൂമി ഈ തരത്തിൽ കുറെ ഭൂമികൾ ഇതിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ആരെ സഹായിക്കുവാൻ വേണ്ടിയാണ് ഇങ്ങനെ കുറെ ഭൂമികൾ ഒഴിവാക്കിയിരിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. പലഭേദഗതികളും പല ഗ്രൂപ്പിൽനിന്നും ഈ വകുപ്പിനു കൊടുത്തിട്ടുണ്ട്. എന്നാൽ അൺകൾച്ചറബിൾ വേസ്റ്റ് ലാൻഡ് പരിധിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നതിനെപ്പററി ഒരു അമെൻഡുമെൻറ് ഇവിടെ കാണുന്നില്ല. ചില ആളുകളെ സഹായിക്കുവാൻ വേണ്ടിയാണ് ഇങ്ങനെയൊരു വ്യവസ്ഥ ഇതിൽ കൊള്ളിച്ചിരിക്കുന്നതു്.

സൈറ്റ്സ് ആഫ് ടെമ്പിൾസ് ഒഴിവാക്കിയിരിക്കുന്നു എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നതു്. അതു് ക്ഷേത്രമിരിക്കുന്ന സ്ഥലം മാത്രമാണോ, അതോ ശ്രീകോവിൽ മാത്രം ഇരിക്കുന്ന സ്ഥലമാണോ എന്നുള്ളതിനെ സംബന്ധിച്ചു തർക്കമുണ്ടാകുവാൻ വഴിയുണ്ട്. എന്റെ അമെൻഡുമെൻറിൽ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ട്ടുള്ളതുപോലെ, അതായത് 975-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ, ഒരു വാചകംകൂടി കൂട്ടിച്ചേർത്താൽ അതിനെസംബന്ധിച്ച തർക്കത്തിന് ഇടയുണ്ടാകുന്നതല്ല. ടെമ്പിളിന്റെയും, മോസ്ക്കിന്റെയും, ചർച്ചിന്റെയും സ്ഥലങ്ങളെല്ലാം ഇതിൽനിന്ന് ഒഴിവാക്കേണ്ടതാണ്. ആ വക സ്ഥാപനങ്ങളുടെ സ്വത്തുക്കളെല്ലാം അവരുടെ കയ്യിൽ തന്നെയിരിക്കണം. മേലാൽ ആ വക സ്ഥാപനങ്ങൾ വാങ്ങുന്ന സ്വത്തുക്കൾ ഇതിൽനിന്നു ഒഴിവാക്കുകയില്ല എന്നു പറഞ്ഞാൽ വിരോധമില്ല. ദേവസ്വം ബോർഡ് വന്നതോടുകൂടി ക്ഷേത്രങ്ങളിലെ കാര്യങ്ങൾ വളരെ പിച്ചയായിട്ടാണ് നടന്നുവരുന്നത്. ഗവണ്മെന്റു ക്ഷേത്രങ്ങളുടെ കാര്യങ്ങൾ എങ്ങനെയെങ്കിലും ആകട്ടെ. കുറെ പ്രൈവററു ക്ഷേത്രങ്ങളുണ്ട്. അവയെല്ലാം ശരിയായിട്ടു നടത്തണമെന്നുണ്ടെങ്കിൽ അവയുടെ സ്വത്തുക്കളെല്ലാം ഇതിൽനിന്നൊഴിവാക്കേണ്ടതാണ്. എന്നാൽ മാത്രമേ ദേവാലയങ്ങൾക്ക് ഒരു രക്ഷ കിട്ടുകയുള്ളു. അല്ലെങ്കിൽ ഈ ദേവാലയങ്ങളെല്ലാം ഒരു കാലത്ത് പബ്ലിക്ക് ലൈബ്രറികളാക്കേണ്ടി വരും. ഇന്നു നാട്ടിലുള്ള ഭൂരിപക്ഷം ആളുകളും ദേവാലയങ്ങൾ വച്ചുപുലർത്തണമെന്നുള്ള അഭിപ്രായക്കാരാണ്. ഈ നാട്ടിലെ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായത്തിനനുസരിച്ച് ഭരിക്കുന്നതിനുള്ള ഗവണ്മെന്റാണ് ഇവിടെയിരിക്കുന്നത്. ഒരു പാർട്ടിക്കുവേണ്ടി മാത്രം ഭരിക്കുകയല്ല ഒരു ഗവണ്മെന്റിന്റെ കർത്തവ്യം. ക്ഷേത്രങ്ങളുടെ മുതലെല്ലാം അപഹരിച്ചു എന്നു പറയുന്നതിനുള്ള ഒരു സന്ദർഭമുണ്ടാക്കരുത്. ദേവാലയങ്ങളുടെ സ്വത്തുക്കളെല്ലാം കൈവശം വച്ചുകൊണ്ടിരിക്കുന്നതിനുള്ള അവകാശം അവർക്കുണ്ടായിരിക്കണം.

പിന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇരിക്കുന്ന സ്ഥലവും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനാവശ്യമായ സ്ഥലവും ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ഇരിക്കുന്ന സ്ഥലം മാത്രം ഒഴിവാക്കിയാൽ പോരാ, ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിലേക്ക് ഈ സ്ഥാപനങ്ങളുടെ വകയായിട്ടുള്ള സ്വത്തുക്കളും ഒഴിവാക്കണം. രാമകൃഷ്ണ മിഷന് ഒരു സ്കൂളുണ്ട്. ആ സ്കൂൾ ഇരിക്കുന്ന സ്ഥലം മാത്രം ഒഴിവാക്കിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആ സ്ഥാപനത്തിന്റെ വകയായിട്ടുള്ള സ്വത്തുക്കളും ഒഴിവാക്കിയാലേ അതു നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയുള്ളു. മാനേജുമെന്റ് സ്കൂളുകളുടെ വകയായി വല്ല സ്വത്തുക്കളുമുണ്ടെങ്കിൽ മാത്രം അത് ഒഴിവാക്കിയാൽ മതി.

ഭൂദാൻ യജ്ഞക്കമ്മിററിയെ ഏൽപ്പിച്ചിട്ടുള്ള ഭൂമി ഇതിൽനിന്നൊഴിവാക്കിയിട്ടുണ്ട്. ഭൂദാനക്കാരെ തൃപ്തിപ്പെടുത്തുവാനായിരിക്കും ഈ ഭൂമി ഒഴിവാക്കിയിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഭൂദാനയജ്ഞക്കമ്മിററിക്ക് വലിയ ഭൂസ്വത്തുക്കളൊന്നുമില്ല. ഇനി കിട്ടുമെന്നു വിചാരിച്ചു ചെയ്ത വ്യവസ്ഥയായിരിക്കാം. ഭൂദാനയജ്ഞത്തിൽ ഏർപ്പെട്ട ഒരാൾ ഇപ്പോൾ സത്യാഗ്രഹവും മററും അനുഷ്ഠിക്കുന്നുണ്ട്. ആ ആളെ തൃപ്തിപ്പെടുത്തുവാനായിരിക്കും ഇങ്ങനെയൊക്കെ ചെയ്തിരിക്കുന്നത്. ചിലയാളുകൾ ഭൂദാനം ചെയ്യുന്നു എന്നു പറഞ്ഞു വെള്ളക്കടലാസ്സിൽ ചില വസ്തുക്കളൊക്കെ എഴുതി വച്ചു. എന്നാൽ ഇപ്പോഴും ആ വസ്തുക്കൾ ആ ആൾ തന്നെ കൈവശം വച്ചുകൊണ്ടിരിക്കുന്നതായി എനിക്കറിയാം. ഭൂദാനവും ഗ്രാമദാനവും ഒന്നും ഇതേവരെ ഉണ്ടായിട്ടില്ല. അതിനെസംബന്ധിച്ച് ഇന്നും കേസ്സു നടക്കുന്നുണ്ട്. അതുകൊണ്ട് ഇങ്ങനെയൊക്കെ നിയമത്തിൽ എഴുതി വച്ചാൽ കുറെ ആളുകൾക്ക് കുറെ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുവാനുള്ള സൗകര്യം കൊടുക്കുന്നതായിരിക്കും. ഇങ്ങനെ എഴുതി വയ്ക്കുന്നതിൽ എനിക്കു വിരോധമില്ല. പക്ഷെ അതുമൂലം വളരെ കുഴപ്പമുണ്ടാകുമെന്നേയുള്ളു

കോവാപ്പറേററീവ് സൊസൈററിയുടെ കാര്യത്തിൽ എനിക്കെതിരില്ല. കോവാപ്പറേററീവ് സൊസൈററിയുടെ കീഴിലുള്ള വസ്തുക്കളെയെല്ലാം പരിധിയിൽനിന്ന് ഒഴിവാക്കേണ്ടതാണെന്നുള്ളതിനെ അനുകൂലിച്ചാണ് ഞാൻ ഭേദഗതികൾ കൊടുത്തിട്ടുള്ളത്. എന്റെ ഭേദഗതികളെല്ലാം ഗവണ്മെന്റ്

കാര്യമായി വിചാരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞാൻ ഈ പറഞ്ഞ രൂപത്തിലുള്ള മാററങ്ങൾ വരുത്തിയാൽ മാത്രമേ ഇതുകൊണ്ട് ഉദ്ദേശിക്കുന്ന ഗുണം ജനങ്ങൾക്ക് ഉണ്ടാകുവാൻ പോകുന്നുള്ളു. അതല്ലെങ്കിൽ കാർഷികവിഭവങ്ങൾ ഇവിടെ വർദ്ധിക്കുവാൻ പോകുന്നില്ല.

ശ്രീ. കെ. ടി. തോമസ്സ്: സർ, ഞാൻ ഈ വകുപ്പിനെ സംബന്ധിച്ച് നാലു ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. അതിൽ ഏററവും പ്രധാനമായിട്ടുള്ള ഭേദഗതി പ്ലാന്റേഷനെപ്പററിയുള്ളതാണ്. ഈ 55-ാം വകുപ്പിൽ പ്ലാന്റേഷനെക്കൂടെ ഉൾപ്പെടുത്തണമെന്നു് ആണ് എന്റെ ഭേദഗതി. സർ, ഇതേ തരത്തിൽ കുറെ അധികം ഭേദഗതികൾ വളരെ അധികം അംഗങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പെട്ടവർപോലും ഈ വകുപ്പിനു അവതരിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യമായിട്ട് അനുഭാവപൂർവ്വം പരിഗണിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ചില കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്ലാന്റേഷൻ വികസനത്തെ പരാജയപ്പെടുത്തുന്നതിനു് വേണ്ടിയാണ് ഈ ബില്ലിൽ പ്ലാന്റേഷന്റെ കാര്യം ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇപ്പോഴത്തെ നിലയ്ക്കു് 55-ാം വകുപ്പിൽ ചില എക്സംപ്ഷൻസ് കൊടുത്തിട്ടുണ്ട്. പ്ലാന്റേഷൻ ഉള്ള ആളുകൾക്കു് മററു ഭൂമികളൊന്നും കൈവശം വയ്ക്കുവാൻ നിവൃത്തിയില്ലാത്ത പരിതസ്ഥിതിയാണ് ഈ ബില്ലിൽ ഉള്ളതു്. തോട്ടം ഉടമകൾ എല്ലാം വളരെയധികം ഭൂമിയുള്ളവരാണെന്നു പറയാറുണ്ടെങ്കിലും കണക്കുകൾ പരിശോധിച്ചാൽ അവരിൽ 95 ശതമാനവും ചെറുതരം തോട്ടം ഉടമകളാണ് എന്നു കാണാം. ഇന്നത്തെ ഈ വകുപ്പുകൊണ്ട് അങ്ങനെയുള്ള വളരെ അധികം ആളുകൾക്കു് വളരെയധികം ദോഷം ഉണ്ടാകുന്നതായിരിക്കും. കോട്ടയത്തു് ഒരാൾക്കു് ഉടുമ്പൻചോലയിൽ 30 ഏക്കർ ഏലത്തോട്ടമുണ്ടെങ്കിൽ, അല്ലെങ്കിൽ മലബാർ ഭാഗത്തു് ഇരുപതോ, മുപ്പതോ ഏക്കർ കാപ്പിത്തോട്ടമുണ്ടെങ്കിൽ ഏതെങ്കിലും ഒരു സ്ഥലം ആ തോട്ടമുടമയ്ക്കു് ഉപേക്ഷിക്കേണ്ടതായിവരും. ചില ആളുകൾക്കു് അങ്ങനെയുള്ള പരിതസ്ഥിതിയിൽ തോട്ടങ്ങൾ ഉപേക്ഷിക്കേണ്ടിവരും. അങ്ങനെ തോട്ടങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ ഗവണ്മെന്റ് ഏറെറടുക്കേണ്ടിവരും. അങ്ങനെയുള്ള ഒരു പരിതസ്ഥിതി സൃഷ്ടിക്കുന്നതിനു ഈ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോയെന്നു് ഞാൻ ചോദിക്കുകയാണ്. അങ്ങനെ വിചാരിക്കുന്നില്ലെങ്കിൽ ഗവണ്മെന്റിന്റെ ഉദ്ദേശത്തിനു വിരുദ്ധമായ നിലപാടാണ് ഈ വ്യവസ്ഥയിൽ ഉള്ളതു്. ഇങ്ങനെ ഒരു പരിതസ്ഥിതി ഈ ബില്ലിൽ ഉള്ളതുകൊണ്ട് തോട്ടം ഉടമകൾ തോട്ടം ഭിന്നഭിന്നമാക്കുന്നതിനും കൈമാററം ചെയ്യുന്നതിനും നടപടികൾ നടത്തി തുടങ്ങിയിട്ടുണ്ട്. തോട്ടം വിഭജിക്കുകയാണെങ്കിൽ അതു ശരിക്കു സംരക്ഷിക്കാൻ സാധിക്കാതെ വരുന്നതും അതുമൂലം ഉല്പാദനം വളരെ കുറയുന്നതും ആണ്. പ്ലാന്റേഷൻ പരാജയപ്പെടുകയാണെങ്കിൽ അതുമൂലം വളരെ തൊഴിലാളികൾക്കു് തൊഴിലില്ലാതെയായിത്തീരുന്നതുമാണ്. അങ്ങനെയുള്ള പരിതസ്ഥിതി ഇവിടെ ഉണ്ടാകാതിരിക്കുവാനാണ് ഈ 55-ാം വകുപ്പിൽ തോട്ടങ്ങളെക്കൂടെ ഉൾപ്പെടുത്തണമെന്നു ഞാൻ പറയുന്നതു്. 55-ാം വകുപ്പിൽ പ്രൈവററു ഫോറസ്റ്റിനെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആ സ്ഥിതിക്കു് ചെറുതരം തോട്ടമുടമകളെ എന്തുകൊണ്ട് ഇതിൽ നിന്നും ഒഴിവാക്കുന്നില്ലായെന്നാണ് എനിക്കു് ചോദിക്കുവാനുള്ളതു്. അതിനെ സംബന്ധിച്ച് ഈ ഭാഗത്തുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ സവിസ്തരം പറഞ്ഞതുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല.

ഇനി എനിക്കു് പറയുവാനുള്ളതു എഫിഷ്യന്റിലി മാനേജ്ഡ് ഫാംസിനെ സംബന്ധിച്ചാണ്. ഇതിനെ സംബന്ധിച്ച് മി. തൊമ്മനും മി. മാത്യുവും ഇവിടെ പറഞ്ഞുകഴിഞ്ഞു. പ്ലാനിംഗ് കമ്മീഷൻ അതിനെപ്പററി എന്തു പറഞ്ഞിരിക്കുന്നു എന്നു് അവർ ഇവിടെ വായിച്ചു കേൾപ്പിച്ചതാണ്. Efficiently managed farms എന്നു പറയുന്നതു എന്താണെന്നു പലരും ഇവിടെ സംശയം പ്രകടിപ്പിക്കുകയുണ്ടായി. വളരെയധികം പണം ചെലവുചെയ്തു ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചുവരുന്ന വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. തോമസ്സ്.]

farms ഈ രാജ്യത്തുണ്ടു്. അങ്ങനെയുള്ള ഫാംസിനെ രക്ഷിച്ചില്ലെങ്കിൽ അവയെല്ലാം ഉപയോഗശൂന്യമായിപ്പോകുന്നതാണു്. ഉൽപ്പാദനം ഗണ്യമായി കുറയുന്നതാണു്. അതുകൊണ്ടു് അങ്ങനെയുള്ള ഭൂമികളെക്കൂടി ഈ 55-ാം വകുപ്പിൽ ഉൾപ്പെടുത്തണം എന്നാണു പറയുന്നതു്. എല്ലാ തോട്ടങ്ങളും Efficiently managed farms-ന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്നു ഞാൻ പറയുന്നില്ല. ശാസ്ത്രീയമായ രീതിയിൽ നല്ല നിലയിൽ സംരക്ഷിച്ചുവരുന്ന തോട്ടങ്ങളെമാത്രം ഉൾപ്പെടുത്തിയാൽമതി. നമ്മുടെ രാജ്യത്തു ചില കാർഷിക കമ്പനികൾ ഉണ്ടു്. അതായതു് കുരുമുളകു്, തെങ്ങു് മുതലായി പലതും ഉൽപ്പാദിപ്പിക്കുന്ന Public Agricultural Companies. ഇത്തരം കമ്പനികൾ കൃഷി ചെയ്തുവരുന്ന ഭൂമികൾ കൂടി ഈ 55-ാം വകുപ്പിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ആ വക ഭൂമികൾ വീതിച്ചുപോകുന്നതിനിടയാകുന്നതാണു്. അതുകൊണ്ടു് കാർഷിക കമ്പനിയുടെ കീഴിലുള്ള ഭൂമികൾ കൂടി പരിധിയിൽനിന്നും ഒഴിവാക്കേണ്ടതു അത്യാവശ്യമാണു്.

പിന്നെ വരുന്നതു് lands owned or held by religious institutions ആണു്. അതിനെപ്പററി മി. രാഘവമേനോൻ ഇവിടെ വളരെ വിസ്തരിച്ചു പറഞ്ഞു.

വേറെ ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു് After the words 'occupied by' in clause 55(1) (e) add the words 'or required or necessary for' എന്നുള്ളതാണു്. പ്രായപൂർത്തി ആയ ഒരാൾക്കു് വീടുകെട്ടിത്താമസിക്കുന്നതിനുള്ള സ്ഥലം കിട്ടണമെന്നുള്ളതാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം. അങ്ങനെ വീടുകെട്ടിത്താമസിക്കുന്നതിനാവശ്യമായ സ്ഥലംകൂടി ഇതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ വളരെയധികം ആളുകൾക്കു് ബുദ്ധിമുട്ടുകൾ നേരിടുന്നതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

കായലിൽ നിന്നു് നികത്തിയെടുത്തിട്ടുള്ളതും നെൽക്കൃഷി ചെയ്തുവരുന്നതുമായ കായൽനിലങ്ങളെ കൂടി ഇതിൽ നിന്നു ഒഴിവാക്കണം എന്നാണു് എന്റെ മറെറാരു ഭേദഗതി. കായൽ നിലങ്ങളെ 55-ാം വകുപ്പിൽപ്പെടുത്തി പരിധിയിൽനിന്നു ഒഴിവാക്കേണ്ടതാണു് അതു ഈ ബില്ലിൽതന്നെ വ്യക്തമായി പറയേണ്ടതാണു്. അതു വ്യക്തമായി പറഞ്ഞില്ലെങ്കിൽ പിന്നീടു് അതു ഉപകാരപ്രദമായിത്തീരുവാൻ പോകുന്നില്ല. അതുകൊണ്ടു് ഗവണ്മെൻറു് പരിഗണിക്കുവാൻ ആഗ്രഹിക്കുന്നതെല്ലാം ഇപ്പോൾതന്നെ ബില്ലിൽ വ്യക്തമാകുവാൻ ഞാൻ ആവശ്യപ്പെടുന്നു. ഈ ബിൽ നടപ്പിലായിക്കഴിഞ്ഞാൽ സീലിംഗിൽ അധികമുള്ള ഭൂമി കൊടുത്തുകഴിഞ്ഞാൽ പിന്നെ എവിടെയാണു സീലിംഗിൽ നിന്നു ഒഴിവാക്കാനുള്ള പരിതസ്ഥിതിയുണ്ടാകുന്നതു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഇതിലെ രണ്ടാം ഉപവകുപ്പു എടുത്തുകളയണം എന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. അതു് വളരെ കുഴപ്പമുണ്ടാക്കുന്ന ഒരു ഉപവകുപ്പാണു്. നിയമസഭയ്ക്കു് ഇന്നയിന്ന ഭൂമികൾ ഒഴിവാക്കണമെന്നു ഇപ്പോൾതന്നെ പറയാം. സീലിംഗു് നടപ്പിലായാൽ പിന്നെ ഈ പ്രശ്നം ഗവണ്മെൻറു നോട്ടിഫിക്കേഷനു വേണ്ടി അവശേഷിക്കുന്നില്ല. അതുകൊണ്ടു് ഈ ഉപവകുപ്പു ആവശ്യമില്ലാത്തതാണു്. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു് എന്റെ ഭേദഗതികൾ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒരു വകുപ്പാണു് ഇതെന്നു് പറയേണ്ടിയിരിക്കുന്നു. ഈ വകുപ്പുപ്രകാരം ജനങ്ങളുടെ കയ്യിൽ പരിധിക്കു് അപ്പുറമുള്ള ഭൂമികളെല്ലാം വിതരണം ചെയ്യണമെന്നു വ്യവസ്ഥ ചെയ്യുകയാണു്. അതിൽ ചില ഭൂമികളെല്ലാം പരിധിയിൽനിന്നു ഒഴിവാക്കണമെന്നും പറഞ്ഞിട്ടുണ്ടു്. ഫാക്ടറിക്കും മിൽസിനും ആവശ്യമുള്ള സ്ഥലങ്ങളെല്ലാം ഇതിൽ നിന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കപ്പെട്ടതായി കണക്കാക്കും എന്നു പറഞ്ഞിരിക്കുന്നതു് വളരെ ആശ്വാസപ്രദമായ ഒരു കാര്യമാണു്. ഈ നാട്ടിലെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു കാൽവയ്പ്പായിട്ടാണു് ഞാൻ അതിനെ കണക്കാക്കുന്നതു്. അതേയവസരത്തിൽ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള റാമെറ്റീരിയൽസ് കളക്റ്റ് ചെയ്യുവാനും അതിനുള്ള സാഹചര്യം സൃഷ്ടിക്കുവാനും ഉള്ള പരിതസ്ഥിതി ഉണ്ടാകാതെ പോയതു് ഖേദകരമായിപ്പോയി. എന്റെ മറ്റു പല സ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ചമാതിരി ഈ നാട്ടിലെ വ്യവസായത്തെ തകർക്കുന്ന തരത്തിലുള്ള പല വകുപ്പുകളും ഈ ബില്ലിലുണ്ടു്. ഇവിടത്തെ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു് ആവശ്യമുള്ള പല സംഗതികളും പരിധിയിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടില്ല. ഉദാഹരണത്തിനു് ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ചില വ്യവസ്ഥകൾ ഇതിലുണ്ടു്. അരിക്കനട്ട മുതലായ പ്ലാന്റേഷൻ വളരെ എളുപ്പത്തിൽ വച്ചുപിടിപ്പിക്കാവുന്ന ഒരു കൃഷിയല്ല. മലയോടും മലമ്പനിയോടും മല്ലിട്ടുകൊണ്ടു് വച്ചുപിടിപ്പിച്ചിട്ടുള്ള ഇത്തരത്തിലുള്ള പ്ലാന്റേഷൻ നമ്മുടെ രാജ്യത്തുണ്ടു്. ചില ആളുകൾ മതിൽക്കെട്ടുകൾ ഉണ്ടാക്കി അതിനകത്തു് ശാസ്ത്രീയമായ രീതിയിൽ സ്ഥായിയായ തരത്തിൽ ഇത്തരത്തിലുള്ള തോട്ടങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ഈ തരത്തിലുള്ള തോട്ടങ്ങളിൽ നിന്നു 15 ഏക്കർ കഴിച്ചു് ബാക്കിയുള്ളതു് വിട്ടുകൊടുക്കണമെന്നു പറയുകയാണെങ്കിൽ അങ്ങനെ കൃഷി നടത്തിയവരുടെ നില എന്തായിരിക്കും എന്നു് ഒന്നാലോചിച്ചുനോക്കേണ്ടതാണു്. ഇങ്ങനെയുള്ള തോട്ടങ്ങളെ പരിധിയിൽനിന്നു ഒഴിവാക്കിയില്ലെങ്കിൽ ഈ നാട്ടിലെ സാമ്പത്തിക ഭദ്രത തന്നെ തകർന്നുപോകുന്നതാണു്. ഈ തരത്തിൽ 50 ഏക്കർ ഭൂമി കൃഷി ചെയ്യുന്നതായി എനിക്കുതന്നെയുണ്ടെന്നു വിചാരിക്കുക. പരിധി നിശ്ചയിച്ചിരിക്കുന്ന 15 ഏക്കർ കഴിച്ചു് ബാക്കിയുള്ള ഭൂമി വിട്ടുകൊടുക്കണം എന്നു പറഞ്ഞാൽ 15 ഏക്കറിലുള്ള വൃക്ഷങ്ങൾ ഒഴികെ മറ്റുള്ള വൃക്ഷങ്ങളെല്ലാം വെട്ടിമുറിച്ചിട്ടായിരിക്കും കൊടുക്കുന്നതു്. മണ്ണിനോടു മല്ലിട്ടു് കൃഷി ചെയ്യുന്ന ആരുടേയും മനസ്ഥിതി അതായിരിക്കും. മണ്ണിനോടു മല്ലിട്ടു് കൃഷി ചെയ്തുണ്ടാക്കിയിട്ടുള്ള അനുഭവങ്ങൾ ഉൾപ്പെടെ ഭൂമി മറ്റൊരുത്തനു കൊടുക്കണമെന്നു പറഞ്ഞാൽ അതായിരിക്കും അവന്റെ മനസ്ഥിതി. അവൻ ചോര വെള്ളമാക്കി കൃഷി ചെയ്തുണ്ടാക്കിയിട്ടുള്ള സ്ഥലം വേറൊരാൾക്കു് കൊടുക്കുവാൻ സമ്മതിക്കുകയില്ല. പരിധിക്കു പുറത്തുള്ള ഭൂമി കിട്ടുകയാണെങ്കിൽ വെറും തരിശായിട്ടുള്ള സ്ഥലങ്ങളല്ലാതെ കിട്ടുകയില്ല. ഇസ്ലാം മതപ്രകാരം തന്നെ കൃഷി ചെയ്യാതെ തരിശായിട്ടു ഒരു നിശ്ചിതകാലത്തിനപ്പുറം ഇടുന്ന ഭൂമി സർക്കാരിലേക്കു് എടുക്കുമെന്നു പറയുന്നുണ്ടു്.

ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്തു് നാം ഓമനിച്ചുവളർത്തിക്കൊണ്ടു വരുന്ന തെങ്ങിൻ തോട്ടങ്ങളും കവുങ്ങിൻ തോട്ടങ്ങളും പതിനഞ്ചേക്കർ കഴിച്ചു ബാക്കിയുള്ളതു കൊടുക്കണമെന്നു പറയുമ്പോൾ ഞാൻ അതിനു തയാറുണ്ടാകുകയില്ല. ആ മരം വെട്ടിമുറിക്കുകയായിരിക്കും ഞാൻ ആദ്യമായി ചെയ്യുന്നതു്. വെട്ടിമുറിച്ചു് അതിൽനിന്നും കിട്ടുന്ന ആദായമെങ്കിലും എടുക്കാനുള്ള ഒരു പ്രവണതയായിരിക്കും എനിക്കു് സ്വാഭാവികമായും ഉണ്ടാകുന്നതു്. എന്റെ ഭൂമി എടുത്തു മറ്റൊരാൾക്കു് കൊടുത്തശേഷം അവിടെ വരുന്നയാൾ കൃഷി ചെയ്യാനുള്ള ഒരു പരിതഃസ്ഥിതി അവിടെ സംജാതമാകുമോ ഇല്ലയോ എന്നുള്ള കാര്യംകൂടി ചിന്തിക്കേണ്ടതാണു്. ഇങ്ങനെയാണെങ്കിൽ സാധ്യമല്ലെന്നേ പറയുന്നുള്ളു.

ശ്രീ. ഇടിക്കുള : അങ്ങനെ ചെയ്യാതിരിക്കുന്നതിനുവേണ്ടിയാണു് പ്രത്യേകം അധികാരം ഇപ്പോൾ പോലീസ് ഇൻസ്പെക്ടർമാർക്കു് കൊടുത്തിരിക്കുന്നതെന്നറിയാമോ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വച്ചു പ്രസ്താവിക്കുകയുണ്ടായി, ഈ ബിൽ പാസായാൽതന്നെയും ഈ ബില്ലിൽ ഉൾക്കൊള്ളിച്ച അടിസ്ഥാനത്തിൽ വളരെയധികം ആളുകൾക്കു് ഭൂമി കിട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി]

ഉണ്ടാകുകയില്ലെന്നു്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറഞ്ഞപ്പോൾ പിന്നെ എന്തിനാണു് ഇത്തരം വകുപ്പുകൾ ഇനിയും ഇതിൽ കുത്തിച്ചെലുത്തുന്നതു എന്നു ഞാൻ ചോദിക്കുകയാണു്. എന്റെ ഭേദഗതി കാഷ്യൂ പ്ലാന്റേഷൻ ഇതിൽനിന്നു് ഒഴിവാക്കണമെന്നുള്ളതാണു്. ഈ നാട്ടിലെ ഒരു ലക്ഷം തൊഴിലാളികൾ കശുവണ്ടിവ്യവസായത്തിലുൾപ്പെട്ടിട്ടുണ്ടു്. നമ്മുടെ നാട്ടിൽ ആണ്ടുതോറും ആണ്ടുമുഴുവനും അവർക്കു് തൊഴിൽ കൊടുക്കാനുള്ള സാഹചര്യങ്ങൾ ഇവിടെയുണ്ടോ? കശുവണ്ടിയെ ആശ്രയിച്ചാണു് അവർ ജീവിക്കുന്നതു്. കൊല്ലത്തിൽ മൂന്നുമാസം മാത്രമാണു് അവർക്കു് തൊഴിലുള്ളതു്. ഇന്നു് ബോംബെയിലെ ആലായിമാരാണു് കശുവണ്ടിവ്യവസായം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു്. നമ്മുടെ കേരളത്തിലേക്കാവശ്യമുള്ള കശുവണ്ടിമുഴുവനും ഇവിടെ ഉണ്ടാകാതെ കൊല്ലത്തിൽ മുഴുവൻ തൊഴിലാളികൾക്കു് ജോലി കൊടുക്കാൻ സാധിക്കുകയില്ല. കശുവണ്ടി ഇവിടെ കൊണ്ടുവരുന്നതു് ബോംബെയിലെ ആലായിമാരാണെന്നു ഞാൻ പറഞ്ഞുവല്ലോ. കേരളത്തിലെ കശുവണ്ടിവിത്തു കൊണ്ടുപോയി ഫാമിംഗ് നടത്തുന്ന ഏർപ്പാടു് അവിടെയുണ്ടു്. നമ്മുടെ നാട്ടിൽ ഈ കൃഷി നടത്തണമെന്നാണു് ഞാൻ പറയുന്നതു്. റാമെറ്റീരിയൽസ് ഇവിടെയുണ്ടാക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. ബെറ്റർഫാമിംഗ് ഭൂമികളെ ഈ ബില്ലിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിട്ടുണ്ടു്. നല്ല ഒരു കാൽവെയ്പ്പാണതു്. പക്ഷെ അതേ അവസരത്തിൽതന്നെ ബെറ്റർ ഫാമിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു് ആവശ്യമായഭൂമി എന്തുകൊണ്ടു് ഒഴിവാക്കുന്നില്ല എന്നു ഞാൻ ചോദിക്കുകയാണു്. നമ്മുടെ ആളുകൾ ബെറ്റർ ഫാമിംഗ് നടത്തണമെന്നു് പ്രസ്താവിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിതന്നെയും കള്ളുഷാപ്പുകളെ പരസ്പരസഹായസംഘടനയിൽകൂടി സംഘടിപ്പിച്ചു് വളർത്തണമെന്നു് പ്രസ്താവിച്ചുകൊണ്ടിരിക്കുമ്പോഴും കോവാപ്പറേറ്റീവ് ഫാമിംഗിന്റെ ആവശ്യത്തിനു ഭൂമി ഈ ബില്ലിൽ ഉൾപ്പെടുത്താത്തതു് എന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. സഹകരണകൂട്ടുകൃഷിയെ പരാമർശിച്ചു് മഹാത്മജി 1942 ഫെബ്രുവരി 15-ാം തീയതി എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഞാൻ വായിക്കാം. "നാം സഹകരണകൂട്ടുകൃഷി സ്വീകരിക്കുന്നതുവരെ കൃഷിയുടെ മുഴുവൻ ഗുണങ്ങളും നമുക്കു് ലഭ്യമാകുകയില്ലെന്നു് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. ഭൂമിയെ ഇനിയും നൂറു തുണ്ടുകളായി വിഭജിക്കുന്നതിനെക്കാൾ ഒരു ഗ്രാമത്തിലെ നൂറു കുടുംബങ്ങൾ ഒന്നായി അവരുടെ ഭൂമി കൃഷിചെയ്യുന്നതും അവരുടെ ആദായം പങ്കിട്ടെടുക്കുന്നതും കൂടുതൽ നല്ലതാണു് എന്നുള്ളതു് യുക്തിക്കു് ചേരുന്നതല്ലേ? ഉടമകൾ സഹകരിച്ചു ജോലി ചെയ്യുകയും മൂലധനം കൃഷിയും ആയുധങ്ങളും കന്നുകാലികളും വിത്തും, സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഉടമയിൽ വയ്ക്കുകയും ചെയ്യേണ്ടതാണു്. കൂട്ടുകൃഷിയുടെ കാഴ്ചപ്പാടിൽ അങ്ങനെ മാററം വരുത്തുകയും കർഷകരുടെ ഇടയിൽനിന്നു് ദാരിദ്ര്യത്തെയും ആലസ്യത്തേയും ഉച്ചാടനം ചെയ്കയും ചെയ്തു ജനങ്ങൾതമ്മിൽ ഉററ സ്നേഹം പുലർത്തുകയും ഒരേ കുടുംബാംഗങ്ങളായിട്ടു വർത്തിക്കുകയും ചെയ്താൽ മാത്രമേ ഇതൊക്കെ സാധിക്കുകയുള്ളൂ." ഈ വരികൾ ഞാൻ വായിച്ചതു് കോവാപ്പറേറ്റീവ് ഫാമിംഗിനു് പ്രത്യേകം പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു് വ്യക്തമാക്കാനാണു്. അതുകൊണ്ടു് കോവാപ്പറേറ്റീവ് ഫാമിംഗിനു ആവശ്യമായഭൂമി ഇതിന്റെ പരിധിയിൽനിന്നു് ഒഴിവാക്കണമെന്നു് ഞാൻ പ്രത്യേകം ഊന്നിപ്പറയുകയാണു്. സർ, റബ്ബർ തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം ഏതാനുംഭാഗം ഒഴിവാക്കിയിട്ടുണ്ടു്. വാസ്തവത്തിൽ 30 ഏക്കർ കൈവശമുള്ള ഒരാളിനു് യാതൊരു പ്രയാസവുമുണ്ടാകാൻപാടില്ല എന്നാണു് പറയുന്നതു്. അയാൾക്കു് ജീവിക്കാൻ റബ്ബർതോട്ടംമാത്രംപോരാ. അതിനെ സംബന്ധിച്ചു് വളരെയധികം ഞാൻ പറയുന്നില്ല. ഒരുദാഹരണം പറയാം. ഒരു ഫാമിലിയെന്നുതന്നെ പറയട്ടെ. ഒരു സ്ത്രീയെ കല്യാണം കഴിച്ചു് വിട്ടരത്തുനിന്നു് കൊണ്ടുവരുന്നു ആ സ്ത്രീക്കു് അവിടെ സ്വത്തുണ്ടു്. ഞങ്ങളുടെ സമുദായത്തിലൊക്കെ കല്യാണം കഴിച്ചു് ഞങ്ങളുടെ വീടുകളിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോരുകയാണ് പതിവ്. ഭർത്താവിന് സീലിംഗ് ഏരിയായിൽ കൂടുതൽ സ്വത്ത് ഇവിടെയുണ്ടെങ്കിൽ ആ സ്ത്രീ തന്റെ സ്വത്ത് അവിടെ വിട്ടുകൊടുക്കേണ്ടിവരുന്നു. അങ്ങിനെ വിട്ടുകൊടുക്കേണ്ട പരിതഃസ്ഥിതി വരികയാണെങ്കിൽ ഏററവും വളരെ ദോഷം ചെയ്യാനിടയുണ്ട്. ഞാൻ ഈ കാര്യങ്ങളെല്ലാം പറയുമ്പോൾ നെൽക്കൃഷി നടത്തുന്ന ഭൂമിയും തരിശു ഭൂമിയും നാം വിഭജിച്ചു കൊടുക്കുന്നതിന് ഒരു തടസ്സവുമില്ല. നേരെമറിച്ച് ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന കൃഷിത്തോട്ടങ്ങൾ തുണ്ടുതുണ്ടാക്കാൻ ഒരിക്കലും പാടില്ല. കാസർകോട്ടു ഭാഗത്ത് എല്ലാംതന്നെ കമുകിൻകൃഷി വളരെ ശാസ്ത്രീയമായ രീതിയിൽ നടത്തുകയും അവയെല്ലാം കായും പൂവുമായിട്ട് നിൽക്കുകയും ചെയ്യുന്നുണ്ട്. അതെല്ലാം തുണ്ടുതുണ്ടാക്കുകയാണെങ്കിൽ വളരെ ദോഷമാണ്. ഈവക കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ ഭാഗത്തുനിന്നു പറയുന്നത് ചിലതെല്ലാം സ്വീകരിക്കണമെന്ന് ഞാൻ ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: 936, 946, 960, 967 എന്നീ നമ്പർ അമെൻഡ്മെൻറുകളാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ എന്റെ ആദ്യത്തെ അമെൻഡ്മെൻറ് ക്ലാസ് 55 (1) 'ഇ' യിൽ "After the words 'occupied by' add the words "or necessary for"" എന്നുള്ളതിനെ സംബന്ധിച്ച് പലരും ഇവിടെ സംസാരിച്ചിട്ടുള്ളതാണ്. 'occupied by' എന്നുമാത്രം പറഞ്ഞാൽ വളരെ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് house sites, that is to say, sites occupied by, or necessary for owners dwelling houses, tanks wells etc., എന്നുപറഞ്ഞാൽ ഇപ്പോൾ ഈ വകുപ്പിൽ ഉദ്ദേശിക്കുന്ന കാര്യത്തെ ബാധിക്കാത്ത വളരെ വേറെ കാര്യങ്ങൾ അത്യാവശ്യപ്പെട്ടവകൂടി ഉൾപ്പെടുത്താൻ കഴിയും. കുടുംബത്തിൽപ്പെട്ട അംഗങ്ങൾക്കു കെട്ടിടങ്ങൾ വയ്ക്കുവാനുള്ള സൗകര്യം കൂടി ഉണ്ടാകത്തക്കവണ്ണം സൈററിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതാണ്. അടുത്തത് 946-ാം നമ്പർ ഭേദഗതിയാണ്. സമുദായത്തിന്റെ വകയായിട്ടുള്ള സ്വത്തുക്കൾ മുഴുക്കെ ചില ആളുകളുടെ കയ്യിൽ ഒതുങ്ങിവരുന്ന രീതിമാററിയിട്ട് ഒട്ടുംഭൂമിയില്ലാത്ത ആളുകളെയും ഭൂമിക്ക് അവകാശികളാക്കുക എന്ന തത്വമാണ് ഈ ബില്ലിൽ സ്വീകരിച്ചിട്ടുള്ളത്. ചാരിററബിൾ ഇൻസ്റ്റിററ്യൂഷൻ വകയായിട്ടുള്ളത് വ്യക്തികളുടെ വക സ്വത്തുപോലുള്ളതല്ല. അത് പൊതുക്കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാണ്. ഒരു വ്യക്തിയുടെ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാനുള്ളതല്ല. അങ്ങനെയുള്ള സ്വത്തുക്കൾകൂടി സീലിംഗിൽനിന്നും ഒഴിവാക്കിക്കൊടുത്താൽ വളരെയൊന്നും കുഴപ്പംവരാൻ പോകുന്നില്ല. അനാഥമന്ദിരങ്ങൾ മുതലായവയിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നത് സമുദായത്തിലെ നിസ്സഹായരായ അംഗങ്ങൾക്കാണ്. അനാഥശാലകളും മററും ഇന്നത്തെ സാമൂഹ്യഘടനയുടെ ഫലമായിട്ടുണ്ടാകുന്നതാണ്. ഈ സാമൂഹ്യവ്യവസ്ഥിതി മാറിയാൽ അനാഥശാലയുടെ ആവശ്യം തന്നെ വേണ്ടിവരികയില്ലെന്ന അഭിപ്രായഗതിയുള്ളവർ കാണും. അങ്ങനെയുള്ള ഒരു സാമൂഹ്യഘടന ഉണ്ടാകുന്നതുവരെ അനാഥമന്ദിരങ്ങളും നിലനിൽക്കണം. അശരണരായ ആളുകൾക്ക് ഇങ്ങനെയുള്ള ആനുകൂല്യങ്ങളൊക്കെ നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുവേണ്ടിയാണ് ഈ ക്ലാസ്സ് ഡിലീററു ചെയ്തു പകരം 55 (1) (g) lands owned or held by public, religious or charitable institutions എന്ന ക്ലാസ് ചേർക്കണമെന്ന് പറയുന്നത്.

അടുത്തത് 960-ാം നമ്പർ ഭേദഗതിയാണ്.

"In clause 55 (1) (j)

1. Delete the words "occupied by" occurring in the sub-clause, between the first word 'lands' and fourth word 'educational and

2. Substitute instead, the words 'belonging to.'

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

എന്നതാണ് ആ ഭേദഗതി. ഇതിലെ സബ്ക്ലാസ് (ജെ)-യിൽ—"lands occupied by educational institutions including lands necessary for the convenient use of the institutions and play grounds attached to such institutions." എന്നൊക്കെ പറയുന്നുണ്ട്. അതു് ഇവിടെ ചേർത്തിടത്തോളം ശരിയാണ്. പക്ഷെ അതുകൊണ്ട് എല്ലാം ആകയില്ല. ഇന്നു പല വിദ്യാഭ്യാസസ്ഥാപനങ്ങളിലും അതാതു സ്ഥാപനങ്ങളുടെ വകയായി ഭൂസ്വത്തുണ്ട്. അതിന്റെ ആദായം അവശരായ ആളുകൾക്ക് വേണ്ടിയാണ് ചെലവു ചെയ്യുന്നതു്. ഉദാഹരണത്തിനു് പല സ്ഥാപനങ്ങളും സ്കോളർഷിപ്പു കൊടുക്കുന്നുണ്ട്. അതു് വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും മററും വാങ്ങുന്നതിനും ഫീസ് കൊടുക്കുന്നതിനും മററുമായി ഉപയോഗിക്കുന്നു.

ഇങ്ങനെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അവശതയനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ സഹായത്തിനുവേണ്ടി വിനിയോഗിക്കുന്ന ഒരു ആദായമാർഗ്ഗം നഷ്ടപ്പെടുത്തുന്നതു് ഒരു സമൂഹത്തോടു് ചെയ്യുന്ന ദ്രോഹമായിരിക്കും. അതുകൊണ്ടു് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പേരിലുള്ള വസ്തുക്കൾ സാധുക്കളായ വിദ്യാർത്ഥികൾക്കു് ഉപകാരപ്രദമായി അതിന്റെ ഗുണം ലഭിക്കുന്നുണ്ടെങ്കിൽ അതു എടുത്തുകളയരുതു്. ആ ആനുകൂല്യം അവർക്കു തുടർന്നു ലഭിക്കണം. ആ നിലയ്ക്കു ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

പിന്നത്തെ ഭേദഗതി ഇതാണ്.

In clause 55—(1)—

Add four new sub-clauses (1), (m), (n) & (o) after sub-clause 55 (1) (1), as follows:—

(i) New sub-clause 55 (1) (1): "(1) lands comprising "plantation";

(ii) New sub-clauce 55 (1) (m): "(m) efficiently managed farms which consist of compact blocks whose break-up is likely to lead to fall in production";

(iii) New sub-clause 55 (1) (n): "(n) lands reclaimed from the Backwaters and utilised for paddy cultivation in the State and 'known variously as "punja" "Kayal" "Kari" "Kole Kaipad niloms": and

(iv) New sub cluase 55 (1) (o): "(o) lands belonging to public agricultural companies."

ഈ ഭേദഗതിയിൽ പറയുന്നതു്, കായൽ, കരി, പുഞ്ച, കോൾ മുതലായ നിലങ്ങളും ഒഴിവാക്കണമെന്നാണ്. എന്റെ ഉദ്ദേശം ഒന്നു മാത്രമാണ്: ഇന്നത്തെ ഈ നിയമം കൊണ്ടു് കാർഷികവിഭവങ്ങൾ വർദ്ധിപ്പിക്കണമെന്നും, ഉല്പാദനത്തിൽ യാതൊരു കുറവും സംഭവിക്കരുതെന്നുമാണ് നാം ഉദ്ദേശിക്കുന്നതു്. കാർഷികോല്പന്നങ്ങൾ ശരിയായി വർദ്ധിപ്പിക്കുന്നതിനുള്ള നിയമമാണുണ്ടാക്കേണ്ടതു്. കൃഷിവിഭവങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണിതിനുള്ളതു്. ഈ നിയമനിർമ്മാണത്തിന്റെ ആരംഭത്തോടുകൂടി തന്നെ, നമ്മുടെ നാട്ടിൽ, കാർഷികവിഭവങ്ങളുടെ ഉല്പാദനത്തെ സംബന്ധിച്ചിടത്തോളം ഒരു കുറവുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സഭയെ ഓർമ്മിപ്പിക്കുകയാണ്. പലരും കാര്യമായി കൃഷികാര്യത്തിൽ ശ്രദ്ധപതിപ്പിക്കാതെ, നമ്മുടെ നാട്ടിലെ ഭക്ഷ്യനില മോശമാകാനിടയുള്ള ഒരു സാഹചര്യംതന്നെ സംജാതമായിട്ടുണ്ട്; അതു് കാലാന്തരത്തിൽ മാറുന്നതാണെങ്കിലും അങ്ങനെ ഒരു നില ഇന്നിവിടെ വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ കാർഷികോല്പന്നങ്ങളുടെ വർദ്ധനവിനു് യോജിച്ച രീതിയിൽ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കേണ്ടതാണെന്നുള്ള കാര്യം ഞാൻ പ്രത്യേകം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്. അതുകൂടാതെ, നമ്മുടെ വ്യാവസായികമായ വികസനത്തിനു സഹായകമായ രീതിയിൽ തീർച്ചയായും ഇതിന് ഏററവും മുൻഗണന നൽകേണ്ടതുമാണ്. നമ്മുടെ നാട്ടിൽ പ്ലാന്റേഷനിൽ ഏററവും വലിയ വികസനസാദ്ധ്യതയുള്ളത് റബ്ബറിനാണ്. പ്ലാനിംഗ് കമ്മീഷന്റെ കണക്കനുസരിച്ച്, ഈ നാട്ടിലെ റബ്ബർപ്ലാന്റേഷന്റെ സ്വാഭാവികമായ വളർച്ച അനുസരിച്ച് 1970-ഓടുകൂടി നാം ഉദ്ദേശിക്കുന്ന ടാർജററിൽ എത്തിയാൽ ഏററവും വൻപിച്ച രീതിയിലുള്ള വ്യവസായത്തിന് സാദ്ധ്യതയുണ്ട്. റബ്ബർ വ്യവസായത്തിന് ഏററവും കൂടുതൽ സാദ്ധ്യത കേരളത്തിലാണുള്ളത്. ഇവിടെ റബ്ബർ പ്ലാന്റേഷൻ ഇനിയും വികസിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇന്ന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നോക്കിയാൽ, റബ്ബർ പ്ലാന്റേഷനു തൊട്ടുകിടക്കുന്ന സ്ഥലങ്ങൾ പ്ലാന്റേഷൻ വികസിപ്പിക്കുന്നതിനു പാടില്ലെന്നരീതിയിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണെന്നു കാണാം. അതു ശരിയല്ല. പ്ലാന്റേഷൻ വികസനപ്രവർത്തനംകൊണ്ടേ റബ്ബർ ഉല്പാദനം വർദ്ധിക്കുകയുള്ളു; റബ്ബറുല്പാദനം വർദ്ധിച്ചാൽമാത്രമേ വിജയകരമായി വ്യവസായങ്ങൾ നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാകുകയുള്ളു. തീർച്ചയായും. ഭൂമിയില്ലാത്തവർക്ക് കൃഷിഭൂമി വിതരണംചെയ്യുന്നതിനേക്കാൾ, വളരെ വിജയകരമായി റബ്ബർപ്ലാന്റേഷൻമൂലം വ്യവസായികമായ അഭിവൃദ്ധി ഈ നാട്ടിൽ കൈവരുത്താൻ സാധിക്കും. അങ്ങനെ വ്യവസായികമായി നാട്ടിനു അഭിവൃദ്ധി ഉണ്ടാകുന്നതുമൂലം നാട്ടിൽ കൂടുതൽ ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകുമെന്നുള്ളതും ഒരു വസ്തുതയാണ്. ഉദാഹരണമായി, ഭൂമിയില്ലാത്ത ഒരുത്തനു 5 ഏക്കറോ, 10 ഏക്കറോ ഭൂമി കൊടുക്കുന്നു എന്നു വിചാരിക്കുക. കൃഷി നടത്തുന്നതിനുള്ള ശരിയായ സാങ്കേതിക പരിജ്ഞാനമില്ലാതെയും, തക്കസമയത്തു ആവശ്യമായ അദ്ധ്വാനവും. പണച്ചെലവും ചെയ്യാനുള്ള പ്രാപ്തിക്കുറവും മററും മിക്കവാറും അയാളെ പരാജയത്തിലേക്കു നയിക്കുകയായിരിക്കും ചെയ്യുന്നതു. കൃഷിയിൽ ഉണ്ടാകുന്ന വിജയവും പരാജയവും നേരിട്ടുകൊണ്ട് അതു തുടർന്നുകൊണ്ടുപോകുന്നതിനുള്ള ഒരു തന്റേടം മിക്കവാറും ആളുകൾക്ക് കാണാറില്ല. ഇടയ്ക്കു നിവൃത്തിയുണ്ടെങ്കിൽ കിട്ടിയ ഭൂമി വല്ലവരെയും ഏല്പിച്ചിട്ടു മററുപണി നോക്കിയെന്നുവരാം, ചിലർ വിററു കാശാക്കിയെന്നുംവരാം. നേരേമറിച്ചു നല്ല വ്യവസായം നടത്തിയാൽ, അതിൽ ഏതെങ്കിലും ഒരു ജോലിയിൽ ഒരു സ്ഥാനംകിട്ടിയാൽ തീർച്ചയായും, ഇല്ലായ്മയിൽ കിടന്നു വലയുന്ന ആളുകൾക്കു അവരുടെ ജീവിതകാലം ഒരു വിധം കഴിച്ചുകൂട്ടാൻ അവസരം കിട്ടിയെന്നു ആശ്വസിക്കാവുന്നതാണ്. നാം ഉദ്ദേശിക്കുന്ന രീതിയിൽ റബ്ബർ പ്ലാന്റേഷൻ വികസിപ്പിക്കുകയാണെങ്കിൽ 1970 ആകുമ്പോഴേക്കും ഇന്നത്തെ ഉല്പാദനത്തിന്റെ മൂന്നിരട്ടി റബ്ബർ ഇവിടെ ഉല്പാദിപ്പിക്കാൻ സാധിക്കുകയും, ഏററവും വലിയ ഘനവ്യവസായംതന്നെ സംഘടിപ്പിക്കുന്നതിനുള്ള അവസരം നമുക്കു സിദ്ധിക്കുകയും ചെയ്യും. അതിനു സൗകര്യം ലഭിച്ചാൽ, മൂന്നുലക്ഷത്തോളം ആളുകൾക്കു തൊഴിൽ കിട്ടാനും, മൂന്നുലക്ഷം കുടുംബങ്ങൾക്കു സുഖമായി ജീവിക്കാനുമുള്ള സാദ്ധ്യതയാണ് ആ വ്യവസായംമൂലം സംജാതമാകുന്നതു. ഭൂമി വിതരണംചെയ്താൽ കൃഷിക്കാർക്ക് നേരിടുന്ന ജയാപജയങ്ങൾ വ്യവസായസംബന്ധമായി ഉണ്ടാകുകയില്ല. ഭൂവിതരണകാര്യത്തിൽ ഞാൻ എതിർത്തു പറയുകയല്ല. നേരേമറിച്ചു വ്യവസായത്തെ സംരക്ഷിക്കുന്നതിനായി, പ്ലാന്റേഷൻ വികസിപ്പിക്കുകയാണെങ്കിൽ, തീർച്ചയായിട്ടും ഈ രാജ്യത്തെ സമ്പത്തിനും ഐശ്വര്യത്തിനും മാററമുണ്ടാകും. ഈ അടിസ്ഥാനത്തിലാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു.

"(n) Lands reclaimed from the Backwards and utilised for paddy cultivation in the State and known variously as "Punja" "Kayal" "Kari" "Kole" and "Kaipad nilams":

എന്നൊരു പുതിയ സബ്ക്ലാസുകൂടി ചേർക്കണം. പുഞ്ച, കായൽ. കരി, കോൾ. നിലങ്ങൾകൂടി ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാണ് എനിക്കു പറയാനുള്ളതു. അതിനെപ്പററി പലരും ഇവിടെ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

ട്ടുണ്ട്. ഈ വക നിലങ്ങൾ ചെറിയ ചെറിയ തുണ്ടുകളായി തിരിച്ചാൽ അവയുടെ പ്രയോജനം ഇല്ലാതാകും. ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഈ കാര്യത്തിൽ ഒരു മാർജിനൽ അഡ്ജസ്റ്റ്മെന്റ് ആവശ്യമാണ്. കുട്ടനാടൻ കായൽനിലങ്ങളുടെ കാര്യം ഇവിടെ പറഞ്ഞു. കുട്ടനാട്ടെ കായൽകൃഷിയുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ, കായൽ കൃഷിയോഗ്യമാക്കിത്തീർക്കുന്നതിനുള്ള അദ്ധ്വാനവും പണച്ചെലവും ബുദ്ധിമുട്ടും വളരെയധികമാണെന്നു മനസ്സിലാകും. ഇങ്ങനെ വളരെ അദ്ധ്വാനഫലമായും, പണച്ചെലവുചെയ്തും റിക്ലെയിം ചെയ്യപ്പെടുന്ന ഭൂമിയുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. കുട്ടനാട്ടെ ഭൂമി റിക്ലെയിം ചെയ്തിട്ടുള്ളവരുടെ ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. പലരും ഇന്നു മീൻപിടിത്തക്കാരായും, ദരിദ്രനാരായണന്മാരായും കഴിഞ്ഞുകൂടുകയാണ്. ഇപ്പോൾ ഇത്തരം കായൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന മഹാകുബേരന്മാരുടെ കഥയും വലിയ ആശാസ്യമാണെന്നു പറഞ്ഞുകൂടാ. ആദ്യം ഒന്നുരണ്ടുതവണ വിജയത്തിൽ കൃഷി നന്നായിട്ടുണ്ടെങ്കിൽ, അതിനുശേഷം പരാജയപ്പെട്ടിട്ടുണ്ടായിരിക്കും. മൊത്തത്തിൽ അവരുടെസ്ഥിതിയും മോശമാണെന്നുവേണം കരുതാൻ. ഈ കൂട്ടരുടെ പാരമ്പര്യം നോക്കുകയാണെങ്കിൽ ഒരു രണ്ടുമൂന്നു തലമുറയായി ആരുംതന്നെ പൂർണ്ണമായി വിജയിച്ചിട്ടില്ല. ഒന്നുരണ്ടു കൃഷിപ്പിഴ വരുമ്പോഴേക്കും എല്ലാം അന്യാധീനപ്പെടുന്ന ഒരവസ്ഥയായിരിക്കും വന്നുചേരുന്നതു്. അവസാനം കൈമുതൽ മാത്രം അവശേഷിക്കുകയാണ്. അതുകൊണ്ടു് കുട്ടനാടൻ പ്രദേശങ്ങൾ, റിക്ലെയിം ചെയ്യപ്പെടുന്ന സ്ഥലങ്ങൾകൂടി ഇതിന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണ്. വളരെയധികം പണച്ചെലവും, ബുദ്ധിമുട്ടും, ത്യാഗവും, ധൈര്യംതന്നെയുമില്ലാതെ ഈ കൃഷിപ്പണിയിൽ ഏർപ്പെടാൻ സാധിക്കുകയില്ല. ഒരു മാർജിനൽ കേസായി കണക്കാക്കി എന്റെ 967-ാം നമ്പർ ഭേദഗതി സ്വീകരിക്കണമെന്നും, ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പററി ഒന്നുകൂടി ആലോചിച്ചു് ഒരു തീരുമാനം എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എം. ജോസഫ്: സർ, ഈ പക്ഷത്തുള്ളവർ അവതരിപ്പിച്ച പല ഭേദഗതികളെയും ഞാൻ അനുകൂലിക്കുന്നു. ഭൂപരിധിയിൽ നിന്നും ഒഴിവാക്കേണ്ട ഇനങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കായൽനിലങ്ങൾ കൂടി പരിധിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കായൽകൃഷി വളരെ എളുപ്പത്തിൽ നടത്താൻ സാധിക്കുകയില്ലെന്നു് അനുഭവത്തിൽനിന്നും മനസ്സിലാകുന്നതാണ്. അതു് തുണ്ടുതുണ്ടായി തിരിച്ചു് കൃഷി നടത്തുക എന്നതു് ഒരു തരത്തിലും പ്രായോഗികമല്ല; പ്രയോജനകരവുമല്ല. ശ്രീ. ചാഴിക്കാടൻ പറഞ്ഞതുപോലെ തുണ്ടുതുണ്ടായി കായൽകൃഷി നടത്താനാണെങ്കിൽ വളരെയധികം വരമ്പുകൾ ഉണ്ടാക്കേണ്ടിവരും. അതിനു വളരെ ചെലവും ബുദ്ധിമുട്ടുമുണ്ടാകും. തന്നെയുമല്ല; ഏതെങ്കിലും ഒരു വരമ്പിനു തകരാറു സംഭവിച്ചാൽ, അതുമൂലം മററുള്ള നിലങ്ങൾക്കും ഹാനി സംഭവിക്കും. വളരെയധികം പണച്ചെലവും ബദ്ധപ്പാടും, പ്രയത്നശക്തിയും വേണ്ട കായൽകൃഷി വളരെ കുറച്ചാളുകൾക്കു മാത്രമേ നടത്താൻ സാധിക്കൂ. അങ്ങനെ പണം ചെലവാക്കി കൃഷി നടത്താൻ മുമ്പോട്ടു വന്നിരിക്കുന്നവരെ നാം പ്രോത്സാഹിപ്പിക്കുകയാണു വേണ്ടതു്. അതിനു പര്യാപ്തമായ നിയമമായിരിക്കണം ഉണ്ടാക്കേണ്ടതു്. എന്റെ അഭിപ്രായം, കായൽകൃഷി നടത്തുന്നവരെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ രീതിയിൽ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്നാണ്. അതുകൊണ്ടു് കായൽനിലം പരിധിയിൽനിന്നു ഒഴിവാക്കേണ്ടതാണ്. കുട്ടനാടൻപ്രദേശങ്ങളെപ്പോലെ റിക്ലെയിം ചെയ്തു കൃഷിയോഗ്യമാക്കിത്തീർക്കുന്ന പ്രത്യേക സ്ഥലങ്ങൾ ഈ വകുപ്പിൽനിന്നും ഒഴിവാക്കേണ്ടതാണ്. അങ്ങനെയുള്ള സ്ഥലങ്ങൾ തനിയെ ഉണ്ടാകുന്നതല്ല. വളരെയധികം പണച്ചെലവും, അദ്ധ്വാനവും, ബുദ്ധിമുട്ടും സഹിച്ചിട്ടാണ് ഇത്തരം സ്ഥലം ഉണ്ടാക്കുന്നതു്. തീർച്ചയായും അവ ഇതിന്റെ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെയൊരു കാര്യം എനിക്കു പറയാനുള്ളതു്, മതസ്ഥാപനങ്ങളുടെ സ്വത്തുക്കളെപ്പററിയാണു്. ഇവിടെ 55-ാം ക്ലാസ്സ് സബ്ക്ലാസ്സ് (1) ഇ-യിൽ സൈററ മാത്രമാണു് ഒഴിക്കപ്പെട്ടിട്ടുള്ളതു്. ഈ ക്ലാസ്സ് എടുത്തുകളഞ്ഞിട്ടു് മതസ്ഥാപനസ്വത്തുക്കളെ ഇതിൽനിന്നും ഒഴിവാക്കണമെന്നാണു് എന്റെ അഭിപ്രായം. അതിനെപ്പററിയും അതിന്റെ ആവശ്യകതയെപ്പററിയും പലരും ഇവിടെ പറഞ്ഞുകഴിഞ്ഞതാണു്; അതുകൊണ്ടു് കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

സർ, ഇനി ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളെപ്പററി പറയുവാൻ ആഗ്രഹിക്കുന്നു. പ്രൈവററ ഫാറസ്ററ ഇതിൽനിന്നും ഒഴിവാക്കുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. ആ വകുപ്പു് എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതി. കൃഷി ചെയ്യാൻ സ്ഥലമില്ലാതെ അനേകായിരം ആളുകൾ ഇന്നു വിഷമിക്കുകയാണെന്നു നമുക്കറിയാം. അങ്ങനെയുള്ളവക്കു് പ്രൈവററ ഫാറസ്ററകളിൽനിന്നു ഉടമസ്ഥനു് ഈ ബില്ലനുസരിച്ചു കൊടുക്കേണ്ട സ്ഥലങ്ങൾ നീക്കി ഉള്ളവ കൃഷിക്കായിട്ടു വിട്ടുകൊടുത്താൽ വളരെയധികം പേക്കു് കൃഷി ചെയ്യുന്നതിനു ഭൂമി കിട്ടും. അതു ചെയ്യാതെ, ഇതിൽനിന്നും പ്രൈവററ ഫാറസ്ററ ഒഴിവാക്കുന്നതു് എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഗവണ്മെന്റിനു് ഒരു വിധത്തിലും ആദായമുണ്ടാകുവാൻ പ്രൈവററ ഫാറസ്ററ ഒഴിവാക്കുന്നതിൽ നിന്നും സാധിക്കുന്നതല്ല. പ്രൈവററ ഫാറസ്ററ റിസർവ്വ് ഫാറസ്റ്റായി രൂപാന്തരപ്പെടുത്താൻ സാധിക്കുകയില്ല. പല പല ഭാഗമായിട്ടാണു് പ്രൈവററ ഫാറസ്ററ കിടക്കുന്നതു്. ഒന്നായിട്ടു് കിടന്നിരുന്നെങ്കിൽ, അതു റിസർവ്വ് ഫാറസ്റ്റായി രൂപാന്തരപ്പെടുത്താമായിരുന്നു. അങ്ങനെയല്ല അവയുടെ കിടപ്പു്. പത്തും പതിനായിരവും ഏക്കർവീതം പല സ്ഥലത്തായിട്ടാണു കിടക്കുന്നതു്. അതെല്ലാംകൂടി ഒരു ബ്ലാക്കായിട്ടു് എടുക്കാൻ സാധിക്കുകയില്ല. പ്രൈവററ ഫാറസ്ററ കൂടി സീലിംഗിന്റെ പരിധിയിൽപെടുത്തി മിച്ചമുള്ള ഭൂമി കൃഷിക്കാക്കു് വിലക്കു വീതിച്ചുകൊടുക്കണം. അങ്ങനെ ചെയ്താൽ വളരെയേറെ ആളുകൾക്കു പ്രയോജനമുണ്ടാകുന്നതാണു്. പ്രൈവററ ഫാറസ്ററു് ഇതിൽനിന്നും ഒഴിവാക്കുന്നതു ശരിയല്ലെന്നാണു് ഞാൻ പറയുന്നതു്.

പിന്നെ മറെറാരു ഭേദഗതി, ക്ലാസ് 55, സബ്സെക്ഷൻ 2 എടുത്തുകളയണമെന്നുള്ളതാണു്. അതിനെപ്പററിയും വിശദമായി ചില സ്നേഹിതന്മാർ പറഞ്ഞുകഴിഞ്ഞു. ഗസററ നോട്ടിഫിക്കേഷൻ മൂലം ഗവണ്മെന്റിനു് ഇനിയും ചില ഭൂമികൾ പരിധിയിൽ നിന്നും ഒഴിവാക്കാമെന്നാണു് പറയുന്നതു്. ഇങ്ങനെ നോട്ടിഫൈ ചെയ്യാനുള്ള അധികാരം ഗവണ്മെന്റിനു കൊടുക്കുന്നതു ശരിയല്ല. ഇതിന്റെ ഒരു ഡ്രാഫ്ററ നിയമസഭയിൽ അവതരിപ്പിച്ചു്, ഭേദഗതിയോടുകൂടിയോ, അല്ലാതെയോ അംഗീകരിക്കാമെന്നു പറയുന്നു. ഏതായാലും ഇങ്ങനെയൊരു അധികാരം ഗവണ്മെന്റിനു കൊടുത്താൽ പല സമ്മർദ്ദങ്ങളും ഉണ്ടാകാൻ ഇടയുണ്ടു്. അതുമൂലം ഗവണ്മെന്റു് ന്യായമായ വഴിവിട്ടു് സമ്മർദ്ദത്തിനു വശംവദമായി ചിലപ്പോൾ പ്രവത്തിക്കാനുള്ള ഒരു സാഹചര്യമായിരിക്കും വരുത്തിവയ്ക്കുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കാൻ ഈ സബ്ക്ലാസ് ഡീലിററ ചെയ്യുന്നതു നന്നായിരിക്കും. ഈ ക്ലാസ് നീക്കം ചെയ്യാതെ വന്നാൽ ഗവണ്മെന്റിന്റെമേൽ പലതരത്തിലുള്ള സമ്മർദ്ദങ്ങൾ ഉണ്ടാകുന്നതിനും, അതിനു വിധേയമായി ചിലപ്പോൾ നീതിരഹിതമായിപ്പോലും പ്രവത്തിക്കുന്നതിനും ഇടവരുമെന്നുള്ള കാര്യം ഒരിക്കൽകൂടി ഓമ്മിപ്പിക്കുകയാണു്. അതുകൊണ്ടു് 55-ാം ക്ലാസിലെ 2-ാം സബ്ക്ലാസ് എടുത്തുകളയണമെന്നു് അഭ്യത്ഥിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ 117-ാം, 118-ാം, 128-ാം (in consolidated list No. 2) ആണു്. അതിൽ 117-ാമത്തെ ഭേദഗതി പൊതു മതധർമ്മസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി പരിധിയിൽ നിന്നും ഒഴിവാക്കണമെന്നുള്ളതിലേയ്ക്കാണു്. ഈ ബിൽ ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

അവതരിപ്പിച്ച അവസരത്തിൽ മതസ്ഥാപനങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും വക ഭൂമികൾ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കയായിരുന്നു. പക്ഷേ, ഈ നിയമസഭയുടെ നാനാഭാഗത്തുനിന്നും മതസ്ഥാപനങ്ങളുടെയും ധർമ്മസ്ഥാപനങ്ങളുടെയും കീഴിലുള്ള കുടിയാന്മാർക്ക് ഉടമാവകാശം വാങ്ങാനുള്ള റൈറ്റ് കൊടുക്കണമെന്നു വാദിച്ചതിന്റെ അടിസ്ഥാനത്തിൽ നാം സ്വീകരിച്ചിട്ടുള്ള വകുപ്പുകളനുസരിച്ച് ഈ സ്ഥാപനങ്ങളുടെ കീഴിലുള്ള കുടിയാന്മാർക്ക് ഉടമാവകാശം വാങ്ങാനുള്ള റൈറ്റ് കൊടുത്തു കഴിഞ്ഞു. അങ്ങനെ കൊടുത്ത ശേഷവും ബാക്കി കുറച്ചു ഭൂമികൾ ഈ സ്ഥാപനങ്ങളുടെ കീഴിലുണ്ടാകാം. അങ്ങനെയുള്ള ഭൂമിയെ സംബന്ധിച്ച് പരിധി പാടില്ലെന്നാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്. കുടിയാന്മാരെ സംരക്ഷിക്കാനുള്ളതു് നാം സംരക്ഷിച്ചുകഴിഞ്ഞു. അതിൽ കവിഞ്ഞ് മതസ്ഥാനങ്ങളെയോ ധർമ്മസ്ഥാപനങ്ങളെയോ ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ടിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. ഈ ബില്ലിലെ വകുപ്പുകളനുസരിച്ചുതന്നെ മതസ്ഥാപനങ്ങളെയും ധർമ്മസ്ഥാപനങ്ങളെയും കുഴപ്പത്തിലാക്കരുതെന്നുള്ള വിചാരം കൊണ്ടാണ് മറ്റു സ്വകാര്യവ്യക്തികൾക്കു കൊടുക്കുന്നതിൽ വ്യത്യസ്തമായി പൂർണ്ണമായ കാമ്പൻസേഷൻ കൊടുക്കണമെന്നും അതു് എല്ലാ കൊല്ലവും 20-ൽ ഒന്നെന്ന് കണക്കാക്കിക്കൊടുക്കണമെന്നും തീരുമാനിച്ചിട്ടുള്ളതു്. അങ്ങനെ ചെയ്തതു് ഇവിടത്തെ ധർമ്മസ്ഥാപനങ്ങളും മതസ്ഥാപനങ്ങളും ഭംഗിയായി നടന്നുപോകണമെന്നുള്ള ഉദ്ദേശത്തിലാണ്. അതിലാർക്കും അഭിപ്രായവ്യത്യാസമില്ല. ഇന്നു നേരിട്ടു കൈവശം വച്ചനുഭവിക്കുന്ന ഭൂമികളെ പരിധിയിൽ നിന്നും ഒഴിവാക്കിയില്ലെങ്കിൽ പല ദേവസ്വങ്ങൾക്കും മതസ്ഥാപനങ്ങൾക്കും അവരുടെ ദൈനംദിനകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകും. വലിയ ദേവസ്വങ്ങളിലാണെങ്കിൽ അവരുടെ ഭൂമി മിക്കവാറും ടെനൻസിന്റെ കൈയിലായിരിക്കും. അവർക്ക് ധാരാളം ഭൂമിയുള്ളതുകൊണ്ട് 20-ൽ ഒന്ന് കിട്ടുന്നതുകൊണ്ടും കാര്യങ്ങൾ നടന്നേക്കും. ചെറിയ ചെറിയ ദേവസ്വങ്ങൾക്കും മതസ്ഥാപനങ്ങൾക്കും അങ്ങനെയുള്ള സൗകര്യങ്ങളുണ്ടാകുകയില്ല. അവരുടെ ദൈനംദിനകാര്യങ്ങൾ നടത്തണമെങ്കിൽ അവരുടെ കൈവശമിരിക്കുന്ന ഭൂമിയിൽ നിന്നുള്ള ആദായം കിട്ടണം. അതിനെ തടസപ്പെടുത്തണമെന്നു നാമാരും ആഗ്രഹിച്ചിട്ടില്ല. ആ നിലയിൽ ചെറിയ ചെറിയ ദേവസ്വങ്ങളും മതസ്ഥാപനങ്ങളും പുലർന്നുപോകണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അവരുടെ കൈവശമിരിക്കുന്ന ഭൂമിക്കു പരിധി നിശ്ചയിക്കുന്നതു് ശരിയായിരിക്കയില്ല. ഇന്ന് അത്തരം സ്ഥാപനങ്ങളിൽ വളരെയധികം ആളുകൾ ജോലി ചെയ്യുന്നുണ്ട്. അവരെയെല്ലാം പുലർത്താൻ വളരെ വിഷമം അനുഭവിക്കുന്ന എത്രയോ ക്ഷേത്രങ്ങളും ദേവാലയങ്ങളുമുണ്ട്. അതു സംബന്ധിച്ച് ഡെപ്യൂട്ടേഷൻപോലും ഗവണ്മെന്റിനെ സമീപിച്ചതായി എനിക്കറിയാം. അവർ പലരും സത്യാഗ്രഹം അനുഷ്ഠിക്കാൻപോലും തയാറുള്ളതായി അറിയുന്നു. അവരുടെ ജീവനക്കാരെ പുലർത്തുകയും ദൈനംദിന ചെലവുകൾ നടത്തുകയും ചെയ്യണമെന്നു വരുകിൽ ഇന്നു ആദായം കിട്ടിക്കൊണ്ടിരിക്കുന്ന കൈവശമുള്ള ഭൂമിയെയെങ്കിലും പരിധിയിൽ നിന്നും ഒഴിവാക്കിയേ മതിയാവൂ. ആ അടിസ്ഥാനത്തിലാണ് ഞാൻ ഈ ഭേദഗതി കൊടുത്തിട്ടുള്ളതു്. എന്റെ സുഹൃത്തുക്കൾ പലരും ഇതേ രൂപത്തിലല്ലെങ്കിലും ചില ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതിൽ 'ലാൻഡ്സ് ഓൺഡ് ഓർ ഹെൽഡ്'' എന്നു പറഞ്ഞിട്ടുള്ളതു മാറ്റി 'ഹെൽഡ്'' എന്നു മാത്രമേ ഞാൻ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളൂ. ഓൺഡ് എന്നു പറഞ്ഞാൽ കുടിയാന്മാർക്ക് ഭൂമി വാങ്ങാനുള്ള റൈറ്റ് നഷ്ടപ്പെടുമോ എന്ന് സംശയിക്കുന്നു. അവർക്കുള്ള അവകാശത്തെ നിഷേധിക്കാതെ ഓൺഡ് എന്നു ചേർക്കുന്നതിലും വിരോധമില്ല. അതുകൊണ്ട് ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

അടുത്ത 118-ാമത്തെ ഭേദഗതി കമ്മേഴ്സ്യൽ സൈറ്റ് എക്സെംപ്റ്റ് ചെയ്തിരിക്കുന്നതു് എടുത്തുകളയണമെന്നുള്ളതാണ്. ആ ഭേദഗതി കൊടുക്കാൻ കാരണം അവരെ ഒഴിവാക്കാൻ പാടില്ല എന്നല്ല, അതു് ഒന്നുകൂടി വ്യക്തമാക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനാണ്. കമ്മേഴ്സ്യൽ സൈററ എന്നു പറഞ്ഞു വിട്ടുകഴിഞ്ഞാൽ ചില കുഴപ്പങ്ങൾ ഉണ്ടാകുകയില്ലേ എന്നു ഞാൻ സംശയിക്കുകയാണ്. കമ്മേഴ്സ്യൽ പർപ്പസിനുള്ള കെട്ടിടങ്ങളെല്ലാം ഒഴ്വാക്കിയിട്ടുണ്ട്. കമ്മേഴ്സ്യൽ സൈററ എന്നതിനെ സംബന്ധിച്ച് ഒരു ഐഡിയാ ഇല്ലാതിരുന്നാൽ പലരും കമേഴ്സ്യൽ സൈററുണ്ടാക്കി ഈ നിയമത്തിന്റെ പിടിയിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ബിൽ വന്നശേഷവും അതിനു തൊട്ടടുത്തും ചില ആളുകൾ ഭൂമി കൈമാററം ചെയ്തിട്ടുണ്ട്. അങ്ങനെ കൈമാററം ചെയ്ത ആധാരത്തിൽ ഭൂമി മത്സ്യബന്ധനത്തിനു നൽകിയതാണെന്ന് എഴുതിവച്ചിരിക്കുന്നു. അങ്ങനെ പറയുന്നതു കമ്മേഴ്സ്യൽ പർപ്പസിനാണെന്നുള്ള ധാരണയിൽ എക്സംപ്ഷൻ കിട്ടുമോ എന്നു പരീക്ഷിക്കാനാണ്. കമ്മേഴ്സ്യൽ സൈററ എന്നു എഴുതിവച്ച് ദുർവ്യാഖ്യാനം ചെയ്യാൻ ഇടനൽകരുത്. അങ്ങനെ ദുർവ്യാഖ്യാനം ചെയ്തു നിയമത്തിൽ നിന്നും രക്ഷപ്പെടാനുള്ള സൗകര്യം അടക്കാൻ സാധിക്കുമെങ്കിൽ അതു കൂടി ചെയ്യണമെന്നു അപേക്ഷിക്കാൻ മാത്രമാണ് ഞാൻ ആ ഭേദഗതി അവതരിപ്പിച്ചതു്.

അടുത്തതായി പ്ലാന്റേഷൻ ഒഴിവാക്കണമെന്നു ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ അനുകൂലിക്കുന്നു. അതിനുള്ള ന്യായങ്ങൾ ഈ ഭാഗത്തു നിന്നും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ അതു വിസ്തരിച്ചു പറയാൻ ആഗ്രഹിക്കുന്നില്ല. പ്ലാന്റേഷൻ ഒഴിവാക്കണമെന്നു പറയുമ്പോൾ ഭൂസ്വാമികൾക്കുവേണ്ടി കോൺഗ്രസ്സുകാർ വാദിക്കുന്നു എന്ന് ജനയുഗത്തിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ ഇട്ടിരിക്കുന്നതായി ഞാൻ കാണുകയുണ്ടായി. അതു ശരിയാണെങ്കിൽ ഭൂസ്വാമിമാരുടെ കൂട്ടത്തിൽ ആ ഭാഗത്തിരിക്കുന്ന ഒരു മെമ്പറും ഉണ്ടെന്നു കാണുന്നതിൽ എനിക്കങ്ങേയററം സന്തോഷമുണ്ട്. ആ ഭാഗത്തുള്ള ശ്രീമതി റോസാമ്മ പുന്നൂസ് അങ്ങനെയൊരു ഭേദഗതി കൊടുത്തിട്ടുണ്ട്. അങ്ങനെ അവർ ഒരു ഭേദഗതി കൊടുത്തതുകൊണ്ടോ ഈ ഭാഗത്തുള്ളവർ ഭേദഗതികൾ കൊടുത്തിട്ടുള്ളതുകൊണ്ടോ ഇതിനെപ്പററി പര്യാലോചിക്കണമെന്നു ഞാൻ പറയുകയല്ല. അങ്ങനെ ഭേദഗതികൾ കൊടുത്തിട്ടുള്ളവർ ഭൂസ്വാമികൾക്കുവേണ്ടി വാദിക്കുകയാണെന്നു പറയുന്നതുകൊണ്ടു പ്രയോജനമില്ല. പ്ലാന്റേഷൻ ഒഴിവാക്കണമോ വേണ്ടയോ എന്ന് നിശ്ചയിക്കേണ്ടതു അതിന്റെ മെറിററിന്റെ അടിസ്ഥാനത്തിലാണ്. പ്ലാന്റേഷൻ ഒഴിവാക്കണമെന്നു അഭിപ്രായമുണ്ടെങ്കിൽ അതു പൂർണ്ണമായി ഒഴിവാക്കണം. ഗവണ്മെൻറു പ്ലാന്റേഷനെ ഒരു പ്രത്യേക ഇനമായി കണക്കാക്കുന്നുണ്ടെന്നും അതിനു വ്യത്യസ്തമായ പരിഗണന ആവശ്യമുണ്ടെന്നും ഈ ബില്ലിൽ സമ്മതിച്ചിരിക്കയാണ്. ഗവണ്മെൻറിനു ഈ ബില്ലിന്റെ പരിധിയിൽ വരുന്ന ഓരോ തരം ഭൂമിയെ സംബന്ധിച്ചും പ്രത്യേകമായ നയം ഉണ്ടെങ്കിൽ ആ നയം വളരെ വ്യക്തമാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. പ്ലാന്റേഷൻ മററു ഭൂമികളിൽ നിന്നും വ്യത്യസ്തമായി പരിഗണിക്കേണ്ടതിന്റെ അടിസ്ഥാനമെന്താണോ ആ അടിസ്ഥാനം ശരിയാകുന്നമെങ്കിൽ അതു പൂർണ്ണമായി ഒഴിവാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. അങ്ങനെ ഒഴിവാക്കിയെങ്കിലേ പ്ലാന്റേഷൻ കമ്പനികളിൽ ഓഹരിയുള്ള ആളുകൾക്കു പരിധിവരെ ഭൂമി കൈവശം വയ്ക്കാൻ അവകാശം കിട്ടുകയുള്ളു. ആ അവകാശം അവർക്കു എന്തുകൊണ്ടു നിഷേധിക്കണം? പ്ലാന്റേഷനെക്കാൾ കൂടുതൽ ആദായം കിട്ടുന്ന ഭൂമി കൈവശം വയ്ക്കാനുള്ള സൗകര്യം ഈ ബില്ലിൽ പലടത്തും നൽകുന്നുണ്ട്. ഇവിടെ കെട്ടിടങ്ങൾ ഒഴിവാക്കിയിട്ടുണ്ട്: കെട്ടിടങ്ങളിൽ നിന്നും കിട്ടുന്ന ആദായം പത്തുപതിനഞ്ചു ഏക്കറിൽ നിന്നും കിട്ടുന്നതിനെക്കാളും എന്തെങ്കിലും പ്ലാന്റേഷനിൽ നിന്നും കിട്ടുന്നതിനെക്കാളും പത്തും ഇരുപതും ഇരട്ടി ആയിരിക്കും. കെട്ടിടങ്ങൾമൂലം ആദായം എടുക്കാമെന്നു സമ്മതിച്ചിരിക്കെ എന്തുകൊണ്ടാണ് പ്ലാന്റേഷൻ മാത്രമുള്ള ആളുകൾക്കു ഭൂമി കൈവശം വയ്ക്കാൻ അനുവദിച്ചുകൂടെന്നു ഞാൻ ചോദിക്കുകയാണ്. മറെറാരു ബുദ്ധിമുട്ടും പ്ലാന്റേഷനെ സംബന്ധിച്ചുണ്ടാകുന്നുണ്ട്. ഈ നാട്ടിലെ പ്ലാന്റേഷൻ മിക്കവാറും കമ്പനികളാണ്. അതിൽ പലക്കും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഷെയർ ആണുള്ളത്. മററു ഭൂമി കുറെയെങ്കിലും കൈവശം വയ്ക്കാനുള്ള ആഗ്രഹം എല്ലാവർക്കും ഉണ്ടാകും. അങ്ങനെ പരിധിവരെ ഭൂമി കൈവശം വയ്ക്കാൻവേണ്ടി പ്ലാന്റേഷൻ വിഭജിക്കാൻ കഴിയുമോ? അതിനൊക്കുകയില്ലെങ്കിൽ ഷെയർ വില്ക്കണമോ? ഷെയർ വില്ക്കുകയാണെങ്കിൽ അതു ആരായിരിക്കും വാങ്ങുന്നത്. ഈ രാജ്യത്തെ പൗരന്മാർ ആയിരിക്കയില്ല. കാരണം അവർ വാങ്ങുകയാണെങ്കിൽ ഭൂമി കൈവശം വയ്ക്കാൻ സാധിക്കയില്ല. അപ്പോൾ ഷെയർ എല്ലാം സ്റ്റേററിനു വെളിയിലുള്ള ആളുകൾക്കു വില്ക്കേണ്ടി വരും. അങ്ങനെ കൃഷിഭൂമിക്കുവേണ്ടി പ്ലാന്റേഷനിൽ ഷെയർ ഉള്ളവരെല്ലാം വിററു പ്ലാന്റേഷൻ ഈ രാജ്യത്തെ ആളുകളുടെ പിടിയിൽ നിന്നും മററു സ്റ്റേററുകളിലെ ആളുകളുടെ കയ്യിലേക്കു പോകണമോ എന്നു ചിന്തിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിലും പ്ലാന്റേഷൻ പൂർണ്ണമായി ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വകുപ്പിലുള്ള മറെറാരു കാര്യത്തെപ്പററിയും രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രൈവററു ഫോറസ്റ്റ് എക്സംപ്ററു ചെയ്തതു സംബന്ധിച്ച് ഈ ഭാഗത്തുള്ള പലർക്കും ചില അഭിപ്രായവ്യത്യാസങ്ങളുള്ളതായി കാണാൻ കഴിഞ്ഞു. പ്രൈവററു ഫോറസ്റ്റ് എക്സംപ്ററു ചെയ്യണമെന്നു പറയുന്നത് അതു തുണ്ടുതുണ്ടായി വിഭജിച്ചുപോകരുതെന്നുള്ള അടിസ്ഥാനത്തിലാണ്. പ്രൈവററു ഫോറസ്ററു എക്സംപ്ററു ചെയ്യണമെന്നുതന്നെയാണ് ഈ ഭാഗത്തിരിക്കുന്ന ആളുകളുടെ അഭിപ്രായം. അതു എക്സംപ്ററു ചെയ്യേണ്ടതു ദേശീയമായ ഒരാവശ്യമാണ്. അതു വിഭജിച്ചുപോകാതെ ദേശീയസമ്പാദ്യമെന്ന നിലയിൽ സംരക്ഷിക്കണം. ഈ ബില്ലിൽ അതിനു വ്യവസ്ഥയില്ലെന്നു സമ്മതിക്കുന്നു. അതിനുള്ള വ്യവസ്ഥ കൊണ്ടുവന്ന് ഈ രാജ്യത്തുള്ള പ്രൈവററു ഫോറസ്ററുകളെല്ലാം നാഷണലൈസ് ചെയ്തു ഫോറസ്ററു നശിപ്പിക്കാൻ ഇടയാകാത്ത തരത്തിൽ ഇതിൽ നിന്നും എക്സംപ്ററു ചെയ്യണമെന്നു ആവശ്യപ്പെടുന്നു. ഈ ഗവണ്മെന്റു പ്രൈവററു ഫോറസ്ററു മാനേജു ചെയ്യാൻ ഒരു നിയമം ഉണ്ടാക്കി. അതു എത്രത്തോളം നടപ്പിലായി എന്നു എനിക്കറിഞ്ഞുകൂടാ. പ്രൈവററു ഫോറസ്റ്റ് ഗവണ്മെന്റു മാനേജു ചെയ്താൽ പോരാ. ഗവണ്മെന്റു ഏറെറടുത്ത് പബ്ലിക് ഫോറസ്ററു ആക്കിത്തീർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇന്നു ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോർജിന്റെ അഭിപ്രായം മാറി എന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഈ നിയമസഭയിൽ തന്നെ പ്രൈവററു ഫോറസററു ദേശസാല്ക്കരിക്കണമെന്നു അദ്ദേഹം പറഞ്ഞു. അങ്ങനെ ദേശസാല്ക്കരിക്കണമെന്നാണ് ഞാൻ പറയുന്നത്. ആ അടിസ്ഥാനത്തിൽ പ്രൈവററു ഫോറസ്ററു ഇതിൽ നിന്നും എക്സംപ്ററു ചെയ്യണമെന്നാണ് അഭിപ്രായപ്പെടുന്നത്. ഗവണ്മെന്റു നോട്ടിഫൈ ചെയ്തു ചില ഭൂമികളെ ഒഴിവാക്കാമെന്നു 55-2-ൽ പറയുന്നുണ്ട്. അങ്ങനെ ഒഴിവാക്കേണ്ട ഭൂമി ഈ രാജ്യത്തു ഒന്നുമില്ല. ഈ ബിൽ പാസായശേഷം ട്രൈബ്യൂണൽ ഓരോരുത്തർക്കും വയ്ക്കാവുന്ന ഭൂമി ഏതൊക്കെയാണെന്ന് തരംതിരിക്കുന്നതിനുമുമ്പ് ഇതു നോട്ടിഫൈ ചെയ്യുന്നില്ലെങ്കിൽ പ്രയോജനമില്ല. അപ്പോൾ ഒരു ഒന്നര കൊല്ലത്തിനുള്ളിൽ നോട്ടിഫിക്കേഷന്റെ ആവശ്യം വരും. അങ്ങനെ ഒന്നര കൊല്ലത്തിനകം ഒഴിവാക്കാനുള്ള ഭൂമി കണ്ടുപിടിക്കാൻ കഴിയുമോ? ഇതുവരെയും മന്ത്രിക്കോ മററാർക്കെങ്കിലുമോ അതു വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല. ഇനി അഥവാ എക്സംപ്ററു ചെയ്യണമെങ്കിൽ അതിനെന്താണു തടസ്സമുള്ളത്? ഈ ക്ലാസ്സു തന്നെ നിയമസഭയിൽ കൊണ്ടുവന്ന് ഭേദഗതി ചെയ്യാം. അങ്ങനെ നിയമസഭയിൽ കൊണ്ടുവരുമ്പോൾ അതിന്റെ ന്യായാന്യായങ്ങളെപ്പററി ഇവിടെ വാദപ്രതിവാദം നടത്താനും തീരുമാനമെടുക്കാനും കഴിയും. ഭേദഗതി വേണമെങ്കിൽ സ്വീകരിക്കുകയോ വേണ്ടെന്നു വയ്ക്കുകയോ ചെയ്യാം. ഗവണ്മെന്റു നോട്ടിഫിക്കേഷനെന്നു പറഞ്ഞാൽ നിയമസഭയുടെ അഭിപ്രായത്തിനെതിരായി നോട്ടിഫൈ ചെയ്യാനുള്ള അവകാശമുണ്ടല്ലോ. അങ്ങനെ നോട്ടിഫൈ ചെയ്യുന്നത് ഈ വകുപ്പിനുതന്നെ എതിരാണ്. നിയമം ഉണ്ടാകുമ്പോൾ തന്നെ ആ വക കാര്യങ്ങൾ നിശ്ചയിക്കേണ്ടതാണ്. അല്ലാതെ ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെൻറിന്റെ അധികാരം ഉപയോഗിച്ച് ഈവക കാര്യങ്ങൾ നിശ്ചയിക്കുന്നതു അപകടമാണ്. അതുകൊണ്ട് രണ്ടാമത്തേയും മൂന്നാമത്തേയും ഉപവകുപ്പ് എടുത്തുകളയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്.

[Mr. Speaker in the Chair]

ഇവിടെ കായൽനിലത്തെപ്പററി പറഞ്ഞു. ഈ ഭാഗത്തിരിക്കുന്ന ആളുകൾ കായൽനിലം ഒഴിവാക്കണമെന്നു വീറോടുകൂടി വാദിക്കുന്നതു് കായൽനിലങ്ങളുള്ള ആളുകളെ സംരക്ഷിക്കാൻ വേണ്ടിയല്ലെന്നു മനസ്സിലാക്കേണ്ടതാണ്. കായൽകൃഷി ബുദ്ധിമുട്ടുള്ളതാണെന്നു് ആ ഭാഗത്തിരിക്കുന്നവരും സമ്മതിക്കുന്നുണ്ട്. കോവാപ്പറേററീവ് ഫാമിങ്ങ് ആകാമെന്നു് ആരെങ്കിലും പറയുന്നെങ്കിൽ ആ വഴിയിൽകൂടി പരിശ്രമം നടത്തുന്നതിനു ആരും തടസ്സമല്ല. ശ്രീ. പൊന്നറ ശ്രീധർ പറഞ്ഞതുപോലെ ഒരു ഗാംബ്ലിങ്ങ് ആയ കായൽകൃഷിയിൽ കോവാപ്പറേററീവ് സൊസൈററികൾ ഏർപ്പെട്ടാൽ സൊസൈററികൾ കായലിൽ താഴ്ന്നുപോകുന്ന ഒരവസരം വരുമോയെന്നു് സംശയിക്കുകയാണ്. വ്യക്തികളെക്കൊണ്ടു കൃഷിചെയ്യിപ്പിക്കാൻ സാധിക്കുകയില്ല, കോവാപ്പറേററീവ് സൊസൈററികൾ ഉണ്ടാക്കിക്കഴിഞ്ഞാൽ ഷെയർക്യാപ്പിററലിനു പുറമെ വളരെയധികം സംഖ്യ ഗവണ്മെൻറു കൊടുത്തു സഹായിക്കേണ്ടിവരും. വിദഗ്ദ്ധമായ മേൽനോട്ടവും മററുമില്ലാതെ ഇത്ര വമ്പിച്ച തോതിലുള്ള കൃഷി കോവാപ്പറേററീവ് സൊസൈററികൾ നടത്തുകയാണെങ്കിൽ ഗവണ്മെൻറു കൊടുക്കുന്ന പണവും അവർ പിരിച്ചുണ്ടാക്കുന്ന പണവും കായലിൽ കലങ്ങിപ്പോകുമെന്നു മനസ്സിലാക്കണം. ഗവണ്മെൻറിനു ഉറപ്പുണ്ടെങ്കിൽ എടുക്കണം. ഒരു വിദഗ്ദ്ധന്റെ മേൽനോട്ടത്തിൽ ശരിയായി കൃഷി ചെയ്യാമെന്നു് ഗവണ്മെൻറിനു ബോദ്ധ്യമുണ്ടെങ്കിൽ എടുക്കണം. അതു് കോവാപ്പറേററീവ് സൊസൈററികളെ ഏല്പിച്ചുചെയ്യുക സാദ്ധ്യമല്ല. ഗവണ്മെൻറിനു നേരിട്ടുചെയ്യാൻ കഴിയുമോ എന്നു് നോക്കേണ്ടതാണ്. ഇന്നത്തെ സാഹചര്യത്തിൽ അതു് സാദ്ധ്യമല്ലാത്തതുകൊണ്ടാണ് ഒഴിവാക്കണമെന്നു പറയുന്നതു്. പിന്നെ ആവശ്യമുണ്ടെങ്കിൽ അതിനുവേണ്ട നിയമങ്ങൾ ഉണ്ടാക്കാൻ പ്രയാസമില്ല. അതുകൊണ്ടു രാജ്യക്ഷേമത്തെ കരുതിയാണ് കായൽനിലം ഒഴിവാക്കണമെന്നുള്ള വാദം കൊണ്ടുവരുന്നതു്. ഭൂസ്വാമികൾക്കുവേണ്ടിയുള്ള വാദമാണെന്നു വെറുതേ പറഞ്ഞു ആക്ഷേപിച്ചതുകൊണ്ടു കാര്യമായില്ല. ആ ഭാഗത്തിരിക്കുന്നവർക്കും ഇതിന്റെ ബുദ്ധിമുട്ടറിയാം. ഇതു് രാജ്യത്തിനു ഗുണകരമാണോ എന്നു് ചിന്തിക്കണമെന്നു് വളരെ വിനീതമായി ബഹുമാനപ്പെട്ട മന്ത്രിയോടു അപേക്ഷിക്കുകയാണ്.

ശ്രീ. കെ. എം. ജാർജ്ജ്: 55-ാം വകുപ്പു വളരെയേറെ പ്രാധാന്യമുള്ള ഒരു വകുപ്പായതുകൊണ്ടാണ് ഇത്രയധികം സമയം ഇതിലേക്കു് അനുവദിച്ചതെന്നുള്ളതു് അനുക്തസിദ്ധമാണ്. ഈ വകുപ്പിനെപ്പററി സംസാരിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയോടു ഒരപേക്ഷയുള്ളതു ഈ ഭൂനിയമത്തിന്റെ അടിസ്ഥാനം എന്താണെന്നു ഒന്നുകൂടി ആലോചിക്കാൻ സന്മനസ്സു കാണിക്കണമെന്നാണ്. നമ്മുടെ സംസ്ഥാനത്തും മററു സംസ്ഥാനങ്ങളിലും ഭൂനിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു് തീർച്ചയായും ഏതാനും ഭൂവുടമസ്ഥന്മാരുടെ കയ്യിൽനിന്നും ഭൂമിയെടുത്തു് മററുള്ളവർക്കു കൊടുക്കണമെന്ന ഉദ്ദേശത്തിൽ മാത്രമല്ല. ആ ഉദ്ദേശവും അതിലുണ്ടെന്നല്ലാതെ പരമപ്രധാനമായ ഉദ്ദേശം അതല്ലെന്നു ഇതിനകമുള്ള ചർച്ചകളിൽനിന്നു ഭരണകക്ഷി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. എന്നിരുന്നാലും ഇൻഡ്യയിൽ ഒരു സോഷ്യലിസ്ററു സാമ്പത്തികവ്യവസ്ഥിതി ഉണ്ടാക്കുന്നതിനുള്ള ഒന്നാമത്തെ കാൽവെപ്പ് എന്നുള്ള നിലയിലാണ് ഭൂനിയമം ആവിഷ്കരിക്കുന്നതെന്നുള്ളതു് പ്രസിദ്ധമാണ്. ആ നിലയിൽ ഈ നിയമനിർമ്മാണത്തിൽ ഏററവും പ്രധാനപ്പെട്ട ഒരു കാര്യത്തെപ്പററി തീരുമാനിക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തികഭാവിയെ മുൻനിറുത്തി പരിധിയിൽനിന്നും ഏതേതു തരത്തിലുള്ള കൃഷികൾ ഒഴിവാക്കുന്നതു് രാജ്യതാൽപ്പര്യത്തിനു് അനുഗുണമായിരിക്കുമെന്നതിനെപ്പററി എന്റെ സ്നേഹിതന്മാരോടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാൎജ്ജ്]

ആവർത്തിച്ചു് പറയാൻ ഞാനാഗ്രഹിക്കുന്നു. ശ്രീ. മൈതീൻകുട്ടി ഹാജി ഇവിടെ പ്രസംഗിച്ചതു് ബഹുമാനപ്പെട്ട മന്ത്രി കേട്ടുകാണുമെന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം ഈ സഭയിൽ വന്നശേഷം ഇത്രയേറെ ജീവനോടുകൂടി ഒരു കാര്യം പറഞ്ഞു ഞാൻ കേട്ടിട്ടില്ല. അദ്ദേഹം സ്വന്തം ഉദാഹരണം ചൂണ്ടിക്കാണിച്ചാണു് പ്രസംഗിച്ചതു്. അദ്ദേഹത്തിനുള്ള കമുകുംതോട്ടത്തിൽ പരിധി കഴിച്ചു് ബാക്കിയുള്ളതു് ഒഴിഞ്ഞുപോകേണ്ടിവരും. 50 ഏക്കർ കമുകുംതോട്ടത്തിൽ പകുതി വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ അവിടെയുള്ള അടയ്ക്കാമരം മുഴുവൻ വെട്ടിക്കളയണമെന്നുള്ള പ്രതികരണം മനസ്സിലുണ്ടാകുമെന്നു പറഞ്ഞു. വളരെയേറെ ക്ലേശിച്ചു്, വളരെയേറെ പ്രയാസങ്ങളേറിയ സാഹചര്യങ്ങളോടു മല്ലിട്ടു, ഒരുവൻ ഉള്ളതും കടം കിട്ടാവുന്നതും മുഴുവനും ചെലവാക്കി, എട്ടും പത്തും കൊല്ലം കൃഷിചെയ്ത തോട്ടങ്ങൾ വെട്ടിമുറിച്ചു് കളയണമെന്നുള്ള മനോഭാവമാണു് യഥാർത്ഥ കൃഷിക്കാരനു് ഉണ്ടാകുന്നതു്. ഇന്നലെ ഇവിടെ ശ്രീ. കണാരന്റെ കാര്യത്തെപ്പററി സൂചിപ്പിക്കയുണ്ടായി. അദ്ദേഹത്തിനു് പ്രത്യേകമായി അങ്ങനെയൊരു ബഹുമതി കൊടുക്കുന്നതു് ശരിയല്ല. ഈ ഭാഗത്തിരിക്കുന്നവരിലും തൂമ്പാ എടുത്തിട്ടില്ലാത്തവരും കൃഷിയുമായി ബന്ധപ്പെട്ടിട്ടില്ലാത്തവരും ഉണ്ടെന്നുള്ളതു തീർച്ചയാണു്. അങ്ങനെയുള്ള ആളുകൾ ഈ ഭൂനയത്തെപ്പററി സ്വപ്നം കണ്ടിട്ടുള്ളതു് യഥാർത്ഥത്തിൽ തെററാണു്. യഥാർത്ഥത്തിൽ ഭൂമിയിൽ വേല ചെയ്തിട്ടുള്ളവരും കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ളവരും സമചിത്തതയോടുകൂടി ആലോചിച്ചു് ചെയ്യേണ്ട ഒരു നിയമനിർമ്മാണമാണിതു്. ശ്രീ. ഹാജി വളരെ ആത്മാർത്ഥതയോടുകൂടി സ്വന്തം ഉദാഹരണം സഭയിൽ വച്ചിട്ടുണ്ടു്. ഭാരതത്തിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു് വളരെയേറെ വ്യത്യസ്ഥമായ കൃഷിസമ്പ്രദായവും ഉല്പാദനവുമാണു് കേരളത്തിലെന്നുള്ള അടിസ്ഥാനസത്യം നാം മറക്കരുതു്. ദാരിദ്ര്യം വീതിച്ചാൽ സോഷ്യലിസം ആകുകയില്ല. കാൺഗ്രസ്സോ, പി. എസ്സ്. പി.യോ, മുസ്ലീം ലീഗോ അങ്ങനെ പറയുമെന്നു ഞാൻ കരുതുന്നില്ല. ആ ലക്ഷ്യത്തെപ്പററി ആർക്കും അഭിപ്രായവ്യത്യാസമില്ല. നമ്മുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആവർത്തിച്ചാവർത്തിച്ചു പറയുന്നതുപോലെ ദാരിദ്ര്യം പങ്കിട്ടാൽ ഒരു വിധത്തിലും സോഷ്യലിസം കൈവരുകയില്ല. കാർഷികവിഭവങ്ങളുടെ ഉല്പാദനം ഈ രാജ്യത്തു മെച്ചപ്പെടണമെങ്കിൽ, നാം ആഗ്രഹിക്കുന്ന സോഷ്യലിസ്ററു വ്യവസ്ഥിതി കൈവരണമെങ്കിൽ, ഇന്നു നിയമം ഏതു തരത്തിൽ ഉണ്ടാക്കണമെന്നുള്ള ഒരു ഘട്ടത്തിൽ നാം എത്തിയിരിക്കുകയാണു്. അത്രയേറെ പ്രാധാന്യമുള്ളതുകൊണ്ടാണു് ഈ വിഷയത്തെപ്പററി ഏറക്കുറെ എല്ലാ മെമ്പറന്മാരും അഭിപ്രായപ്രകടനം നടത്തിയിട്ടുള്ളതെന്നു ഞാൻ മനസ്സിലാക്കുന്നു. ആ വെളിച്ചത്തിൽ 55-ാം വകുപ്പു കേരളത്തെസംബന്ധിച്ചിടത്തോളം എത്രകണ്ടു നല്ലതാണെന്നു ആലോചിക്കാൻ ഇനിയും സമയമുണ്ടെന്നു പറഞ്ഞുകൊണ്ടു ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു.

ഈ വകുപ്പിന്റെ എല്ലാ ഉപവകുപ്പുകൾക്കും ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. ഈ നിയമത്തിൽ ഏററവും അധികം ഭേദഗതികൾ വന്നിട്ടുള്ള വകുപ്പും ഇതാണു്. ഈ ഭേദഗതികൾ സ്വീകരിക്കുന്ന കാര്യത്തിൽ അനുകൂല മനോഭാവം ഇതുവരെയും കാണുന്നില്ലെന്നുള്ള സങ്കടകരമായ വസ്തുത ചൂണ്ടിക്കാണിച്ചു് ആ മനോഭാവം വിടണമെന്നു് ഞാനഭ്യർത്ഥിക്കുന്നു. ശ്രീ. വിശ്വനാഥൻ പറഞ്ഞതുപോലെ കാൺഗ്രസ്സോ, പി. എസ്സ്. പി.യോ, മുസ്ലീംലീഗോ മാത്രമല്ല കമ്മ്യൂണിസ്ററുപാർട്ടി ബഞ്ചിൽനിന്നും ശ്രീമതി റോസമ്മ പുന്നൂസിന്റെ ഭേദഗതിയും വന്നിട്ടുള്ളനിലയ്ക്കു ബഹുമാനപ്പെട്ട മന്ത്രിയുടെ മനോഭാവം മാററണമെന്നു തന്നെയാണു് ഞാൻ കരുതുന്നതു്. ശ്രീ റോസമ്മ പുന്നൂസ് എസ്റ്റേററുകളെപ്പററി സമഗ്രമായ അറിവുള്ള ആളും ധാരാളം എസ്റ്റേററുകളുള്ള ദേവികുളത്തെ പ്രതിനിധീകരിക്കുന്ന ആളുമാണ്. അവർ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി തീർച്ചയായും ഭരണകക്ഷിയിൽ വേണ്ട പ്രതികരണം ഉണ്ടാക്കുമെന്നു ഞാനാശിക്കുകയാണു്. എനിയ്ക്കു കൂടുതലായി ചില കാര്യങ്ങളേ പറയാനുള്ളു. 55-ാം വകുപ്പിൽ ഞാൻ 909-ാം നമ്പരായി കൊടുത്തിട്ടുള്ള ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉപവകുപ്പിൽ തെങ്ങിൻതോട്ടവും, കമുകിൻതോട്ടവും, കൊടിത്തോട്ടവും, കശുഅണ്ടിത്തോട്ടവും കൂടി ചേർക്കണമെന്നാണ്. നാരങ്ങാത്തോട്ടം ഈ രാജ്യത്തു അധികം ഇല്ല. എങ്കിലും ചേർത്തിരിക്കുന്നതു് പ്ലാനിംഗ് കമ്മീഷൻ ചോദിച്ചാൽ പറയാനാണെന്നു് ഇവിടെ പലരും പറഞ്ഞു. പത്തിരുപതുകൊല്ലം വരെ കാത്തിരിക്കേണ്ടതും, വളരെയധികം അധ്വാനിക്കേണ്ടതും സ്വന്തം കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുന്നതുപോലെ സൂക്ഷിച്ചു് ഉണ്ടാക്കുന്നതുമായ തെങ്ങിൻതോട്ടങ്ങൾ, അടയ്ക്കാത്തോട്ടങ്ങൾ, കശുമാവു തോട്ടങ്ങൾ, കൊടിത്തോട്ടങ്ങൾ എന്നിവ പരിധിയിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ തെങ്ങിൻതോട്ടത്തെപ്പററിയും, അടയ്ക്കാത്തോട്ടത്തെപ്പററിയും, കൊടിത്തോട്ടത്തെപ്പററിയും പലരും പറഞ്ഞുകഴിഞ്ഞു. ഞാൻ കശുമാവുതോട്ടത്തെപ്പററി പറയാൻ ആഗ്രഹിക്കുന്നു. ഉപാസിയുടെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ കണ്ടു് ചില കാര്യങ്ങൾ സംസാരിക്കാനും അവരുടെ ചില പ്രസിദ്ധീകരണങ്ങൾ വായിക്കാനും കഴിഞ്ഞപ്പോൾ ചില അത്ഭുതകരമായ വിവരങ്ങൾ എന്റെ ദൃഷ്ടിയിൽ പെട്ടതു് ഈ സഭയിൽ വയ്ക്കുകയാണ്. കശുഅണ്ടി വ്യവസായം കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികളെ സംബന്ധിക്കുന്ന ഒരു പ്രധാന വ്യവസായമാണ്. ഏതാനും ആളുകൾ കശുമാവു വച്ചുപിടിപ്പിച്ചു് കാശുണ്ടാക്കുന്നുവെന്നുള്ളതല്ല പ്രശ്നം.

നമ്മുടെ കശുവണ്ടി വ്യവസായം എങ്ങനെ പുനരുദ്ധരിക്കാം, സഹകരണാടിസ്ഥാനത്തിൽ എങ്ങനെ പുനസംഘടിപ്പിക്കാം എന്നുള്ളതിനെക്കുറിച്ചന്വേഷിക്കുന്നതിനു ഒരു കമ്മിററിയെ വച്ചു് റിപ്പോർട്ടു വരുത്തിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതിനു് ഏററവും അടിസ്ഥാനപരമായി ആവശ്യമുള്ള അസംസ്കൃതസാധനമായ പച്ചത്തോട്ടണ്ടി നമ്മുടെ രാജ്യത്തു വേണ്ടിടത്തോളമുണ്ടാകുന്നില്ല. അതു ഈ രാജ്യത്തെ ആവശ്യത്തിനായി മദ്ധ്യ ആഫ്രിക്കായിൽനിന്നും ഇറക്കുമതിചെയ്യണമെന്നു പറയുകയുണ്ടായി. ഇതേസംബന്ധിച്ചു് എന്റെ കൈവശമുള്ള ചില വിവരങ്ങൾ ഞാൻ ഈ സഭയുടേയും ഗവണ്മെന്റിന്റേയും അറിവിനായി വയ്ക്കുന്നു. ഈ രാജ്യത്തുനിന്നും കഴിഞ്ഞകൊല്ലം 38000 ടൺ കശുവണ്ടിപ്പരിപ്പാണ് എക്സ്പോർട്ടു ചെയ്തിട്ടുള്ളതു്. അതിൽ 92 ശതമാനം കേരളത്തിൽനിന്നാണ്. ഈ 38000 ടൺ കശുവണ്ടിപ്പരിപ്പു് കയററി അയച്ചതിൽ അമേരിക്കയാണ് കശുവണ്ടിപ്പരിപ്പു് കൂടുതലായി ഇറക്കുമതിചെയ്തിട്ടുള്ളതു്. അതിനു് അവിടെ 34 സെൻറാണ് ഒരു റാത്തലിനു് വില. അങ്ങനെ ഒരു റാത്തലിനു് 34 സെൻറിൽ കുറയാത്ത വിലയ്ക്കു വിററാൽതന്നെ ഇതു കയററി അയയ്ക്കുന്ന വ്യവസായികൾക്കു് വളരെ തുച്ഛമായ ഒരു ലാഭം മാത്രമാണ് കിട്ടുന്നതു്. ഇതേസംബന്ധിച്ചു് ഒരു വലിയ വ്യവസായസ്ഥാപനമായ പിയേഴ്സ് ലെസ്ലീ കമ്പനി നടത്തിയ ഒരു വ്യവസായസർവ്വേയുടെ അടിസ്ഥാനത്തിൽ ഈ കേരളത്തിൽതന്നെ വെട്ടുകൽപ്രദേശങ്ങളിലും മററു ഫലഭൂയിഷ്ഠമല്ലാത്ത പ്രദേശങ്ങളിലും കശുവണ്ടി പ്ലാന്റേഷൻ ധാരാളമായി നടത്തിയാൽ കേരളത്തിൽനിന്നും കയററി അയയ്ക്കുന്ന കശുവണ്ടി പരിപ്പിനു് ആവശ്യമായ പച്ചത്തോട്ടണ്ടി മുഴുവൻ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നും അതുകൊണ്ടു് നമുക്കു് ആദായമുണ്ടാക്കാമെന്നും കണ്ടുകഴിഞ്ഞിട്ടുണ്ട്.

ഇപ്രകാരം പ്ലാന്റേഷന്റെ അടിസ്ഥാനത്തിൽ ഇവിടെ കൃഷിചെയ്യുന്ന പക്ഷം ഇന്നു സീസണലായി നടത്തിവരുന്ന ഈ വ്യവസായം കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും അനേകലക്ഷം വരുന്ന തൊഴിലാളികൾക്കു് എന്നും ജോലികൊടുക്കുന്നതിനും അവർക്കു് തൊഴിൽ നിയമങ്ങളുടെ മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനും സാധിക്കുന്നതാണ്. അങ്ങനെ കശുവണ്ടി പ്ലാന്റേഷൻ കേരളത്തിൽ അഭിവൃദ്ധിപ്പെട്ടു വരികയാണെങ്കിൽ ഈ അണ്ടിപ്പരിപ്പു് കയററുമതിചെയ്തു 12 സെൻറുവച്ചു് അമേരിക്കയിൽ വിററാലും വലിയ ലാഭമുണ്ടാകുമെന്നും അതു ഫുൾടൈം വ്യവസായമായി മാററാൻ സാധിക്കുമെന്നും അവർ പറയുകയാണ്. സർ, ഇതെത്ര പ്രധാനപ്പെട്ട ഒരു കാര്യമാണ് എന്നു് ഗവണ്മെന്റാലോചിക്കണം. കശുവണ്ടി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ഒരു ലക്ഷത്തിൽ കൂടുതൽ ആളുകൾ ഇന്നു പട്ടിണിയിലും ദാരിദ്ര്യത്തിലും തൊ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാർജ്ജ്]

ഴിലില്ലായ്മയിലും കഴിഞ്ഞുകൂടുകയാണ്. അവർക്ക് പൂർണ്ണസമയം ജോലിയില്ല. ഈ കശുവണ്ടി വ്യവസായം ഈ അടിസ്ഥാനത്തിൽ അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ലേബർ നിയമമനുസരിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുക്കാൻ സാധിക്കും. ആണ്ടിൽ 365 ദിവസവും അവർക്ക് ജോലി കൊടുക്കും. അതുകൊണ്ടു കൂടുതൽ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക. 'അനേകായിരമല്ല, അനേക ലക്ഷങ്ങളല്ല, ഇന്നു തൊഴിൽരഹിതരായിരിക്കുന്നത്. തൊഴിലാളികളുടെ പാർട്ടിയാണെന്നും തൊഴിലാളികളെ രക്ഷിക്കുവാൻ വേണ്ടി പ്രത്യേകമായുള്ള പാർട്ടിയാണെന്നും അവകാശപ്പെടുന്ന പാർട്ടിയും പാർട്ടിയുടെ ഗവൺമെൻറും ഈ കാര്യങ്ങൾ കണക്കിലെടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഇതു മുതലാളിമാർക്ക് ഗുണംവരുന്ന കാര്യമായിട്ടാണോ, സർ, ഈ കശുവണ്ടിപ്പരിപ്പു കയററി അയക്കുന്നതുകൊണ്ട് നമുക്ക് ഫോറിൻ എക്സ്ചെയിഞ്ചുണ്ടാക്കാൻ കഴിയുന്നുണ്ട്. ഏററവും വലിയ ഫോറിൻ എക്സ്ചെയിഞ്ചാണ് നമുക്കിതുകൊണ്ട് സമ്പാദിക്കാൻ കഴിയുന്നത്. ഈ കശുമാവു വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ബോംബെ സംസ്ഥാനം എത്രയോലക്ഷം രൂപാ അതിലേക്ക് നീക്കിവച്ചിട്ടുണ്ട്.

കശുമാവു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉദാരമായ സഹായങ്ങൾ നൽകുന്നതിനുവേണ്ടിയാണ് ഈ തുക ബോംബെ ഗവൺമെൻറ നീക്കിവച്ചിട്ടുള്ളത്. കേരളത്തിലെപ്പോലെ ഇത്രയും നല്ല മണ്ണ് ബോംബെയിലില്ല. ബോംബെസംസ്ഥാനത്തിൻെറ അയൽപ്രദേശമായ ഡക്കാൺപ്രദേശങ്ങളിലാണ് അവർ കശുമാവു തോട്ടങ്ങൾ ഉണ്ടാക്കാൻ പോകുന്നത്. അതേസമയത്ത് ഗവൺമെൻറ കശുമാവു വ്യവസായത്തിൻെറ അഭിവൃദ്ധിക്കായി കാര്യമായി ഒന്നുംതന്നെ ചെയ്യുന്നില്ല. എന്നാൽ ബോംബെസംസ്ഥാനം ലക്ഷക്കണക്കിനല്ല കോടിക്കണക്കിനുള്ള രൂപ അതിലേക്ക് മാററിവച്ചിരിക്കുകയാണ്. ഇൻഡ്യൻ യൂണിയനിൽപെട്ട കേരളത്തിൽ ഈ പ്രശ്നമുണ്ട്, ബോംബെയിലും ഈ പ്രശ്നമുണ്ട്. എന്നാൽ നാം ഏതോ ഒരു വൈരാഗ്യമനഃസ്ഥിതിയോടു കൂടി അതിനെ സമീപിക്കുകയാണ്. പക്ഷെ, അതുകൊണ്ടുള്ള ദോഷം ആർക്കാണ്? നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമുള്ളതും, അനേകലക്ഷങ്ങൾക്ക് ഉപജീവനമാർഗ്ഗമായിട്ടുള്ളതും, നമ്മുടെ രാജ്യത്തിൻെറ വ്യവസായാഭിവൃദ്ധിക്കും ഈ രാജ്യത്തിൻെറ വലിയ മുതലെടുപ്പിനും വേണ്ടിയും ഈ രാജ്യത്തു കശുവണ്ടി വ്യവസായത്തിനെ നിലനിർത്തുന്നതിനു വേണ്ടിയും അൻപത്തിഅഞ്ചാംവകുപ്പ് ഒന്നാം ഉപവകുപ്പിനു ഞാൻതന്നെയല്ല, ഈ ഭാഗത്തുള്ള എല്ലാ അംഗങ്ങളും സംസാരിക്കാത്ത അംഗങ്ങളും ഭേദഗതി അവതരിപ്പിക്കുകയാണെന്നു ഞാൻ ഏററവും ആദരപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയേയും, കമ്മ്യൂണിസ്ററപാർട്ടിയേയും ഓർമ്മിപ്പിക്കുകയാണ്.

സർ, അതിനു പിന്നാലെ മറെറാരു ഭേദഗതി, അതായതു എൻെറ രണ്ടാമത്തെ ഭേദഗതി ക്ലാസ് 55 (1) (ഇ)ന് In clause 55(1) (e) after the words 'occupied by' insert the f llowing words 'or necessary for' എന്നുള്ള ഭേദഗതികൂടി അവതരിപ്പിച്ചിട്ടുണ്ട്.

In 55(1) (e) it is stated: "house sites, that is to say, sites occupied by dwelling houses, tanks, wells or any other structures together with the land, etc." There, after the words 'occupied by' the words 'or necessary for'

എന്നു ചേർത്തില്ലെങ്കിൽ വളരെ വിഷമമാണ്. എൻെറ സ്നേഹിതൻ ശ്രീമാൻ കെ. ടി. തോമസും അതേ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതാണ്.

"house sites thats i to say, sites occupied by dwelling houses, tanks, wells or any other structures together with the land necessary for the convenient enjoyment of the same" എന്നു പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞാൽ ഒരു പക്ഷിയെ പിടിച്ചു് കൂട്ടിലിടുന്ന പ്രകാരമാണു്. അങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ടു് വീട്ടിന്റെ മുററംതന്നെ കാണുമോ എന്നും സംശയമാണു്. അതാണു് മി. ശ്രീധരം ചോദിച്ചതു്. അത്രയേറെ പുരോഗമനം കാണിക്കേണ്ട ആവശ്യമില്ല. അതു ഒരു പുരോഗമനമായി വരുന്നില്ല. ഇന്നുള്ള വീടുമാത്രം മതിയെന്നു പറയുകയാണെങ്കിൽ അനേകം കുടുംബങ്ങളിൽ പ്രായമായ കുട്ടികൾ കാണും, അവക്കു് ഒരു വീടു വച്ചു മാറി താമസിക്കുന്നതിനു ഉപകരിക്കത്തക്കവണ്ണം ആ ഭേദഗതി വരുത്തണം.

സർ, അതിനുശേഷം 55-ാം വകുപ്പു (എഫു്)-ൽ

In clause 55 sub-clause (1) (f), after the words, "waste lands" add, "including waste lands specially reserved for collecting green manure, in which there is no other cultiva-tivation." എന്നു ഭേദഗതി ചെയ്യണം.

ഈ സഭയിൽ ഇതിനെപ്പററി യാതൊരു സ്നേഹിതന്മാരും പറയാത്ത ഒരു സംഗതിയാണു്. ഇതിൽ അൺ കൾച്ചറബിൾ വേസ്ററ് ലാൻഡ്സ് എന്നു പറയുന്നതു ഉപയോഗമില്ലാത്ത ലാൻറ എന്നതിനു വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണു്. നമ്മുടെ രാജ്യത്തുള്ള യാഥാർത്ഥ്യം മനസ്സിലാക്കുന്നതിനുവേണ്ടി പറയുകയാണു്. ഈ കൃഷിയെപ്പററി പരിചയമില്ലാത്തതുകൊണ്ടുള്ള വിഷമത ഈ വകുപ്പിലും കാണുന്നുണ്ടു് സർ, നമ്മുടെ നാട്ടിൽ രാസവളങ്ങൾ ലഭിക്കുന്നുണ്ടു്. അതു ഞാൻ മറക്കുന്നില്ല. ഈ അടുത്തകാലത്തു കൃഷി ഡിപ്പാർട്ടുമെൻറിലെ ഉന്നതനായ ഒരു ഉദ്യോഗസ്ഥനുമായി ഞാൻ ഇതേപ്പററി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു അനേകായിരം ടൺ രാസവളം ഈ രാജ്യത്തു കൊണ്ടുവരേണ്ടിയിരിക്കുന്നു; എന്നാൽ പത്തോ പതിനഞ്ചോ കൊല്ലത്തേക്കു് അതു കിട്ടുമെന്നു് തനിക്കു് വിശ്വാസമില്ല എന്നു്. നമ്മുടെ രാജ്യത്തു ഒരു വലിയ ശതമാനം കർഷകർ ഈ രാസവളംകൊണ്ടു് കൃഷിചെയ്യുന്നതിൽ വിശ്വസിക്കുന്നവരല്ല. എന്നിരുന്നാൽകൂടി അനേകായിരം ടൺ കൊണ്ടുവരേണ്ടിയിരിക്കുന്നു. എങ്കിലും പ്രധാനമായും നമ്മുടെ നാട്ടിൽ കൃഷി നടത്തിക്കൊണ്ടുപോകുന്നതു പച്ചിലവളത്തെ ആശ്രയിച്ചാണു്. ചാണകം മുതലായ വളങ്ങൾ സാധാരണയായി പുഞ്ചനിലങ്ങളിൽ ഉപയോഗിക്കാറുണ്ടു്. അതു സർവ്വസാധാരണമല്ല. എന്നാൽ മലയോരപ്രദേശങ്ങളിൽ തേക്കുപാടങ്ങളിൽ ഒരുപ്പൂവായാലും, ഇരുപ്പൂവായാലും പച്ചിലവളം ഉഴുതു ചേർത്താണു് കൃഷി നടത്തുന്നതു്. അതുകൊണ്ടു് കൃഷിസ്ഥലങ്ങളോടൊപ്പം പച്ചിലവളമുണ്ടാക്കുന്നതിനുള്ള സ്ഥലംകൂടി ഒഴിവാക്കേണ്ടതാണു്. മലയോരപ്രദേശങ്ങളിൽ രണ്ടേക്കർ സ്ഥലമുള്ള ഒരാളിനു് രണ്ടേക്കർ ചവറുമലയും അതിനു് സമീപമായി കാണും. ഈ രണ്ടേക്കർ സ്ഥലം അയാൾക്കു് വിൽക്കണമെന്നുണ്ടെങ്കിൽ ഈ ചവറുമലയോടുകൂടി മാത്രമേ അയാൾക്കു് വിൽക്കാൻ സാധിക്കുകയുള്ളു. എങ്കിലേ മറെറാരാൾ വാങ്ങിക്കുകയുള്ളു. They go together. അതനുസരിച്ചു പോയെങ്കിൽ മാത്രമേ കൃഷി നടക്കുകയുള്ളു. അൺകൾച്ചറൽ വേസ്ററ ലാൻറ വളരെ പ്രാധാന്യമുള്ളതാണു്. അങ്ങനെയുള്ള സ്ഥലങ്ങൾ തൊടുപുഴ, മൂവാററുപുഴ, മീനച്ചൽ മുതലായ സ്ഥലങ്ങളിൽ ഏററവും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. നെൽപ്പാടങ്ങളോടുചേർന്നു മററു യാതൊരു കൃഷിക്കും ഉപയുക്തമല്ലാത്തതും പച്ചിലവളങ്ങൾക്കുവേണ്ടി മാത്രം ഉപയോഗപ്പെടുത്തുന്നതുമായ സ്ഥലങ്ങൾകൂടി ഒഴിവാക്കേണ്ടതാണു്. ഒഴിവാക്കുന്നില്ലെങ്കിൽ നെൽകൃഷി ഏറെക്കുറെ അസാദ്ധ്യമായിത്തീരുകയും അവിടെ മററു വല്ല കൃഷിയും ചെയ്യേണ്ടതായി വരുകയും ചെയ്യും. ഈ പതിനഞ്ചേക്കർ നിലത്തിൽ നെൽകൃഷി ചെയ്യാൻ ഒക്കാതെ മററു സ്ഥിരദേഹണ്ഡങ്ങൾ ചെയ്യേണ്ടിവരുന്നു എന്നുള്ള സംഗതി നാം കണക്കിലെടുക്കുമ്പോൾ നമ്മുടെ രാജ്യത്തെ പല ഭാഗങ്ങളെ സംബന്ധിച്ചും പച്ചിലവളങ്ങൾക്കായിട്ടുള്ള സ്ഥലം ഒഴിവാക്കേണ്ടതു നീതിപൂർവ്വകമായ ഒരാവശ്യമാണെന്നു കാണാം.

[ശ്രീ. കെ. എം. ജാർജ്ജ്]

അടുത്തതു്, 957-ാമത്തെ ഭേദഗതിയാണ്.

In Clause 55, delete the words 'occupied by' in sub-clause (1) (j) and substitute the following words :—

'belonging to' and also delete the phrase "including lards necessary for the convenient use of the institutions and playgrounds attached to such institutions."

വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്നു നിശ്ചയിച്ചിരിക്കുന്നത് ആ സ്ഥലങ്ങളിൽ ഇരിക്കുന്ന കെട്ടിടങ്ങളുടെ ഇരുപ്പിടവും അതിനുള്ള കളിസ്ഥലവും എന്നാണ്. അതു ശരിയല്ല എന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീമാൻ ഹസ്സൻഗനിയും, ശ്രീമാൻ അലക്സാണ്ടർ പറമ്പിത്തറയും ആ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഫറൂക്ക കാളേജു നടക്കുന്നതു പൂർണ്ണമായും ഉദാരമതികളായ ബഹുമാനപ്പെട്ട ജനങ്ങൾ സംഭാവന ചെയ്തിട്ടുള്ള വസ്തുക്കളുടെ ആദായം കൊണ്ടുമാത്രമാണ്. ഈ നാട്ടിലെ ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം സമുദായത്തിൽപ്പെട്ട ഉദാരമതികളായ ആളുകൾ പല കാലങ്ങളിലായി കൊടുത്തിട്ടുള്ള നിധികളും പുരയിടങ്ങളും തോട്ടങ്ങളുമുണ്ട്. അതൊരു ചീത്ത പ്രവൃത്തിയാണെന്നു ആരും പറയുകയില്ല. അതിന്റെ ആദായം കൊണ്ടാണ് ഈ മാതിരി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോരുന്നത്. വളരെയധികം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അതിൽനിന്നും ഗ്രാൻറായും, സ്കാളർഷിപ്പായും ധനസഹായം ചെയ്തുവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം നടത്തി ഉത്തമ പൗരന്മാരായിത്തീർന്നിട്ടുള്ള അനേകംപേർ ഈ രാജ്യത്തു ഇന്നുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലണമെന്നു പറയുന്നതു വളരെ വിഷമമാണ്. ഇന്നു ചോദ്യോത്തര വേളയിൽ കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ വിജയശതമാനം കൂടുതൽ കരസ്ഥമാക്കുന്നതു ഏതു വിദ്യാലയങ്ങളിലാണെന്നു ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി തപ്പിമറിക്കുകയുണ്ടായി. അതുകൊണ്ടു വിശേഷമില്ല. അതു ഒരു യാഥാർത്ഥ്യമാണ്. ഈ രാജ്യത്തു ഗവൺമെൻറ ഏജൻസിയില്ലാതെ തുടങ്ങിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും കലാലയങ്ങളും, വിദ്യാലയങ്ങളും, സാങ്കേതിതവിദ്യാലയങ്ങളും എല്ലാംതന്നെ ഈ രാജ്യത്തെ മതവിശ്വാസികളും ഉദാരമതികളുമായ ജനങ്ങളുടെ സംഭാവനയായി കിട്ടിയിട്ടുള്ള നിധിയിൽനിന്നും വസ്തുക്കളിൽനിന്നുമുള്ള ആദായങ്ങൾകൊണ്ടു നടത്തുന്നവയാണ്. അപ്രകാരം ലഭിച്ചിട്ടുള്ള വസ്തുക്കളെ പിടിച്ചെടുത്തു ഇത്തരം സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുന്നതു ശരിയല്ല.

വിദ്യാലയങ്ങളിരിക്കുന്ന തറ മാത്രം ഒഴിവാക്കിക്കൊണ്ടുള്ള കർശനമായ നിയമനിർമ്മാണം ഒരു നിയമനിർമ്മാണത്തിനോ, രാജ്യത്തിന്റെ ഭാവിക്കോ നല്ലതല്ല.

സർ, 990-ാം നമ്പർ ഭേദഗതിയെപ്പററി എനിക്കു ഒരു വാക്കുകൂടി പറയാനുണ്ട്.

Mr. Speaker : That has been spoken to very well.

ശ്രീ. കെ. എം. ജാർജ്ജ് : സർ, അതേപ്പററി പറയാത്ത ചില കാര്യങ്ങൾ മാത്രമേ പറയുകയുള്ളൂ. ഈ രാജ്യത്തു തോട്ടങ്ങളേയും വെൽ മാനേജ്ഡ് ഫാറംസിനെയും എന്തുകൊണ്ട് ഒഴിവാക്കണം എന്നുള്ളതിനെപ്പററി പല മാന്യ സ്നേഹിതന്മാരും പറഞ്ഞു. ആ കാര്യങ്ങളൊന്നും ആവർത്തിക്കാതെ ചില കാര്യങ്ങൾ ഈ സഭയുടെയും ഗവൺമെൻറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ പ്ലാൻറേഷനെപ്പററി സംസാരിക്കുമ്പോൾ പല ആളുകളും ബഹുമാനപ്പെട്ട റോസമ്മാപുന്നൂസും, ധൈര്യപൂർവ്വം പറഞ്ഞതു, ഇതു ഒരു വ്യക്തിയുടെ കാര്യമല്ല. ഒരു രാജ്യത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭാവിയെ സ്പർശിക്കുന്ന ഒരു കാര്യമാണെന്നാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായങ്ങൾ കൂടുതലായി ഉണ്ടായാൽ കൊള്ളാം എന്നു വളരെ ആഗ്രഹിച്ചു. ഞാൻ അവരെ പ്രത്യേകമായി കുററം പറയുകയല്ല. കമ്മ്യൂണിസ്ററുപാർട്ടിയുടെ വിചാരത്തെപ്പററി പറഞ്ഞുപോയെന്നേയുള്ളു. ഇന്നു കേരളത്തിൽ ഇൻഡ്യയിലുള്ളതിനെ അപേക്ഷിച്ച് ഏററവും ഉയർന്നു നിൽക്കുന്നതു പ്ലാൻറേഷൻ ഇൻഡസ്ട്രിയാണ്. പ്രത്യേകിച്ചും റബ്ബർ പ്ലാൻറേഷൻ വ്യവസായമാണ്. 1953-ൽ റബ്ബർ ഉൽപ്പാദനം ആറു ശതമാനം മാത്രമായിരുന്നതു 1958-ൽ മുപ്പത്തിയെട്ട് ശതമാനമായി ഉയർന്നിരിക്കുകയാണ്. ഇങ്ങനെ പ്ലാൻറേഷൻ വ്യവസായത്തിൽ നമുക്കുണ്ടായിട്ടുള്ള അഭിവൃദ്ധി ഇൻഡ്യയുടെ മൊത്തവ്യാപാരത്തിൽ നമ്മുടെ നന്മക്കു വേണ്ടിയുള്ള യന്ത്രസാമഗ്രികളുടേയും വിദേശനാണയങ്ങളുടേയും സമ്പാദനത്തിനു സഹായകമായിട്ടുണ്ട്. അങ്ങനെയിരിക്കെ ഈ സീലിംഗ് നിയമം തോട്ടങ്ങൾക്കുകൂടി ബാധകമാക്കിയാൽ അതു നമുക്കും രാജ്യത്തിനും നന്മയാണോ? ഈ വ്യവസായങ്ങളിൽ കശുമാവു തോട്ടങ്ങളെപ്പററി പറയുമ്പോൾ ആരും പിണങ്ങേണ്ട കാര്യമില്ല. തൊഴിലാളികൾക്കെതിരായും മുതലാളിമാരെ ആനുകൂലിച്ചും സംസാരിക്കുകയല്ല. ഈ വ്യവസായങ്ങളെ നശിപ്പിക്കാതിരിക്കാനും അതിൻെറ എംപ്ലായിമെൻറു പൊട്ടൻഷ്യാലിററിയെക്കുറിച്ചു സൂക്ഷ്മമായി വിശദീകരിക്കാനും ആഗ്രഹിക്കുകയാണ്. സർ, നമ്മുടെ പ്ലാൻറേഷൻ വ്യവസായരംഗത്തുനിന്നും എത്ര കണ്ടു ഗുണം രാജ്യത്തിനുണ്ടാകുന്നു? തോട്ടങ്ങളിൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നുണ്ട്. അതുപോലെതന്നെ നമ്മുടെ കേന്ദ്രത്തിനും സ്റ്റേററിനും എന്തു നികുതി കൊടുക്കുന്നു എന്നു നോക്കാം. നമുക്കു വിദേശനാണയം സമ്പാദിച്ചുതരുന്നു. അങ്ങനെ നോക്കുമ്പോൾ ഈ തോട്ടങ്ങളെ ജനതയുടെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ടതാണ്. തോട്ടവ്യവസായത്തിൽനിന്നും ഗവൺമെൻറിന് ആണ്ടുതോറും കൂടുതൽ കൂടുതൽ ആദായം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ഈ വ്യവസായങ്ങളെ നശിപ്പിക്കാതിരിക്കണം. ലക്ഷക്കണക്കിനു കുടുംബങ്ങളുടെ ജീവിതമാർഗ്ഗമായ ഈ വ്യവസായം നിലനിൽക്കണമെങ്കിൽ ഇന്ന് ഇൻഡ്യയിലെ മുഴുവൻ വ്യവസായങ്ങളും നശിപ്പിക്കാതിരിക്കണം. അതിന് നാം എന്തു ചെയ്യണം? ഇൻഡ്യയിൽ ഏററവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നതു ഇന്നു കേരളത്തിലാണ്. ഇന്നു ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കുന്നതിൽ തൊണ്ണൂററിയാറു ശതമാനം റബ്ബർ കേരളത്തിലാണ്. ഇൻഡ്യക്ക് 1957-ലേക്കു മൂന്നര ലക്ഷം ടൺ റബ്ബർ ആവശ്യമായിവരും. ഏററവും ചുരുങ്ങിയതു ആറു ലക്ഷം ഏക്കർ സ്ഥലത്ത് റബ്ബർ തോട്ടം ഉണ്ടെങ്കിൽ മാത്രമേ അതു ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളു. നമുക്ക് ഇന്നുള്ളത് രണ്ടുലക്ഷത്തിഅൻപതിനായിരം ഏക്കർ തോട്ടമാണ്. ഇൻഡ്യയിലാകെ പതിമൂന്നു ലക്ഷം തൊഴിലാളികളിൽ കൂടുതൽ ഇന്നീ തോട്ടങ്ങളിൽ ജോലിക്കാരായിട്ടുണ്ട്. ആൻസിലറിയായിട്ടല്ല. ഇന്നു നിലവിലിരിക്കുന്ന പതിനൊന്നു തൊഴിൽനിയമങ്ങളനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്, ഈ തൊഴിലാളികൾക്ക്. കേരളത്തിൽ രണ്ടുലക്ഷത്തിഅൻപതിനായിരം ഏക്കർ സ്ഥലത്തു മാത്രമേ റബ്ബർ തോട്ടമുള്ളു. 1965 ആകുമ്പോഴേക്കും പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിനായി ഇൻഡ്യക്കു വേണ്ടിവരുന്ന റബ്ബർ ഉൽപ്പാദിപ്പിക്കാൻ മൂന്നരലക്ഷം ഏക്കർ സ്ഥലത്തു തോട്ടം വേണം. ഇന്നു രണ്ടരലക്ഷം ഏക്കർ സ്ഥലത്തുമാത്രമേയുള്ളു. ഇൻഡ്യയിൽ ഇന്നു കേരളംപോലെ റബ്ബർകൃഷിക്ക് പററിയ ഒരു സ്ഥലമില്ല. ഇപ്പോൾ കേരളത്തിൻെറ താല്പര്യത്തെ മാത്രമല്ല ഇൻഡ്യയുടെ താല്പര്യത്തെ മുൻനിറുത്തി നോക്കിയാലും തോട്ടം വ്യവസായികളുടെ നേർക്ക് ഈ നിലയിലാണോ പ്രവർത്തിക്കേണ്ടത് എന്നു ശ്രീമതി റോസമ്മാപുന്നൂസിനോട് ചേർന്നുനിന്നുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോടു ഞാൻ ചോദിക്കുകയാണ്.

സർ, തോട്ടം വ്യവസായികൾ എന്നു പറഞ്ഞാൽ അതു കുറെ വെള്ളസായ്പന്മാരുടെ വകയാണെന്നാണ് വിചാരം. ആ നിലയ്ക്ക് അതു ബ്രേക്കപ്പ് ചെയ്യുന്നതുകൊണ്ട് ഒരു കുഴപ്പവും വരാനില്ല, എന്നു വിചാരിച്ചേയ്ക്കാം. മൂന്നാറിനേയും കണ്ണൻദേവൻകമ്പനിയെയും മററും മനസ്സിൽ കണ്ടുകൊണ്ടാണ്

[ശ്രീ. കെ. എം. ജാർജ്ജ്]

പറയുന്നതു്. ശ്രീമാൻ മൊയ്തീൻകുട്ടിഹാജി പറഞ്ഞതുപോലെ വെള്ളസായിപ്പന്മാർ പതിനായിരക്കണക്കിനേക്കർ ഭൂമി തോട്ടങ്ങളായി കൈവശം വച്ചുകൊണ്ടിരിക്കുന്നു. കണ്ണൻദേവൻകമ്പനിക്കാരെപ്പോലെ State within State ആയി വച്ചുകഴിയുകയാണു്. അതു നമ്മുടെ സ്വന്തമാണു് എന്നു പറയുന്നതു തീരെ പൊരുത്തപ്പെടുന്നില്ല. സർ, വെള്ള മുതലാളിമാരെ സംബന്ധിച്ചു് ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. അവർ അതൊക്കെ നേരത്തെക്കൂട്ടി കണ്ടിട്ടുണ്ടു്. തേയിലത്തോട്ടങ്ങളിൽ നടന്നു കഴിഞ്ഞ പണിമുടക്കം അതിനെ ഊർജ്ജിതപ്പെടുത്തി. ഇന്നു് ആഫ്രിക്കായിലും ഉഗാണ്ടായിലും അവർ തോട്ടങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ചൈനക്കാരും തേയിലത്തോട്ടങ്ങളുണ്ടാക്കി നമ്മെ കംപീററു ചെയ്യാൻ ശ്രമിക്കുന്നുണ്ടു്. പാശ്ചാത്യരും പൗരസ്ത്യരുമായ കമ്പനിക്കാർ ഇവിടെ എന്തെങ്കിലും അസൗകര്യമുണ്ടായാൽ പിടിച്ചുനില്ക്കാൻ വേണ്ടി ലോകത്തിന്റെ മററുഭാഗങ്ങളിലുള്ള ഇക്വിറേററാറിയൽ പ്രദേശങ്ങളിൽ തോട്ടങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയിട്ടുണ്ടു് അവരെ നശിപ്പിക്കാൻ തുടങ്ങുന്നതുകൊണ്ടു് നമുക്കാണു കേടുവരുന്നതു്. നാം ഈ വകുപ്പു പാസ്സാക്കുകയാണെങ്കിൽ, ഇരുപതു ശതമാനം ഭൂമി മാത്രമെ അൻപത്തിയേഴാം വകുപ്പുപ്രകാരം ഭൂമി തോട്ടങ്ങൾക്കായി കൊടുക്കുകയുള്ളുവെങ്കിൽ, നമ്മുടെ രാജ്യത്തെ പ്ലാന്റേഷൻ തകരും. സർ, പ്ലാൻറേഷൻ തകർന്നാൽ നമ്മുടെ രാജ്യത്തെ വ്യവസായരംഗത്തും തൊഴിലാളിരംഗത്തും തകരാറുണ്ടാകും. കേന്ദ്രസർക്കാർ അതു സമ്മതിക്കാതെവരും. ആ നിലക്കു ഈ കാൽവെയ്പു മുന്നോട്ടു വയ്ക്കരുതു് എന്നു ഞങ്ങൾ എല്ലാവരും വീണ്ടും വീണ്ടും അപേക്ഷിക്കുകയാണു്.

സർ, ഈ വ്യവസായങ്ങളിൽനിന്നും രാജ്യത്തിനു കിട്ടുന്ന വരുമാനത്തെ സംബന്ധിച്ചു ഒരു കണക്കു ഞാനീ സഭയിൽ വായിക്കുവാനാഗ്രഹിക്കുന്നു. ഞാൻ മിസ്റ്റർ ഉപാസിയുടെ സീലിംഗ് ആൺ ലാൻറു എന്ന പുസ്തകത്തിൽനിന്നും പറയുകയാണു്. പത്തു ഏക്കറുള്ള ഒരു തോട്ടത്തിനു് ഏക്കറിനു് നാൽപ്പത്തിഒന്നു് രൂപവച്ചു നികുതി ഈടാക്കുന്നു. അതേസമയം ആയിരം ഏക്കറുള്ള ഒരു തോട്ടത്തിൽ നിന്നും ഒരേക്കറിനു നൂററിമൂന്നു രൂപാവച്ചുള്ള നികുതിയാണു് കിട്ടുന്നതു്. അപ്പോൾ വലിയ തോട്ടങ്ങളുണ്ടായിരുന്നാൽ രാജ്യത്തു നമ്മുടെ മുതലെടുപ്പു വർദ്ധിക്കുന്നു. തൊഴിലാളികൾക്കു ആനുകൂല്യം നൽകുന്നതിനും കഴിയും. ഈ പുസ്തകത്തിൽനിന്നും ഒരു പാരഗ്രാഫ് ഞാൻ വായിക്കാം.

"In the case of plantation crops, a very important industry besides that of owner or share-holder is involved, namely that of labour. Plantation industry in South India employs nearly 500,000 persons. They are:

(i) medically protected at estate expense;

(ii) housed free;

(iii) covered by sickness benefits;

(iv) covered by provident fund benefits;

(v) allowed paid holidays;

(vi) paid for their return from holidays;

(vii) paid maternity benefits in the case of women workers;

(viii) provided free elementary education for their children;

(ix) given opportunity to earn three times the average national per capita income;

(x) covered by lay-off and retrenchment provision.

LIBRARY ARCHIVES Kerala Legislative Assembly

(xi) covered and protected by eleven separate statutes. The financial burdens involved in the provision of these ben fits both in capital and recurring expenditure would be inconceivable for small units reduced to within the ceiling area prescribed by the Land Laws."

സർ, ഇതാണ് തൊഴിലാളിരംഗത്തും തൊഴിൽരംഗത്തും ഉണ്ടാകാൻ പോകുന്നതു്. ആ അപകടം നാം വരുത്തിവയ്ക്കരുതു്. അങ്ങനെയുള്ള ബുദ്ധിശൂന്യത നാം ചെയ്യുമോ എന്നു വീണ്ടും വീണ്ടും ചോദിക്കുകയാണ്.

സർ, എന്റെ ഭേദഗതിയിൽ ഒന്നുകൂടി പറയുന്നുണ്ട്. അതായതു്, "(m) efficiently managed farms which consist of compact blocks whose break up is likely to lead to fall in production." അങ്ങനെയുള്ള തോട്ടങ്ങളെ സംബന്ധിച്ചും ഫാംസിനെ സംബന്ധിച്ചും തെററിദ്ധാരണയുള്ളതായിട്ട് ഇതിനകം പല സൂചനകളും ഉണ്ടായി. കേന്ദ്രഗവണ്മെന്റും പ്ലാനിംഗ് കമ്മീഷനും അങ്ങനെയുള്ള വെൽമാനേജ്ഡ് ആയിട്ടുള്ള തോട്ടങ്ങളും ഫാംസും പരിധിയിൽനിന്നൊഴിവാക്കപ്പെടണമെന്നു് അനേകം പ്രാവശ്യം നിർദ്ദേശിച്ചിട്ടില്ലേ എന്നു ഞങ്ങൾ ചോദിച്ചിട്ട് നിർദ്ദേശം കിട്ടീട്ടില്ല എന്നാണ് പറയുന്നതു്. അങ്ങനെ കിട്ടീട്ടുണ്ട് എന്നുള്ള അറിവു വച്ചുകൊണ്ടാണ് ചോദിക്കുന്നതു്. അങ്ങനെ കേന്ദ്രഗവണ്മെന്റ് രാജ്യത്തിന്റെ ഉത്തമതാല്പര്യത്തെ മുൻനിർത്തി നീതിചെയ്യണം, അതിനുന്നതിന്നതെല്ലാം ചെയ്യണം എന്നു പറഞ്ഞാൽ എന്തുകൊണ്ടാണ് സർ, യാഥാർത്ഥ്യബോധത്തോടുകൂടി ഈ കാര്യങ്ങൾ ചെയ്യാൻ മുതിരാത്തതു് എന്നു ഞാൻ ചോദിക്കുകയാണ്. ഇതു കാണുമ്പോൾ പൊൻമുട്ടയിടുന്ന താറാവിന്റെ കഥ ഓർമ്മവരികയാണ്. തോട്ടംവ്യവസായത്തെ നാം നശിപ്പിക്കരുതു്. നമുക്കു ഒരുകാലത്തും നികത്താനാവാത്ത ഒരു ആപത്തായിരിക്കും അതു്. ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി, ഈ രാജ്യത്തിന്റെ ഭാവിയുടെ പേരിൽ, സാമാന്യ ജനങ്ങളുടെ അഭിവൃദ്ധിയുടെ പേരിൽ, ഇന്നു് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളുടെ വെളിച്ചത്തിൽ അതിപ്രധാനമായിട്ടുള്ള ഈ വകുപ്പിൽ വേണ്ട വ്യത്യാസം വരുത്താൻ ഗവണ്മെന്റ തയ്യാറാകണമെന്നറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ 55-ാംനമ്പർ വകുപ്പിലുള്ള നിരവധി ഭേദഗതികളെപ്പററി വളരെ ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. ആ നിലയിൽ ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുള്ള വാദങ്ങളിൽ എന്തെങ്കിലും ആവർത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. രണ്ടോ, മൂന്നോ കാര്യങ്ങൾ പ്രത്യേകമായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുകയാണ്. ഈ ബില്ലിൽ പ്ലാന്റേഷനെ ഒഴിവാക്കിട്ടുണ്ടോ എന്നെനിക്കു സംശയമാണ്. പക്ഷെ, പ്ലാന്റേഷനു് ഒരു പ്രത്യേക പരിഗണന ആവശ്യമുണ്ടെന്നു് ഗവണ്മെന്റ സമ്മതിക്കുന്നുണ്ട്. പ്ലാന്റേഷൻ മാത്രമല്ല, പ്ലാന്റേഷൻ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും ആവശ്യമുണ്ടെന്നു് ഗവണ്മെന്റ സമ്മതിക്കുന്നുണ്ട്. കൺസാളിഡേറ്റഡ് ലിസ്ററ നമ്പർ രണ്ടിൽ 106-ാം ഭേദഗതിയിൽ രണ്ടാമത്തെഭാഗം പ്രത്യേകം എന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അതു ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയാണ്. ഈ ഭേദഗതികൊണ്ട് 55-ാംവകുപ്പിൽ (2)-ാം ഉപവകുപ്പിൽ പ്ലാന്റേഷന്റെ എക്സ്പാൻഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അതിന്റെ ഉദ്ദേശം എന്താണെന്നു വ്യക്തമാണ്. ഇന്നു നിലവിലുള്ള പ്ലാന്റേഷനുകൾക്കു മാത്രമല്ല പ്ലാന്റേഷൻ വളരെ വികസിപ്പിക്കുന്നതിനു സാദ്ധ്യതയുള്ള കേരളത്തിൽ വികസനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നുള്ള അർത്ഥത്തിലായിരിക്കണം ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. അല്ലെങ്കിൽ ഈ ഭേദഗതിക്കർത്ഥമില്ല. ഈ ഭേദഗതികൊണ്ട് ഗവണ്മെന്റിനു വേണമെങ്കിൽ ഏതെങ്കിലും തോട്ടവ്യവസായം വികസിപ്പിക്കുന്നതിനുള്ള ഭൂമിയെ ഒരു പ്രത്യേക നോട്ടിഫിക്കേഷൻ കൊണ്ട് ഒഴിവാക്കാം എന്നാണ് പറഞ്ഞിരിക്കുന്നതു്.

2/691/V.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ഈ നിയമം നടപ്പിലായിക്കഴിഞ്ഞു് സീലിംഗിനു മുകളിലുള്ള എല്ലാ ഭൂമിയും ഗവൺമെൻറു് ഏറെറടുക്കുകയും, ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു് അവ വിതരണം ചെയ്യുകയും ചെയ്തുകഴിഞ്ഞു്, പ്ലാൻറേഷൻെറ വികസനത്തിനാവശ്യമായ ഭൂമി ഈ ബില്ലിലെ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥയനുസരിച്ചു് ഒരു നോട്ടിഫിക്കേഷൻകൊണ്ടു് ഗവൺമെൻറിനു് എക്സംപ്റ്റ് ചെയ്യാമെന്നു പറഞ്ഞാൽ എന്തു പ്രയോജനം കിട്ടുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. തോട്ടംവ്യവസായം വികസിപ്പിക്കണമെന്നാണു് ഉദ്ദേശമെങ്കിൽ തോട്ടം വ്യവസായത്തിനുവേണ്ടി റിസർവ്വ് ചെയ്തിട്ടുള്ള സ്ഥലങ്ങൾ പരിധിയിൽനിന്നും ഒഴിവാക്കിയേ തീരൂ. അങ്ങനെ ഒഴിവാക്കുന്നില്ലെങ്കിൽ ഞാൻ മുൻപറഞ്ഞ ലക്ഷ്യം പ്രാപിക്കുക സാദ്ധ്യമല്ല. ഗവൺമെൻറു് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

ഈ ഭേദഗതി, ബില്ലിൻെറ പൊതുചർച്ചാവേളയിൽ ഗവൺമെൻറ കൊണ്ടുവന്നതല്ല. ബില്ലിൻെറ പൊതുചർച്ചാവേളയിൽ ഈ സഭയിൽ ഉണ്ടായ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടും തോട്ടംവ്യവസായങ്ങളെ ഇനിയും വികസിപ്പിക്കണം എന്നു ഗവൺമെൻറിനു് ആഗ്രഹമുള്ളതുകൊണ്ടും ഈ ഭേദഗതി കൊണ്ടുവന്നതാണെങ്കിൽ ഉത്തമവിശ്വാസത്തോടുകൂടി തോട്ടംവ്യവസായങ്ങൾക്കുവേണ്ടി മാററിവച്ച ഭൂമിയെക്കൂടി പരിധിയിൽനിന്നും ഒഴിവാക്കപ്പെടത്തക്കവണ്ണമുള്ള ഒരു ഭേദഗതി ഗവൺമെൻറ ഭാഗത്തുനിന്നും കൊണ്ടുവരേണ്ടതുണ്ടു്. അതിനുള്ള ന്യായത്തെപ്പററി ഞാൻ ഇവിടെ പറയുന്നില്ല. കേരളത്തിൽ തോട്ടം വ്യവസായങ്ങൾക്കു് എന്തു സാദ്ധ്യതയുണ്ടെന്നും, ആ വ്യവസായത്തിൻെറ വികസനം ഈ രാജ്യത്തെ സാമ്പത്തികനിലയെ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും, ഇൻഡ്യയുടെ സാമ്പത്തികനിലയെ മുൻനിറുത്തി തോട്ടംവ്യവസായത്തെ വികസിപ്പിക്കേണ്ടതു് എത്രമാത്രം ആവശ്യമാണെന്നും ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണു്. ഈ ബില്ലിൻെറ പൊതുചർച്ചാവേളയിൽ പലരും അക്കാര്യത്തെപ്പററി പറഞ്ഞിട്ടുണ്ടു്; ഞാനും പറഞ്ഞിട്ടുണ്ടു്. ആ നിലയിൽ ഇൻഡ്യയുടെ ദേശീയ താൽപ്പര്യത്തെ മുൻനിറുത്തിയും, കേരളത്തിലെ പ്രത്യേക ആവശ്യത്തെ മുൻനിറുത്തിയും, വാസ്തവത്തിൽ ഒരാവശ്യമാണെന്നു ഗവൺമെൻറ സമ്മതിക്കുന്നു, എന്നു വിചാരിച്ചുകൊണ്ടു് ആ സമ്മതത്തിൻെറ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതികൊണ്ടു് ഉദ്ദേശിച്ച ഫലം കിട്ടുകയില്ലെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതിലേക്കു് ഈ ഭേദഗതി അല്ല വേണ്ടതു്. പ്ലാൻറേഷനെ മുഴുവനും, ഉത്തമവിശ്വാസത്തോടുകൂടി പ്ലാൻറേഷനു വേണ്ടി സ്ഥലം മാററിവച്ചിട്ടുണ്ടെങ്കിൽ, ആ സ്ഥലം മുഴുവനും പരിധിയിൽനിന്നും ഒഴിവാക്കേണ്ടതുണ്ടു്. അല്ലെങ്കിൽ ഗവൺമെൻറിൻെറ വകയായി തോട്ടവ്യവസായങ്ങൾ ഉണ്ടാക്കേണ്ടിയും വരും. ഗവൺമെൻറിൻെറ വക തോട്ടവ്യവസായങ്ങളുടെ വിസ്തൃതി എത്രമാത്രം വികസിപ്പിക്കുവാനും, വർദ്ധിപ്പിക്കുവാനും കഴിയും എന്നുകൂടി ഗവൺമെൻറ ആലോചിച്ചാൽ കൊള്ളാം. ഗവൺമെൻറിനു് ഇന്നുള്ള പ്രാരബ്ധം എത്രമാത്രമുണ്ടെന്നു ഞങ്ങളേക്കാൾ കൂടുതൽ ഗവൺമെൻറിനറിയാം. അപ്പോൾ ഇന്നത്തെ നിലയ്ക്കു് തോട്ടവ്യവസായത്തെ വികസിപ്പിക്കുവാനുള്ള സാദ്ധ്യത വളരെയില്ല. പതിനായിരം ഏക്കർ ഭൂമിയിൽ റബ്ബർ വയ്ക്കണമെന്നു് ഗവൺമെൻറ തീരുമാനിച്ചിട്ടു് രണ്ടുകൊല്ലത്തോളം ആയിട്ടുണ്ടു്. അയ്യായിരം ഏക്കർ കാടുതെളിച്ചു എന്നു പറയുന്നതു കേട്ടു. അതിൽക്കൂടുതലൊന്നും ഗവൺമെൻറിനു ചെയ്യാൻ കഴിഞ്ഞില്ല. ഈ പരിതഃസ്ഥിതി മനസ്സിൽവച്ചുകൊണ്ടു് ഗവൺമെൻറിനു മാത്രം ഈ വ്യവസായത്തെ വികസിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിക്കൊണ്ടു് പ്രൈവററ സെക്ടററിൽക്കൂടി ഈ വ്യവസായത്തെ വികസിപ്പിക്കുന്നതിനു് അനുവാദം കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നു ധരിച്ചുകൊണ്ടു് ഈ 55-ാം വകുപ്പിൽ പ്ലാൻറേഷനെക്കൂടി പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പൊതുധർമ്മസ്ഥാപനങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഭൂമിയെപ്പററി പറയുകയുണ്ടായി. 55-ാം വകുപ്പിൽ ഒഴിവാക്കിയിട്ടുള്ളതു് ക്ഷേത്രങ്ങളുടേയും, പള്ളികളുടേയും, മോസ്ക്കുകളുടേയും, ശവക്കോട്ടകളുടേയും മററും സൈററുകളാണു്. 57 (3)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. 57 (3)-ാം വകുപ്പുകൊണ്ടു് ചില ഭൂമി മേലിൽ സമ്പാദിക്കുന്നതിനു് ഈ പൊതുധർമ്മ സ്ഥാപനങ്ങൾക്കും മതസ്ഥാപനങ്ങൾക്കും ഉള്ള അവകാശം ഇല്ലാതാക്കുകയാണു്. വേറൊരു സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, ഗവണ്മെൻറു് അതു പരിഗണിച്ചിട്ടുണ്ടെന്നു് എനിക്കറിയാം. ഗവണ്മെൻറു് പൊതു ധർമ്മസ്ഥാപനങ്ങൾക്കും, മതസ്ഥാപനങ്ങൾക്കും കൂടുതൽ ഭൂമി സമ്പാദിക്കുവാൻ പാടില്ലെന്നു പറയുന്നതു് രണ്ടു കാരണങ്ങളാൽ ശരിയായിരിക്കുമോ എന്നാലോചിക്കണം.

ഒന്നാമതു്, അതു നിയമപ്രകാരം ശരിയായിരിക്കുമോ? രണ്ടാമതു് ഈ രാജ്യത്തിൻെറ പൊതുതാല്പര്യത്തിൻെറ അടിസ്ഥാനത്തിൽ അതു ശരിയായിരിക്കുമോ? എൻെറ അഭിപ്രായത്തിൽ, ഭരണഘടന 26-ാം ആർട്ടിക്കിളിനു് എതിരായിരിക്കും ഈ നിയമനിർമ്മാണം. അക്കാര്യം ഗവണ്മെൻറു് ആലോചിക്കേണ്ടതാണു്. ഗവണ്മെൻറു് ഇതിലേക്കു് നിയമവിദഗ്ദ്ധന്മാരുടെ ഉപദേശം സ്വീകരിച്ചിരിക്കുമെന്നാണു് എൻെറ വിശ്വാസം. ആർട്ടിക്കിൾ 26 (സി) അനുസരിച്ചു് വസ്തുക്കൾ സമ്പാദിക്കുന്നതിനുള്ള അവകാശം വ്യക്തികൾ സമ്പാദിക്കുന്നതിനെപ്പററി പറയുന്നതുപോലെയോ, അല്ലെങ്കിൽ മററു പ്രാഥമിക അവകാശങ്ങളെപ്പററി പറയുന്നതുപോലെയോ പരിമിതപ്പെടുത്തിയിട്ടുള്ള അവകാശമില്ല. (ബി)-യിൽ അതിൻെറ അഡ്മിനിസ്ട്രേഷൻ നിയമപ്രകാരം നിയന്ത്രിക്കുവാനുള്ള അവകാശം കൊടുത്തിട്ടുണ്ടു്. എന്നാൽ സ്വത്തുക്കളുടെ അഡ്മിനിസ്ട്രേഷനെ നിയമംകൊണ്ടു നിയന്ത്രിക്കുന്നതിൽ പോലും ഇന്നുവരെയുണ്ടായിട്ടുള്ള അനുഭവം നോക്കിയാൽ ആ അവകാശം വളരെയധികം നിയന്ത്രിക്കാൻ പാടില്ലെന്നു കാണാം. ഒരു ബുദ്ധസന്യാസി ആശ്രമത്തിൻെറ സ്വത്തുക്കൾ അഡ്മിനിസ്റ്റർചെയ്യുന്നതിനുള്ള അവകാശം—ഈ നിയമം വച്ചുകൊണ്ടു് ഏറെറടുക്കാൻ തുടങ്ങിയാൽ അതു തെററായിരിക്കും എന്നു വിധിയുണ്ടായിട്ടുണ്ടു്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. 26 (സി) അനുസരിച്ചു് മതസ്ഥാപനങ്ങളേയും, ധർമ്മസ്ഥാപനങ്ങളേയും മേലാൽ സ്വത്തു് സമ്പാദിക്കുന്നതിനെ തടയുന്നതു് തെററായിരിക്കുകയില്ലേ എന്നു് ഗവണ്മെൻറു് ആലോചിക്കേണ്ടതാണു്.

രണ്ടാമത്തെ കാരണമായി ഞാൻ പറഞ്ഞതു്, ഈ നിയന്ത്രണം പൊതുതാൽപ്പര്യത്തിൻെറ അടിസ്ഥാനത്തിൽ ശരിയായിരിക്കുമോ, എന്നതാണു്. നമ്മുടെ പല മതസ്ഥാപനങ്ങൾക്കും നല്ലയാളുകൾ, അല്ലെങ്കിൽ ഭക്തന്മാർ, സ്വത്തുക്കൾ കൊടുക്കാറുണ്ടു്. പല ക്ഷേത്രങ്ങൾക്കും അവയുടെ നിത്യനിദാനങ്ങൾ നടത്താൻ സാധിക്കുന്നതു് ഈ മാതിരി ഓരോ ഭക്തന്മാർ ഓരോ സമയത്തു കൊടുക്കുന്ന സ്വത്തുക്കൾകൊണ്ടാണു്. പള്ളികളെ സംബന്ധിച്ചും ഈ മാതിരി ദാനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെ ഭക്തന്മാർ നൽകുന്ന സ്വത്തുക്കൾ ഉപയോഗിച്ചു് മതസ്ഥാപനങ്ങൾ നടത്താൻ കഴിയും. അപ്പോൾ ഭാവിയിൽ ക്ഷേത്രങ്ങൾക്കോ, പള്ളികൾക്കോ സ്വത്തുക്കൾ കൊടുക്കാൻ നിർവ്വാഹമില്ലാത്ത ഒരു പരിതഃസ്ഥിതി നിയമപ്രകാരം ഉണ്ടാകുന്നപക്ഷം അതു രാജ്യത്തിനു അനുഗുണമായിരിക്കുമോ എന്നും ആലോചിക്കണം. എൻെറ അഭിപ്രായം അങ്ങനെയുള്ള ഒരു പരിമിതി ആവശ്യമില്ല എന്നാണു്. വ്യക്തികളുടെ സ്വത്തിൽനിന്നും കുറച്ചു കേന്ദ്രങ്ങൾക്കോ, പള്ളികൾക്കോ കൊടുക്കുന്നതുകൊണ്ടു് യാതൊരു തരക്കേടും വരാൻ പോകുന്നില്ല. നേരെമറിച്ചു്; ക്ഷേത്രങ്ങളുടെയോ, പള്ളികളുടെയോ കാര്യക്ഷമമായ പ്രവർത്തനത്തിനു് അതു സഹായകമായിരിക്കും. അതുകൊണ്ടു് 55 (ജി), (ജെ) എന്നീ വകുപ്പുകൾ ഭേദപ്പെടുത്തേണ്ടതാണെന്നു് എനിക്കഭിപ്രായമുണ്ടു്. അതിലേക്കാവശ്യമായ പല ഭേദഗതികളും ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ശ്രീ. കെ. കെ. വിശ്വനാഥൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം അല്പം കൂടി വിശദമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞതു്, മതസ്ഥാപനങ്ങളുടെ വസ്തുക്കളിൽ കുടിയാന്മാരായ ആളുകൾക്കു് ഉടമസ്ഥാവകാശം വാങ്ങിക്കുന്നതിനുള്ള അവകാശം നിയമപ്രകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അതിനു് ഈ വകുപ്പു് തടസ്സമായി നിൽക്കരുതെന്നാണു്. അങ്ങനെ കുടിയാനു ലഭിച്ചിരിക്കുന്ന അവകാശം 55-ാംവകുപ്പിൽ എക്സംപ്ഷൻ എഴുതിവച്ചു് ഇല്ലാതെ പോകരുതെന്നാണു് എനിക്കും പറയുവാനുള്ളതു്. സീലിംഗ് മതസ്ഥാപനങ്ങൾക്കു് ഉണ്ടെങ്കിലും, ഇല്ലെങ്കിലും അവരുടെ കൈവശമുള്ള വസ്തുക്കൾ നിയമപ്രകാരം വാങ്ങിക്കുന്നതിനുള്ള അവകാശവും, അധികാരവും, സീലിംഗിൽനിന്നും ഒഴിവാക്കപ്പെടുന്നതുകൊണ്ടു് ഇല്ലാതായിപ്പോകരുതു്. അതുകൊണ്ടു് ശ്രീ. വിശ്വനാഥൻ പറഞ്ഞ കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. ഇവിടെ വന്ന ഒരു ഭേദഗതി അംഗീകരിച്ചാലും അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ടാകുകയില്ല. മതസ്ഥാപനങ്ങളുടെ പുരോഗതിക്കുവേണ്ടി, മതസ്ഥാപനങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിനുവേണ്ടി ഈ പരിമിതിയെ ഇല്ലാതാക്കി 55-ാംവകുപ്പിൽ പൂർണ്ണമായും മതസ്ഥാപനങ്ങളെ ഒഴിവാക്കേണ്ടതാണു്.

കായൽ നിലങ്ങളെപ്പററി എന്റെ പാർട്ടി ചില ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. അതിനെപ്പററി മററു പല മെമ്പറന്മാരും സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞു. എന്തുകൊണ്ടു് കായൽനിലങ്ങളെ ഒഴിവാക്കണം എന്നു പറയുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. ഈ വകുപ്പിന്റെ (2)-ം (3)-ം ഉപവകുപ്പുകൾ വായിച്ചുനോക്കിയാൽ കായൽപോലെയുള്ള പ്രത്യേക സ്വഭാവമുള്ള സ്ഥലങ്ങളെ ഒഴിവാക്കണമെന്നു് ഗവൺമെന്റിനു് ആഗ്രഹമുണ്ടെന്നു കാണാം. അങ്ങനെ ആഗ്രഹമുണ്ടെങ്കിൽ അതു നേരെ ചെയ്യുവാൻ മനസ്സില്ലാതെ വന്നതു എന്തുകൊണ്ടാണു്? നിയമപ്രകാരം ഇന്നുതന്നെ ഈ വ്യവസ്ഥയിൽ കായൽനിലങ്ങളെ ഒഴിവാക്കാവുന്നതാണു്, ഒഴിവാക്കേണ്ടതുമാണു്.

അതുപോലെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വത്തുക്കൾക്കു് പരിധി വച്ചിട്ടുള്ളതും ന്യായമല്ല. പൊതുധർമ്മസ്ഥാപനങ്ങളെപ്പററിയും, മതസ്ഥാപനങ്ങളെപ്പററിയും പറഞ്ഞിട്ടുള്ളതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഭൂസ്വത്തുക്കൾ ദാനമായി കൊടുക്കുന്ന പതിവുണ്ടു്. ഒരു കാളേജിനോ, അല്ലെങ്കിൽ പ്രത്യേക സ്കൂളിനോ സ്വത്തുണ്ടായിരിക്കുന്നതിനെയോ, അല്ലെങ്കിൽ സ്വത്തു നൽകുന്നതിനെയോ തടയേണ്ട ആവശ്യം എന്താണു്? വ്യക്തികളുടെ കയ്യിൽ കുന്നുകൂടികിടക്കുന്ന സ്വത്തുക്കളിൽ ഒരു ഭാഗം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു കൊടുക്കുന്നതുകൊണ്ടു് വിതരണം കുറേക്കൂടി നീതിപൂർവ്വകമാക്കുകയാണു് ചെയ്യുന്നതു്. ആ നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വക മുഴുവൻ ഭൂമിയും 55-ാമത്തെ വകുപ്പിൽനിന്നും ഒഴിവാക്കേണ്ടതാണു്. ഈ വകുപ്പിലെ (2)-ം (3)-ം ഉപവകുപ്പുകൾ ആവശ്യമില്ല. ഗവൺമെന്റിനു് ആർബിട്രറിയായ അധികാരങ്ങൾ നൽകുന്നവയാണു് ഈ രണ്ടുപവകുപ്പുകളും. അതു പ്രയോജനപ്രദമായ വകുപ്പുകളുമല്ല.

ഇന്നുതന്നെ ഏതു ഭൂമിയാണു് ഒഴിവാക്കേണ്ടതെന്നു തീരുമാനിക്കുന്നതിനു് ഒരു ബുദ്ധിമുട്ടും ഇല്ല. ഇങ്ങനെ ഒഴിവാക്കപ്പെടേണ്ട ഭൂമിയെല്ലാം 55-ാമത്തെ വകുപ്പിൽത്തന്നെ ഒഴിവാക്കേണ്ടതുമാണു്. ഏതെങ്കിലും കുറേ ഭാഗം, ഏതെങ്കിലും വിധത്തിലുള്ള ഭൂമി ഒഴിവാക്കാനുള്ള അധികാരം, ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നതുകൊണ്ടു്, ആ അധികാരം ദുർവ്വിനിയോഗം ചെയ്യാൻ ഇടയുണ്ടു്. മാത്രമല്ല, ദുർവ്വിനിയോഗം ചെയ്യാൻ ഇടയുണ്ടെന്നു വിശ്വസിക്കാൻ ഇടയുണ്ടു്. ഇന്നുവരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ, നിയമനിർമ്മാണകാര്യത്തിൽ, ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്ന അധികാരങ്ങൾ, ഇന്നത്തെ ഗവൺമെന്റു് വളരെയധികം ദുർവ്വിനിയോഗം ചെയ്തിട്ടുണ്ടെന്നു കാണുന്നുണ്ടു്. മററധികാരങ്ങളും ഇങ്ങനെ ദുർവ്വിനിയോഗം ചെയ്യുന്നുണ്ടു്.

ഫലപ്രദമായി ഇങ്ങനെയുള്ള നടപടികളെ എതിർക്കുന്നതിന് എല്ലാ കാലത്തും ജാഗ്രതയോടുകൂടി ജനങ്ങൾ നോക്കിയിരിക്കുന്നുണ്ട്; എന്നിട്ടുപോലും അധികാരങ്ങൾ ദുർവ്വിനിയോഗം ചെയ്യുന്നുണ്ട്. ആ നിലയിൽ ഈ അധികാരം ലഭിച്ചാൽ, അതിനെ ദുർവ്വിനിയോഗം ചെയ്യുന്നതിന് ഏതെങ്കിലും വ്യക്തിയോ, മററു സ്ഥാപിതതാല്പര്യക്കാരോ കുറേ ഭൂമി സീലിംഗിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കിട്ടുന്നതിന് ഗവൺമെന്റിന്റെ മേൽ സ്വാധീനം ചെലുത്താൻ ഇടയുണ്ടെന്നും, ഇന്ന് ഏതാണ്ട് കാര്യങ്ങൾ നടത്തുന്ന സമ്പ്രദായത്തിൽ, പററിയ ചില ആളുകളെ സമീപിച്ച് ചില പ്രത്യേകമാർഗ്ഗങ്ങളിൽക്കൂടി പോകുക എന്നുള്ളത് ഒരു നിർബ്ബന്ധമായിത്തീരുകയില്ലേ എന്നും ഞാൻ സംശയിക്കുകയാണ്. അങ്ങനെ ചിലരെ സംരക്ഷിക്കാൻവേണ്ടി, ഭരിക്കുന്ന പാർട്ടിക്കും, പാർട്ടിയിലെ ചിലർക്കും ചില ആനുകൂല്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് 2-ം, 3-ം ഉപവകുപ്പുകൾ ഇതിൽ ചേർത്തിരിക്കുന്നത്. കേരളത്തിലെ ഭൂപ്രകൃതിയെപ്പററി നമുക്കറിയാം; ഇവിടത്തെ കൃഷികളെപ്പററി വേണ്ടതുപോലെ നമുക്കറിയാം. അതിൽ ഏതൊക്കെ ഭൂമിയാണ് പരിധിയിൽനിന്നും ഒഴിവാക്കേണ്ടതെന്ന് നമുക്കു തീരുമാനിക്കാവുന്നതേയുള്ളു. ഇനിയും ചന്ദ്രലോകത്തുപോയി, ഒരു പുതിയ കൃഷിസമ്പ്രദായം ഇവിടെ നടപ്പിലാക്കുകയാണെങ്കിൽ അതു് ഒഴിവാക്കാനല്ല നാം ഇങ്ങനെയൊരു ഉപവകുപ്പ് ഇതിൽ കൊള്ളിച്ചിരിക്കുന്നത്. അപ്പോൾ ഇങ്ങനെ രണ്ടും, മൂന്നും ഉപവകുപ്പുകൾ ഇതിൽ ചേർത്തിരിക്കുന്നത് ഭരണകക്ഷിയിലെ ചിലർക്ക് ചില പ്രത്യേക നേട്ടം ഉണ്ടാക്കാൻവേണ്ടിയാണെന്ന് ഞാൻ സംശയിക്കുകയാണ്. അനുഭവങ്ങളിൽനിന്നുള്ള സംശയമാണത്; ഈ രാജ്യത്ത് ഇങ്ങനെയുള്ള ഉദാഹരണങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള സംശയത്തിന് ഇട കൊടുക്കാതെ 2-ം, 3-ം ഉപവകുപ്പുകൾ മാററുകയും ഒഴിവാക്കപ്പെടേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് അവസാനമായി തീരുമാനിക്കുകയും വേണം.

സർ, 55-ാംക്ലാസിലെ 1 (ബി) ഉപവകുപ്പ് ആവശ്യമില്ലാത്തതാണ്. അതു് എടുത്തുകളയുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു, അതു് സ്വാഗതാർഹമാണ്. (സി) ഉപവകുപ്പിനു് മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി അപകടം പിടിച്ചതാണ്. പ്രൈവററ് ഫാറസ്റ്റ് 55-ാംവകുപ്പിൽനിന്നും ഒഴിവാക്കുന്നതിനെ ഈ ഭാഗത്തിരിക്കുന്നവർ, എന്റെ പാർട്ടിയിലെ ആളുകൾ അനുകൂലിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ ഒഴിവാക്കുന്നതു് ന്യായമായ ഒരു പൊതുതാല്പര്യത്തെ മുൻനിറുത്തിവേണം. പ്രൈവററ് ഫാറസ്റ്റ്, ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച്, പ്രതിഫലം കൊടുത്തിട്ട് എന്തെങ്കിലും ചെയ്യേണ്ടതല്ല. നേരേമറിച്ച് അതിനു പ്രത്യേകമായി ഒരു നിയമനിർമ്മാണംചെയ്തു് മുഴുവൻ ലാൻഡും കൃഷിക്കായി ഉപയോഗിക്കേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷെ, പ്രൈവററ് ഫാറസ്റ്റിന്റെ ഡഫനിഷനിൽ വന്ന വ്യത്യാസം എന്താണെന്ന് എനിക്കു നിശ്ചയമില്ല. പ്രൈവററ് ഫാറസ്റ്റ് ഇവിടത്തെ കൃഷിക്കാർക്ക് ഉപയോഗപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ഇതിൽ പറയുന്നതുപോലുള്ള അപകടമൊന്നുമില്ല. ഇപ്പോൾ ഇവിടെ കൃഷി ചെയ്യുന്ന ആളുകളുടെ കൃഷി ഇല്ലാതെവരരുതു്. അതു് പ്രത്യേകം ശ്രദ്ധിക്കണം. ഇത്രയുമാണ് പ്രൈവററ് ഫാറസ്റ്റിനെപ്പററി എനിക്ക് പറയാനുള്ളതു്.

സർ, ആകെപ്പാടെ പറഞ്ഞാൽ, 55-ാംക്ലാസിലെ ഉപവകുപ്പിൽ ഉത്തമവിശ്വാസത്തോടുകൂടി പ്ലാന്റേഷനു മാററിവയ്ക്കുന്ന സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തണം; പൊതുധർമ്മസ്ഥാപനങ്ങളുടെ, മതസ്ഥാപനങ്ങളുടെ കൈവശം ഇരിക്കുന്ന ഭൂമിയെ 55-ാംവകുപ്പിൽനിന്നും ഒഴിവാക്കിക്കൊടുക്കണം; വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വകയായിട്ടുള്ള ഭൂമിയും ഇതിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണ്; കായൽനിലങ്ങളും, പ്രൈവററ് ഫാറസ്ററും ഒഴിവാക്കുമ്പോൾ ഇവിടത്തെ കൃഷിക്കാരുടെ കാര്യം പ്രത്യേകം പരിഗണിക്കണം.

സർ, അവസാനമായി ഗവൺമെന്റ് ഭാഗത്തുനിന്നും അവതരിപ്പിച്ച മറെറാരു ഭേദഗതിയെപ്പററി പറയാനുണ്ട്. അതു് പ്ലാനിംഗ് കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ത്തുപാർശയനുസരിച്ചുള്ള 'വെൽ മാനേജിംഗ് ഫാമിനെ'പ്പറ്റിയാണ്. അതിനെപ്പറ്റി ദീർഘമായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഇവിടെ പറഞ്ഞതുകേട്ടാൽ, എല്ലാ വെൽ മാനേജിംഗ് ഫാമും ഇതിൽനിന്നും ഒഴിവാക്കാൻ പോകുന്നുവെന്ന് ആരോ പറഞ്ഞതായി തോന്നും. അങ്ങനെ അർത്ഥമില്ല. അങ്ങനെയുള്ള ഫാംസ് വിഭജിച്ചാൽ ഉൽപ്പാദനം കുറഞ്ഞു പോകുമെങ്കിൽ, അതല്ല, വളരെയധികം പണം ചെലവുചെയ്തുണ്ടാക്കിയ ഫാംസ് ആണെങ്കിൽ അവ വിഭജിക്കാൻ പാടില്ലെന്നേ പറയുന്നുള്ളു. അല്ലാതെ രാജ്യത്തുള്ള തെങ്ങിൻതോപ്പുകൾ ഏതെങ്കിലും വിഭജിച്ചാൽ അതിന്റെ ഉൽപ്പാദനം കുറയുമെന്നു പറയുന്നതിൽ അർത്ഥമില്ല. വളരെയധികം മുതൽ മുടക്കിയിട്ടുള്ളതും, ഉൽപ്പാദനം കുറയാൻ ഇടയുള്ളതുമായ ഫാംസ് വിഭജിക്കാൻപാടില്ലെന്നേയുള്ളു. ഈ ഭേദഗതികൾ പ്ലാനിംഗ് കമ്മീഷന്റെ ഉദ്ദേശം അനുസരിച്ച് കൊണ്ടുവന്നിട്ടുള്ളതാണ്. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശാനുസരണം കൊണ്ടുവന്നിട്ടുള്ള ഭേദഗതി സ്വീകരിക്കണമോ എന്ന കാര്യം വ്യക്തമായി ചിന്തിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അപേക്ഷിക്കുകയാണ്. ഇതിനൊരു വ്യതിയാനം 55-ാം ക്ലാസിൽ വരുത്തേണ്ട ആവശ്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കുമെന്നും ഇത് സ്വീകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ വകുപ്പിനെസംബന്ധിച്ച് ഇന്നലെയും ഇന്നുമായിട്ട് നടന്ന ചർച്ചകളിലെ സംഗതികൾ ഉൾക്കൊണ്ടുകൊണ്ട് ഒരു ചെറിയ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്; അത് സഭ അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു. The amendment is this:

In Clause 55, sub clause (2) after 'any land is put' insert 'or on account of any land being bona fide required for the purpose of conversion into plantation, or for the expansion or preservation of an existing plantation'.

The amendment moved by Shri T. A. Thommen may be accepted as follows:—

In sub clause (3) for the last sentence, the following shall be substituted:—

'If the Legislative Assembly does not—

(i) approve with or without modification; or

(ii) disapprove

the said draft during the period aforesaid, it shall be lawful for the Government to publish the notification in the Gazette in terms of the draft.

Shri P. T. Chacko: It has been decided twice by this Assembly and the Speaker that no oral amendment would be accepted.

ശ്രീ. ജോസഫ് ചാഴിക്കാട്: ഇന്നലെ ഞാനും ഈ കാര്യം പറഞ്ഞു, എല്ലാം കഴിഞ്ഞിട്ട് പുതിയ ഭേദഗതികൾ കൊണ്ടുവരുമെന്ന്.

ശ്രീമതി കെ. ആർ. ഗൗരി: സർ, രണ്ടുദിവസത്തെ ചർച്ചയുടെ ഫലമായി ഈ വകുപ്പിൽ ഒരു ചെറിയ ഭേദഗതി വരുത്താമെന്നല്ലാതെ മറ്റൊന്നും ഞാൻ ചെയ്യുന്നില്ല. മററു ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത് 56-ാം, 57-ാം വകുപ്പുകൾ ചർച്ചചെയ്യുമ്പോൾ, വേറേ ചില ഭേദഗതികളുമായി സ്വീകരിക്കേണ്ടി വരത്തക്ക നിലയിലുള്ളതാണ്. അതുകൊണ്ട് 55-ാം വകുപ്പിൽ ആ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ഇന്നു സംസാരിച്ചപ്പോൾ Exemption-നെപ്പററി അഭിപ്രായം പറഞ്ഞ മിക്കവാറും ആളുകൾ, പലതരം ഭൂവിഭാഗങ്ങൾ ഈ വകുപ്പിൽനിന്നും ഒഴിച്ചുനിറുത്തണമെന്നുള്ള നിലയിൽ സംസാരിച്ചുകേട്ടു. സർ, ഈ വകുപ്പ്, സീലിംഗിനെ ബാധിക്കാത്ത ഭൂമിയെ സംബന്ധിച്ചുള്ളതാണ്. ഏതെല്ലാം ഭൂമികൾക്ക് സീലിംഗ് പാടില്ല എന്നുള്ളതിനെ സംബന്ധിച്ചാണ് ഇതിൽ പറയുന്നത്. സീലിംഗ് എങ്ങനെ നടപ്പാക്കണമെന്നും മററുമുള്ള കാര്യങ്ങൾ 56-ം, 57-ം വകുപ്പുകളിൽ പ്രതിപാദിക്കുന്നു.

സർ, ഇവിടത്തെ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ചില കണക്കുകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് 56 ശതമാനത്തോളം ആളുകൾ ലാൻഡ്‌ലെസ്സ് വർക്കിംഗ് ക്ലാസ്സ് പീപ്പിൾസാണ്. ഈ വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുന്നത്, സീലിംഗ് കഴിഞ്ഞ് ഗവണ്മെൻറ് ഏറ്റുക്കുന്ന ഭൂമി വിതരണം ചെയ്താൽ അധികമൊന്നും ആർക്കും കിട്ടാൻ പോകുന്നില്ലെന്നു കാണിക്കനാണ്. ഇവിടത്തെ ഭൂമി ഏക്കറേജിൻെറ അടിസ്ഥാനത്തിൽ പരിധി നിശ്ചയിക്കുന്നതു തെററാണെന്നു ഞങ്ങൾ മുൻപുതന്നെ പറഞ്ഞിട്ടുണ്ട്. വ്യത്യസ്തരീതിയിലുള്ള ഭൂമികൾ തരംതിരിച്ച് ഈ വൈകിയ വേളയിലെങ്കിലും ആദായത്തിൻെറ അടിസ്ഥാനത്തിൽ സീലിംഗ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതു ഉപകാരപ്രദമായിരിക്കും. ശ്രീ. ടി ഏ. തൊമ്മൻ അതിനെപ്പററി വിശദമായി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. നാഗപ്പൂർ സമ്മേളനത്തിലെ നാലാമത്തെ കാർഷികഘടനയെ സംബന്ധിച്ചുള്ള പ്രമേയത്തിൽ പാസ്സാക്കിയ തത്വംതന്നെ ഇവിടെയും സ്വീകരിക്കാമെന്നാണ് ഞങ്ങൾ പറയുന്നത്. ശ്രീ. ചന്ദ്രശേഖരൻനായർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, 'നിങ്ങൾ, ഭൂമി വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ തരംതിരിക്കരുതെന്നു ഒരിക്കൽ പറയുകയും, അടുത്ത സന്ദർഭത്തിൽ ഇൻകം അടിസ്ഥാനമാക്കി വേണമെന്നു പറയുകയും ചെയ്യുന്നതു പൂർവ്വാപരവിരുദ്ധമല്ലേ? എന്ന്'. സർ, പൂർവ്വാപരവിരുദ്ധമല്ലാത്ത രീതിയിൽ നടപ്പിലാക്കാവുന്ന ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. നാഗപ്പൂർ പ്രമേയത്തിൽ പറയുന്നതുപോലെ, സ്റ്റാൻഡേർഡ് ഏക്കറേജ് തത്വം സ്വീകരിച്ചാൽമതി. അതു തന്നെയാണ് ശ്രീ. ടി. ഏ. തൊമ്മൻ അവതരിപ്പിച്ച ഭേദഗതിയുടെയും ചുരുക്കം. ഭൂമി വാർഷികവരുമാനത്തിൻെറ അടിസ്ഥാനത്തിൽ നാലുതരമായി തിരിക്കണം. ഗവണ്മെൻറ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു് പരമാവധി ഒരു കുടുംബത്തിന് 15 ഏക്കർവരെ കൈവശം വയ്ക്കാമെന്നാണ്. അതിനു പകരം സ്റ്റാൻേറർഡ് ഏക്കർ എന്നാക്കണം. ഏക്കറിന് ആണ്ടിൽ മുന്നൂററിഅൻപതു രൂപ അററാദായം കിട്ടുന്ന പത്തേക്കർ ഭൂമി ഒരു കുടുംബത്തിന് സീലിംഗ് നിശ്ചയിക്കണമെന്നാണ് ഞങ്ങൾ പറയുന്നതു്. അങ്ങനെ ചെയ്താൽ വലിയ അനീതിക്ക് ഇടയില്ലാതാകും. ആപത്തുകൾ ഒഴിവാക്കാൻ ആഗ്രഹമുള്ളതുകൊണ്ടാണ് സ്വീകരിക്കമെന്നുള്ള വിശ്വാസത്തിൽ ഇതു പറയുന്നതു്. ഇന്നു ഗവണ്മെൻറ് ചെയ്തിരിക്കുന്നതുപോലെ, നാട്ടോടിഭാഷയിൽ പറഞ്ഞാൽ, 15 ഏക്കറെന്നു് കൊട്ടത്താപ്പിനു് ഒരു കണക്ക വച്ചാൽ, പല പരിമിതികളും ഉണ്ടാകും. അമ്പലപ്പുഴ, ചേർത്തല മുതലായ പ്രദേശങ്ങളിൽ നല്ല കായ്ഫലമുള്ള 15 ഏക്കർ തെങ്ങിൻതോപ്പിനു പകരം, കിഴക്കൻപ്രദേശങ്ങളിൽ 100-ം, 150-ം ഏക്കർ സ്ഥലം കൊടുക്കാൻ ആളുകൾ തയ്യാറാകും. അങ്ങനെ കൊടുത്താലും ചേർത്തലക്കാരനായിരിക്കും നഷ്ടം. ഇങ്ങനെ വരാതിരിക്കാൻ എന്തെങ്കിലും ഒരു തത്വം നാം സ്വീകരിക്കണം. അങ്ങനെ നാം ഒരു തത്വം സ്വീകരിക്കുന്നതു് നമ്മെ സംബന്ധിച്ചിടത്തോളം ഒരു പുതുമയായിരിക്കും. എന്നാൽ, നാഗപ്പൂർ പ്രമേയത്തിൻെറ വെളിച്ചത്തിൽ, രാജസ്ഥാനിൽ നിയമനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വസ്തുത ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. മേയ് മുപ്പത്തൊന്നാംതീയതിയിലെ 'ഹിന്ദു' മാസികയിലെ 16-ാം പേജിൽ ബഹുമാനപ്പെട്ട മന്ത്രി നോക്കിയാൽ അതു കാണാവുന്നതാണ്. അതിനകത്തു പറയുന്നതു്, രാജസ്ഥാനിൽ സെലക്ററ് കമ്മിററിയിൽ റിപ്പോർട്ടിനു് അയയ്ക്കുന്നതിനു മുൻപുതന്നെ അവർ സ്റ്റാൻേറഡ് ഏക്കറായിരുന്നു സ്വീകരിച്ചിരുന്നതു്. ഭൂമി ആദായത്തിൻെറ അടിസ്ഥാനത്തിൽ, ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം ഇങ്ങനെ തരംതിരിച്ച്, അവിടത്തെ പ്രത്യേക കാലാവസ്ഥയുടെയും, ആദായത്തിൻെറയും അടിസ്ഥാനത്തിൽ സീലിംഗ് നിശ്ചയിക്കുകയായിരുന്നു. രാജസ്ഥാനിൽ വളരെയധികം മരുഭൂപ്രദേശമുണ്ട്. അതുപോലെതന്നെ കനാൽ കൺട്രിവേററഡ് ഭൂമിയുമുണ്ട്. കനാൽ കൺട്രിവേററഡു ഭൂമി 15 ഏക്കറിന് തുല്യമായി 150 ഏക്കർ മരുഭൂമിയാണ് നിശ്ചയിച്ചിരിക്കുന്നതു്. ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

15 ഏക്കർ കനാൽ കൾട്ടിവേറ്റഡ് ഭൂമി പരിധി നിശ്ചയിച്ചിരുന്നതു്, സെലക്റ്റ കമ്മിററിയുടെ പരിശോധനയ്ക്കു ശേഷം, 30 ഏക്കറാക്കി മാററി. ഞാൻ ഇതു ചൂണ്ടിക്കാണിച്ചതു ഇങ്ങനെ നാട്ടിൽ പല ഭാഗങ്ങളിലും ഈ തത്വം അംഗീകരിക്കുന്നുണ്ടെന്നു കാണിക്കാനാണു്. നാം ഭൂമിയുടെ പരിധി കണക്കാക്കുമ്പോൾ, വെറും ഏരിയായുടെ അടിസ്ഥാനത്തിൽ കണക്കു കൂട്ടിയാൽ പല അപാകതകൾ ഉണ്ടാകും, കുഴപ്പങ്ങൾ ഉണ്ടാകും. അതു ഒഴിവാക്കാൻ വേണ്ടി ഈ തത്വം നാം സ്വീകരിക്കണം. അങ്ങനെ ഗവണ്മെൻറ ഈ തത്വം സ്വീകരിച്ചാൽ അതൊരു പരാജയമാണെന്നു കരുതേണ്ട; ഞങ്ങൾ സന്തോഷമായി ഇതിനെ പിൻതാങ്ങാൻ തയ്യാറാണു്. ഈ സഭയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഒരുമിച്ചു ചേർന്നു് ഇങ്ങനെയൊരു നിയമം പാസ്സാക്കിയാൽ അതൊരു വലിയ നേട്ടമായിരിക്കും. ഈ ഭാഗത്തിരിക്കുന്നവരുടെ മനസ്സിൽ യാതൊരു വ്രണവും ഉണ്ടാക്കാതെ, എല്ലാവരും കൂടി യോജിച്ചുകൊണ്ടു് ഒരു നിയമം പാസ്സാക്കാനുള്ള അവസരം ഉണ്ടാക്കാൻ ഗവണ്മെൻറിനോടു ഞാൻ അപേക്ഷിക്കുകയാണു്.

സർ, ഈ ബില്ലിൽ പ്രായപൂർത്തിയായ അവിവാഹിതമെമ്പർക്കു് ഒരു കുടുംബത്തിൻെറ പകുതിയെന്നാണു കണക്കു വച്ചിരിക്കുന്നതു്. ഒരു കുടുംബത്തിനു് പത്തേക്കർ ഉണ്ടെങ്കിൽ അവിവാഹിതവ്യക്തിക്കു 5 ഏക്കർ. അതിനെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സപാർട്ടിയിലെ അംഗങ്ങൾ ഡിസെൻഡിംഗ് നോട്ടിൽ അഭിപ്രായപ്പെട്ടിട്ടുള്ളതിൻെറ പശ്ചാത്തലത്തിൽ വളരെ ന്യായമായ ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. പാർട്ടി പരിഗണന കൂടാതെ അതു പാസ്സാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. അങ്ങനെ ഐക്യബോധത്തോടുകൂടി ഈ നിയമം പാസ്സാക്കി നടപ്പിൽ വരുത്താനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. ഏ. മാത്യു</u>: സർ, 56-ാം വകുപ്പിൽ, ഒരു കുടുംബത്തെ ഒരു യൂണിററായി സ്വീകരിച്ചുകൊണ്ടു്, വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ പരിധിനിശ്ചയിക്കുന്ന ഒരു തത്വമാണു നാം അംഗീകരിച്ചിരിക്കുന്നതു്. വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ പരിധി നിശ്ചയിക്കുക എന്ന കാര്യത്തിൽ ഈ നിയമസഭയിലെ എല്ലാ അംഗങ്ങളും ഒരു പോലെ യോജിക്കുന്നുണ്ടു്. പക്ഷെ, ആ തത്വത്തോടൊപ്പം ഈ സംസ്ഥാനത്തിൻെറ പ്രത്യേക പരിതഃസ്ഥിതികൂടി മനസ്സിൽവച്ചു ചിന്തിച്ചാൽ, വിസ്തീർണ്ണംമാത്രം ആധാരമാക്കി പരിധി നിശ്ചയിക്കുന്നതു് അശാസ്ത്രീയമാണെന്നും ബോദ്ധ്യപ്പെടും. പ്ലാനിംഗ് കമ്മിഷനും, അതുപോലെ ഭൂനിയമം നടപ്പിലാക്കണമെന്നാഗ്രഹിക്കുന്ന എല്ലാവരും, ഭൂനിയമപരിഷ്കാരംകൊണ്ടുദ്ദേശിക്കുന്ന ഫലം ഉളവാകുന്നതിനും, സാമൂഹ്യനീതി കൈവരുത്തുന്നതിനും, അങ്ങനെ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനും ഭൂമിയുടെ വിസ്തീർണ്ണംമാത്രം പരിധിനിശ്ചയിക്കുന്നതിൽ ഒരു മാനദണ്ഡമായി സ്വീകരിക്കുന്നതു സഹായകമായിരിക്കുകയില്ലെന്ന അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ടു്. ഈ രാജ്യത്തിൻെറ പ്രത്യേക പരിതഃസ്ഥിതി നാം കണക്കിലെടുക്കണമെന്നാണു് എൻെറ വ്യക്തമായ അഭിപ്രായം. ചില പ്രദേശങ്ങളിൽ, വിഭിന്നമായ ഭൂപ്രകൃതിയോടുകൂടിയ സ്ഥലം നമ്മുടെ നാട്ടിലുണ്ടെന്നുള്ള കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. ആ നിലയിൽ സ്റ്റാൻഡേർഡു് ഏക്കർ എന്ന സിദ്ധാന്തം, നാഗപ്പൂർ പ്രമേയത്തിൻെറ ആശയം ഉൾക്കൊള്ളിച്ചുകൊണ്ടു പരിധിനിർണ്ണയകാര്യത്തിൽ നാം അംഗീകരിക്കേണ്ടതാണെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. തിരുവിതാംകൂറിലെ കഴിഞ്ഞകാലത്തെ ചരിത്രം പരിശോധിച്ചുനോക്കിയാൽ, 1061-ൽ ആദ്യമായിട്ടു് റെവന്യൂ റിക്കാർഡുണ്ടാക്കിയ കാലത്തു് ഇവിടുത്തെ ഭൂമി പതിനാലു് ഇനമായിട്ടു് തിരിച്ചിരുന്നവസ്തുത ബോദ്ധ്യപ്പെടുന്നതാണു്. ഈ വസ്തുത ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുകയാണു്. അങ്ങനെ പതിനാലു് ഇനമായി ഭൂമിയെ തിരിക്കണമെന്നല്ല; ഇവിടത്തെ ഭൂപ്രകൃതിയുടെ വ്യത്യസ്തത കണക്കിലെടുത്തുകൊണ്ടു്, രാജഭരണം നിലവിലിരുന്നകാലത്തുപോലും തരം തിരിച്ചു ഭൂമിയുടെ നല്പുതില്പു തിട്ടപ്പെടുത്തിയിരുന്നുവെന്നും, ഇന്നു ജനാധിപത്യവീഥിയിൽ കണ്ണടച്ചിരുട്ടാക്കുന്നതുപോലെ ഈ ഗവണ്മെൻറു് അശാസ്ത്രീയമായ കണക്കുകൂട്ടലുകൾകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ഏ. മാത്യു]

ഭൂനിയമം നടപ്പിലാക്കാൻ ശ്രമിക്കുന്നതു ശരിയല്ലെന്നും ചൂണ്ടിക്കാണിക്കുകയാണു്. ഭൂനിയമത്തിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരാനും, സാമൂഹ്യനീതി കൈവരുത്താനും നാം ആദായത്തിന്റെ അടിസ്ഥാനത്തിൽ പരിധിനിശ്ചയിക്കുന്ന തത്വം അംഗീകരിച്ചേതീരൂ. ഇന്നു ഗവണ്മെന്റു വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന പരിധി 15 ഏക്കർ ഭൂമിയാണു്. ഒരു കുടുംബത്തിനു് 500 രൂപ മാത്രമാണു് വരുമാനം, അതുതന്നെ ചിലതു വ്യത്യസ്തമായിരിക്കും. ഒരുവൻ കൃഷിക്കാരനായതുകൊണ്ടു് ജീവിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നതു ശരിയല്ല. ആദായം വളരെ കുറഞ്ഞുപോയാൽ, അവനു് കുടുംബം കാണും, കുഞ്ഞുകുട്ടികളും കാണും. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടിവരും, ചിലപ്പോൾ സുഖക്കേടുവന്നാൽ, ഡാക്ടറന്മാരെക്കൊണ്ടു നല്ല രീതിയിൽ ചികിത്സകൾ നടത്തേണ്ടിവരും. അവർക്കും മററുള്ളവരെപ്പോലെ സുഖമായി ജീവിക്കാൻ ആഗ്രഹമുണ്ടായിരിക്കും. കുട്ടികളെ കാളേജിൽ അയയ്ക്കാനും, രോഗംവരുമ്പോൾ നല്ല ചികിത്സനടത്താനും, സാമ്പത്തികകഴിവു് ഉണ്ടാകത്തക്കനിലയിൽ പരിധിനിശ്ചയിക്കുമ്പോൾ സ്റ്റാൻഡേർഡു് ഏക്കർ സിസ്റ്റം അംഗീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണു്.

പലപ്പോഴും കൃഷിക്കാരന്റെ വരുമാനത്തെപ്പററി എന്തെങ്കിലും പറയുമ്പോൾ അതു പിൻതിരിപ്പൻ ആശയഗതിയാണെന്നും ഇതര വിഭാഗങ്ങളെപ്പററി, ഉദ്യോഗസ്ഥന്മാരുടെയോ, അദ്ധ്യാപകന്മാരുടേയോ കാര്യത്തിലാണെങ്കിൽ അതു് പുരോഗമനപരമായ ആശയമാണെന്നും പറയുന്ന ഒരു പ്രവണത ഈ നിയമസഭയിൽത്തന്നെ കണ്ടുവരുന്നുണ്ടു്. ഏതായാലും കൃഷിക്കാർ രാജ്യത്തിന്റെ നട്ടെല്ലാണെന്നാണു് പറയുന്നതു്. ആ നിലയിൽ അവരുടെ കുട്ടികളെയെങ്കിലും പഠിപ്പിച്ചു് നല്ല നിലയിലാക്കുന്നതിനുള്ള സൗകര്യം കൊടുത്തില്ലെങ്കിൽ അതു തീർച്ചയായും അവരുടെ നട്ടെല്ലു ചവിട്ടി ഒടിക്കുന്നതിനു സമമായിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ചില സ്നേഹിതന്മാർ 5 അംഗങ്ങളിൽ കൂടുതലുള്ള ഒരംഗത്തിനു് 2 ഏക്കർ അനുവദിക്കണമെന്നു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. 5 അംഗങ്ങളുള്ള ഒരു കുടുംബത്തിനു് 15 ഏക്കർ വയ്ക്കുമ്പോൾ ഒരാളിനു് 3 ഏക്കർ വരുന്നുണ്ടു്. അപ്പോൾ കൂടുതലുള്ള അംഗത്തിനു് 2 എന്നോ 3 എന്നോ വയ്ക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. മറെറാന്നു് ക്രിസ്ത്യൻ സമുദായത്തെ സംബന്ധിച്ചിടത്തോളം സ്ത്രീധനസമ്പ്രദായം നിലവിലുണ്ടെന്നു നമുക്കറിയാം. ആ തുകകൊണ്ടു ആ സ്ത്രീയുടെ പേരിൽ വസ്തുക്കൾ സമ്പാദിക്കുന്നുണ്ടു്. ക്രിസ്ത്യൻ സമുദായത്തിൽ ഒരിക്കലും വിവാഹമോചനം അനുവദിക്കുന്നില്ലെങ്കിലും കുടുംബകലഹത്തിന്റെ പേരിലും മററും ഭാര്യാഭർത്താക്കന്മാർ രണ്ടിടത്തു താമസിക്കേണ്ടിവരുന്നതു് സ്വാഭാവികമാണു്. വിരളമായിട്ടെങ്കിലും അങ്ങനെ നടക്കുന്നുണ്ടു്. അങ്ങനെ വരുമ്പോൾ ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം ചെലവിനുപോലും വഴിയില്ലാതെ വരുന്നുണ്ടു്. ആ സ്ത്രീയുടെ പേരിൽ സ്ത്രീധനംകൊണ്ടു വാങ്ങിച്ചിട്ടുള്ള വസ്തുവാണെങ്കിൽ, അതു വേറെ ഗണക്കാക്കി, കുടുംബത്തിന്റെ 15 ഏക്കറിൽ പെടുത്താതിരുന്നാൽ കൊള്ളാമെന്നു് എനിക്കു വ്യക്തിപരമായ അഭിപ്രായമുണ്ടു്.

ശ്രീ ടി. എ. തൊമ്മൻ സൂചിപ്പിച്ച ഒരു കാര്യത്തെപ്പററിക്കൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. ഭാഗിച്ചുകിട്ടിയില്ലെങ്കിൽ ക്രിസ്ത്യൻ സമുദായത്തിൽ മക്കൾക്കു സ്വത്തിനവകാശമില്ല. അങ്ങനെയുള്ള കുടുംബങ്ങൾക്കു അതു കിട്ടിയതായി എല്ലാവരുടേയും അവകാശം അംഗീകരിച്ചു് ആ വക കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. അല്ലെങ്കിൽ ഫ്രാഗ്മെന്റേഷനു് ഇടനൽകുകയാണു് ചെയ്യുന്നതു്. ഇന്നുള്ള വസ്തു ഭാഗിക്കുകയാണെങ്കിൽ അതു തുല്യനിലയിൽ ഭാഗിക്കേണ്ടിവരും. നേരെമറിച്ചു് നിർബന്ധമായി ഈ വക കാര്യങ്ങൾ കുത്തിച്ചെലുത്തിയില്ലെങ്കിൽ എല്ലാവരുടേയും അവകാശങ്ങൾ കണക്കിലെടുത്തു 25 ഏക്കറിൽ കൂടുതലുള്ള വസ്തു വച്ചുകൊണ്ടിരിക്കാൻ അവകാശമുണ്ടു്. കൂടുതൽ ഉള്ള വസ്തു ഛിന്നഭിന്നമാക്കാതെ ഒരു കൈയിൽ വയ്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിനൊരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതു ക്രിസ്ത്യൻസമുദായത്തിലും, മുസ്ലീം സമുദായത്തിലുമുള്ള വസ്തുക്കൾ വിഭജിക്കാതിരിക്കുന്നതിനു സഹായിക്കുകയും രാജ്യത്തു സാമ്പത്തികമേന്മ കൈവരുത്തുന്നതിനു ഉപകരിക്കുകയും ചെയ്യും.

പ്രായപൂർത്തിയായ ആൾ കല്യാണം കഴിച്ചിട്ടില്ലെങ്കിൽ അരകുടുംബമായി കണക്കാക്കുന്നതിനു വ്യവസ്ഥയുണ്ട്. പരിധിയ്ക്കു അപ്പുറം ഭൂമി കൈവശമുള്ള കുടുംബങ്ങളിലെ അംഗങ്ങൾ ഇപ്പോൾ കല്യാണത്തിനുള്ള ഒരു വെപ്രാളം കാണിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമസഭ നടന്നുകൊണ്ടിരിക്കുന്നതിനിടയ്ക്കു തന്നെ കുടുംബത്തിലെ ചിലരുടെ ആവശ്യത്തിനായി രണ്ടു മൂന്നു പെണ്ണു കാണാനും ചെറുക്കനെ കാണാനും എനിക്കുതന്നെ പോകേണ്ടി വന്നിട്ടുണ്ട്. സുഖക്കേടായി ചിലർ വീട്ടിൽ കഴിയുന്നുണ്ടായിരിക്കും. സുഖക്കേടു മാറിയിട്ടു കല്യാണം കഴിച്ചാൽ അരകുടുംബമായിപ്പോകും. ഇപ്പോഴായാൽ 15 ഏക്കറും കിട്ടും. ഏഴര ഏക്കറെന്നുള്ളതു 10 ഏക്കർ ആക്കണമെന്നുള്ള ഒരു ഭേദഗതി ശ്രീ. കെ. സി. ഏബ്രഹാം അവതരിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു. നിർബ്ബന്ധമായി കല്യാണം കഴിച്ചില്ലെങ്കിൽ സാമ്പത്തികസ്ഥിതി തകരാറിലാകുമെന്ന ഒരു ചിന്താഗതി മാററുന്നതിനുള്ള ഭേദഗതി ബില്ലിൽ വരുത്തേണ്ടതാണ്. അങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ ഒഴിവാക്കുന്നതിനു നിബന്ധന എഴുതിച്ചേർത്താൽ കൊള്ളാം. അതിനു ആ കൂട്ടത്തിലുള്ള തൽപ്പരകക്ഷികൾ പ്രേരണ ചെലുത്തണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: ആദ്യമായി 1068-ാംനമ്പർ ഭേദഗതിയെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇതു ഭേദഗതിയല്ല, ഒരു വിശദീകരണം മാത്രമേ ആകുന്നുള്ളു. അങ്ങനെ വിശദീകരിച്ചില്ലെങ്കിൽ ചില സംശയങ്ങൾ ഉണ്ടാകും. 55-ാം വകുപ്പു പ്രകാരം ഒഴിവാക്കിയതിനു സീലിംഗ് ബാധകമല്ലെന്നു 57-ാം വകുപ്പിൽ പറഞ്ഞാൽ മനസ്സിലാകുന്നതു ആ ഭൂമി എത്രയെങ്കിലും കൈവശംവയ്ക്കാൻ വിരോധമില്ലെന്നാണ്. നമ്മുടെ ആവശ്യം അതല്ല. സീലിംഗ്പ്രകാരം വിസ്തൃതി കണക്കാക്കുന്നതിൽ ആ വക ഭൂമികൾ കണക്കിൽ എടുക്കുകയില്ലെന്നാണ് വരേണ്ടതു. അതു രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഒഴിവാക്കപ്പെട്ട ഭൂമി കണക്കിലെടുക്കാത്തതാണെന്നു വ്യക്തമാക്കാൻ വേണ്ടി മാത്രമാണ് എന്റെ ഭേദഗതി. അതു വ്യക്തമാക്കേണ്ടതു ആവശ്യമാണ്.

വർദ്ധിച്ചു വരുന്ന ഓരോ അംഗത്തിനും ഒരേക്കർ എന്നുള്ളതിനു പകരം രണ്ടേക്കറെന്നു ചേർക്കണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഏററവും ചുരുങ്ങിയ അംഗീകരിക്കപ്പെടേണ്ട ഭേദഗതിയാണ് ഇതെന്നു എനിക്കു തോന്നുന്നു. 5 പേർക്കു 15 ഏക്കർ ആകുമ്പോൾ ഒരാളിനു മൂന്നേക്കർ വരും. അഡൽററ്സിനു ഏഴര ഏക്കറെന്നു നിശ്ചയിച്ചിട്ടുണ്ട്. ഒരു കുട്ടിയ്ക്കു രണ്ടേക്കറെന്നു പറയുമ്പോൾ അതിന്റെ മൂന്നിലൊന്നിനു താഴെ മാത്രമേ വരുന്നുള്ളു. തീർച്ചയായും രണ്ടേക്കർ വർദ്ധിച്ചുവരുന്ന ഓരോ അംഗത്തിനും അനുവദിക്കേണ്ടതാണ്. അല്ലെങ്കിൽ 25 ഏക്കറുള്ള ഒരു കുടുംബം ഉണ്ടാകുമോ എന്നു തന്നെ സംശയമുണ്ട്. 13 മൈനർ സന്താനങ്ങളുള്ള ഒരു കുടുംബത്തിനേ 25 ഏക്കർ കിട്ടുകയുള്ളു. സ്വാഭാവികമായി അങ്ങനെയൊരു കുടുംബം ഉണ്ടാകുകയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: നമ്മുടെ കുടുംബത്തിന്റെ നിർവചനപ്രകാരം കുടുംബത്തിന്റെ എണ്ണം തന്നെ വർദ്ധിച്ചുവരികയല്ലേ.

ശ്രീ. എം. നാരായണക്കുറുപ്പ്: കുടുംബത്തിന്റെ നിർവചനപ്രകാരം ഭാര്യയും ഭർത്താവും മൈനർ കുട്ടികളുമാണ് വരുന്നതു.

അപ്പോൾ 25 ഏക്കർ ഉണ്ടാകണമെങ്കിൽ 5 ആളിനു 15 കഴിച്ചു ബാക്കി 10-നു 10 സന്താനങ്ങളും മുണ്ടായിരിക്കണം. അതാണു ഞാൻ പറഞ്ഞതു 13 സന്താനങ്ങൾ ഉള്ള കുടുംബത്തിനേ 25 ഏക്കർ കിട്ടുകയുള്ളു എന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That is not what he meant. What he meant was, at present there may be 20 to 25 or 30 to 35 members in a family, including father, mother and children. If the definition of 'family' in this legislation is to be accepted, then married persons constitute a separate family. so that the number of families will naturally increase as a result.

Shri M. Narayana Kurup: The impression that I gained was that he was arguing against the ceiling area being raised from 1 acre to 2 acres as suggested in my amendment. Of-course I am talking about the definition of 'family' as it stands with the implications of that section.

ഇതു രണ്ടാണ് എന്റെ ഭേദഗതികൾ. പിന്നെ ഇവിടെ അവതരിപ്പിക്കപ്പെട്ട മററു ഭേദഗതികളെ സംബന്ധിച്ച് ചില വാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ജനനംകൊണ്ടു സ്വത്തു് ലഭിക്കാത്തവർക്ക് എന്തെങ്കിലും നിവാരണമാർഗ്ഗം കാണണമെന്നു ശ്രീ. തൊമ്മൻ പറഞ്ഞതു് ശരിയാണ്. 58-ാം വകുപ്പിൽ അതിനു ചില വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭേദഗതി നിയമം വന്ന് 6 മാസം കൂടി ഇടം വേണമെന്നുള്ളതാണ്. അതു പര്യാലോചിക്കാവുന്നതാണ്. മറെറാന്നു ഒരു മരുമക്കത്തായം ഫാമിലിയിൽ ഉൾക്കൊള്ളുന്ന ഫാമലികളെ പ്രത്യേകം ഫാമിലിയായി കണക്കാണമെന്നാണ്. എക്സ്പ്ലനേഷനിൽ എത്രയായായിരിക്കും അവരുടെ ഓഹരി എന്നു പറയുന്നതുകൊണ്ട് അതു വേറെ വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

അടുത്തതു് ബഹുമാനപ്പെട്ട മന്ത്രി സെലക്ററുകമ്മിററിയിലും അതിനു ശേഷമുണ്ടായ റിപ്പോർട്ടിന്റെ ചർച്ചയുടെ വെളിച്ചത്തിലും ഒന്നിലധികം ഭാര്യമാർ നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുള്ള വിഭാഗത്തിന് സഹായം ചെയ്യണമെന്നു ഉദ്ദേശത്തിൽ കൊണ്ടുവന്ന ഭേദഗതിയാണ്. അതിലുള്ള ആശയം നന്നാണ്. പക്ഷേ നിയമപരമായി ഇതിനു ചില വിഷമതകൾ ഉണ്ടോ എന്നാണ് എന്റെ സംശയം. ഭേദഗതിയിൽ ഒരു ഭാര്യയും, ഭർത്താവും, കുട്ടികളും ഒരു കുടുംബവും, മററ ഭാര്യയും, കുട്ടികളും വേറൊരു കുടുംബവും ആയി പരിഗണിക്കപ്പെടുമെന്നു പറയുന്നുണ്ട്. ഇതു പ്രധാനമായി ബാധിക്കുന്നതു് മുസ്ലീം സമുദായത്തെയാണ്. അവരെ സംബന്ധിച്ചിടത്തോളം പേഴ്സണൽ ലാ പ്രകാരം അമ്മയ്ക്കു മൈനർ കുട്ടികളുടെ രക്ഷിതാവായിരിക്കാൻ പാടില്ല. ആ നിലയിൽ ഇതുകൊണ്ടു എത്രത്തോളം ഗുണം കിട്ടുമെന്നു കാര്യമായി പരിശോധിക്കേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ അതു നിയമപരമായി സാധിക്കുമെങ്കിൽ വളരെ നല്ലതാണ്. അപ്പോൾ ഈ ആശയത്തിനു ഇവിടെ നൽകിയിട്ടുള്ള സ്ഥൂലരൂപം നമ്മുടെ ദൃഷ്ടിയിൽക്കൂടി നിഷ്കൃഷ്ടമായ പരിശോധന അർഹിക്കുന്നു എന്നാണ് തനിക്കു അതിനെപ്പററി പറയാനുള്ളതു്.

ഇവിടെ പരിധിനിർണ്ണയം വരുമാനവുമായി ഏതെങ്കിലും വിധത്തിൽ യോജിപ്പുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പലരും ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. എനിക്ക് ആ ആശയത്തോടു പൂർണ്ണമായ യോജിപ്പാണുള്ളതു്. ഇവിടെ അതിനെപ്പററി സവിസ്തരം ചർച്ചചെയ്തുകഴിഞ്ഞു. എന്നാൽ ആ ആശയം ഗവണ്മെൻറംഗീകരിച്ചിട്ടില്ലാത്ത നിലയ്ക്കു ഞാനതിനെപ്പററി പ്രതിപാദിക്കുവാനുദ്ദേശിക്കുന്നില്ല. 57-ാം വകുപ്പാണ് അതിന്റെ പ്രസക്തമായ വകുപ്പെങ്കിലും 56 (4)-ൽ, (4) Where after the date notified under section 57, any class of land has been converted into another class of land, the extent of land that may be owned or held by a family or adult unmarried person owning or holding such land at the time of the conversion shall be determined without taking into account such conversion. എന്നു പറയുന്നതുകൊണ്ട് അതിനെ

LIBRARY ARCHIVES Kerala Legislative Assembly

പ്പററി പ്പറഞ്ഞുവെന്നേയുള്ളു. അല്ലായിരുന്നെങ്കിൽ, 57-ാംവകുപ്പിനെപ്പററിയുള്ള ചർച്ചാവേളയിൽ ഇക്കാര്യം പറഞ്ഞാൽ മതിയാകുമായിരുന്നു. ഈ പരിധി ഉടമാവകാശത്തിനും കൈവശാവകാശത്തിനും ഒരുപോലെവേണമോ എന്നാലോചിക്കേണ്ടതാണ്. അതേപ്പററി എനിക്കുള്ള അഭിപ്രായം വ്യക്തമാക്കുവാൻകൂടി ഈ അവസരം ഞാനുപയോഗിച്ചുകൊള്ളുന്നു. വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പരിധിനിർണ്ണയമെന്നുള്ള വാദത്തിന്റെ ശക്തി തന്നെ വളരെ കുറയുമായിരുന്നു. ഇന്നുള്ള കൈവശത്തിനുമാത്രം പരിധിനിർണ്ണയിക്കുകയും ഭാവിയിൽ കൈവശത്തിനും ഉടമാവകാശത്തിനും ഒരുപോലെ പരിധിനിർണ്ണയിക്കുകയും ചെയ്താൽ. ഇന്നു ഉടമാവകാശത്തിന്മേൽ പരിധി നിർണ്ണയിക്കുമ്പോൾ അതിന്റെ വ്യാപ്തി എന്തായിരിക്കുമെന്നും അതു് ആരെയെല്ലാം എങ്ങനെ ബാധിക്കുമെന്നും ഗവണ്മെൻറു സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇന്നു ഒരു ഉടമസ്ഥനു പതിനഞ്ചേക്കർ ഭൂമി കൈവശം വയ്ക്കുന്നുണ്ടെന്നു വിചാരിക്കുക. അപ്പോളവിടെ പിന്നെയാർക്കും അവകാശമില്ല. ഒരു കുടുംബത്തിന്റെ പരിധി പതിനഞ്ചേക്കർ എന്നു് നിർണ്ണയിച്ചിരിക്കുകയാണ്. അതേ പതിനഞ്ചേക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ഒരാളിലും, കൈവശാവകാശം മറെറാരാളിലുമാണ് സ്ഥിതിചെയ്യുന്നതെന്നു വിചാരിക്കുക. അപ്പോൾ ഇത്രയും ഏക്കർ ഭൂമിയിൽനിന്നും ഉള്ള വരുമാനം രണ്ടു കുടുംബത്തെ ബാധിക്കുന്നതായി വരുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, കൈവശാവകാശവും, ഉടമസ്ഥാവകാശവും ഒരുപോലെ പരിധിക്കു വിധേയമായിരിക്കുന്നതുകൊണ്ടു് ഒരേ പരിധിയുടെ ഉള്ളിൽവരുന്ന സ്വത്തുകൊണ്ടു് രണ്ടു കുടുംബം കഴിഞ്ഞുകൂടേണ്ടതായിവരുന്നു. ഒരു ഭൂവുടമസ്ഥനു പതിനഞ്ചേക്കർ ഭൂമിയുണ്ടു്. ഒരു ഉടമസ്ഥൻ, ഒരു കൈവശക്കാരൻ, ഒരു മദ്ധ്യവർത്തി ഈ മൂന്നു കൂട്ടരുടേയും പരിധിക്കു് ഇതു് ബാധകമായിത്തീരുന്നു എന്നു കാണാൻകഴിയും. ഇതാണു് ഉടമസ്ഥാവകാശത്തിൽ പരിധിനിർണ്ണയിച്ചതുകൊണ്ടു് ഉണ്ടാകാവുന്ന ഒരു വലിയ വിഷമത. യഥാർത്ഥ കൈവശം മാത്രമേ ആകാവൂ എങ്കിൽത്തന്നെ ആ സ്വത്തേയുള്ളല്ലോ എന്നു സമാധാനിക്കാമായിരുന്നു. ഇന്നു ഉടമസ്ഥാവകാശത്തിനുകൂടി പരിധിനിർണ്ണയിച്ചതുകൊണ്ടു് വലിയ വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് വൈകിട്ടിയില്ലെങ്കിൽ, ഇപ്പോഴും ഈ ഭേദഗതി സ്വീകരിക്കാവുന്നതാണ്. ഇന്നു കൈവശത്തിനു മാത്രം പരിധി നിർണ്ണയിക്കുകയും മേലാൽ ഉടമസ്ഥാവകാശത്തിനും കൈവശത്തിനും പരിധി നിർണ്ണയിക്കുകയും ചെയ്തിരുന്നാൽ കുഴപ്പങ്ങൾ കുറേക്കൂടി ഇല്ലാതാക്കാൻ കഴിയും. ഇതിൽക്കൂടുതലൊന്നും എനിക്കിപ്പോൾ പറയുവാനില്ല.

ശ്രീ. കെ. ഹസ്സൻ ഗനി: സർ, എന്റെ 1063-ാംനമ്പർ ഭേദഗതി ഇതാണ്:

In clause 56 (5) add the following proviso, after sub-clause (5):

Provided that trusts with provision for ultimate charity and institutions though founded and run by private individuals are open to general public shall be deemed to be public trusts and public institutions respectively for the purpose of this sub-clause.

ഞാൻ ഇതു പറയുമ്പോൾ ആരെങ്കിലും പ്രൈവററ് ട്രസ്ററ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ, അവയെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ഇതു കൊണ്ടുവന്നിരിക്കുന്നതെന്നു ധരിക്കരുതു്. മിക്കവാറും മുസ്ലിംങ്ങൾ എല്ലാംതന്നെ വഖഫ് എന്നു പറയുന്ന ട്രസ്ററുകൾ ഉണ്ടാക്കുമ്പോൾ അതിലേക്കു് പ്രത്യേകമായ ഒരു സ്വത്തു ഉണ്ടാക്കുകയാണ്. അങ്ങനെയുള്ള ധർമ്മസ്വത്തുക്കൾക്കെല്ലാം, പൊതുവായുള്ള ട്രസ്റ്റിന്റെ എല്ലാവിധ ക്യാരക്റ്ററിസ്റ്റിക്കും അതിനുണ്ടെന്നു പരിശോധിച്ചുനോക്കിയാൽ കാണാവുന്നതാണ്. ധർമ്മസ്ഥാപനങ്ങൾക്കു് സ്വത്തുക്കളെഴുതിവയ്ക്കുമ്പോൾ അതിന്റെ തുച്ഛമായ ഒരു ഭാഗം എഴുതിവയ്ക്കുന്ന ആളിന്റെ കുടുംബത്തിനും ബാക്കി സമുദായക്കാർക്കുംവേണ്ടി ഉപയോഗിക്കുകയാണു ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ കെ. ഹസ്സൻഗനി]

കേരളത്തിലെ ഒട്ടുമുക്കാലും മുസ്ലീം ധർമ്മസ്ഥാപനങ്ങളും ഇങ്ങനെയുള്ള ധർമ്മസ്ഥാപനങ്ങളാണ്. അതിനൊരുലക്ഷം രൂപ വരവുണ്ടെങ്കിൽ 35,000 മോ, 40,000 മോ രൂപ വക്ക് എഴുതിയ ആളിന്റെ സ്വന്തപ്പെട്ട കുടുംബത്തിനു വേണ്ടി ചെലവാക്കുന്നു. ബാക്കിയുള്ള 60,000 രൂപ സാധുക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും അശരണരുടേയും, അനാഥകളുടേയും സംരക്ഷണത്തിനു വേണ്ടിയും ചെലവാക്കുകയാണു ചെയ്യുന്നതു്. അങ്ങനെയുള്ള സ്വത്തെല്ലാം ഇന്നത്തെ വ്യവസ്ഥയനുസരിച്ചു് പബ്ലിക്ക് ട്രസ്റ്റായി പരിഗണിക്കപ്പെടുകയില്ല. അങ്ങനെ പരിഗണിക്കപ്പെടുന്നില്ലെങ്കിൽ ഈ ധർമ്മസ്ഥാപനങ്ങളെല്ലാം നശിച്ചുപോകുമെന്നുള്ളതു തീർച്ചയാണ്. ഇന്നു കേരളത്തിൽ മിക്ക സ്ഥലങ്ങളിലും വക്ഫ് എന്നു പറയുന്ന ഈ ട്രസ്റ്റുകൾ മുഖേനയാണ് അവിടെയുള്ള പാവങ്ങളെ സംരക്ഷിച്ചുകൊണ്ടുപോകുന്നതു്. ഈ ബില്ലിൽ, അതിനാവശ്യമായ ഒരു വ്യവസ്ഥചെയ്തു അവരെക്കൂടി സംരക്ഷിക്കേണ്ടതാവശ്യമാണ്. അതുകളെ പബ്ലിക് trust ആയി പരിഗണിക്കേണ്ടതാണ്. Ultimate charity-യ്ക്കു വേണ്ടി provision ഉള്ള ധർമ്മസ്ഥാപനങ്ങൾ public trust കളായി പരിഗണിച്ചില്ലെങ്കിൽ വലിയ തകരാറുകൾ ഉണ്ടാകുന്നതാണ്.

മറ്റൊന്നു്, ശ്രീ. ടി. എ. തൊമ്മൻ അവതരിപ്പിച്ച ഭേദഗതിയെസംബന്ധിച്ചാണ്. മുസ്ലീങ്ങളേയും ക്രിസ്ത്യാനികളേയും സംബന്ധിച്ചിടത്തോളം അച്ഛൻ മരിക്കുമ്പോൾ മാത്രമെ സ്വത്തിനവകാശമുണ്ടാവുകയുള്ളു. ഇന്നത്തെ ഫാമിലി ഡഫനിഷൻ അനുസരിച്ചു് ഭർത്താവു്, ഭാര്യ, മൂന്നു മൈനർ കുട്ടികൾ ഇങ്ങനെ അഞ്ചുപേർ ചേർന്നതാണ് ഒരു കുടുംബമായി കണക്കാക്കപ്പെടുന്നതു്. മേജർ കുട്ടികൾ വിവാഹം കഴിച്ചു് അച്ഛന്റെ സംരക്ഷണയിൽ കഴിഞ്ഞുകൂടുന്നിടത്തോളം കാലം, അവർക്കു് ഒരിക്കലും യാതൊന്നും ലഭിക്കുകയില്ല. ശ്രീ. തൊമ്മന്റെ ഏതെങ്കിലും ഭേദഗതി സ്വീകരിച്ചാൽ അപ്രകാരമുള്ള ആളുകൾക്കു് കുറെക്കൂടി ഗുണകരമായിത്തീരുന്ന അവസ്ഥ സംജാതമാകുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യംകൂടി പരിഗണിക്കണമെന്നു് എനിക്കപേക്ഷയുണ്ടു്.

ശ്രീ. ആർ. രാഘവമേനോൻ: സർ, 56-ാം വകുപ്പിനെസംബന്ധിച്ചു് രണ്ടു ഭേദഗതികൾ ഞാനവതരിപ്പിച്ചിട്ടുണ്ടു്. അതിൽ In clause 56, after the words '15 acres of double crop nilam or its equivalent' add the words "as described in clause 2 (6) and (7). എന്ന ഭേദഗതിയെ സംബന്ധിച്ചു് ഇവിടെ തീർച്ചചെയ്തുകഴിഞ്ഞതാണ്. അതുകൊണ്ടു് അതിനെ ഞാൻ പ്രസ് ചെയ്യുന്നില്ല. 1009-ാമത്തെ ഭേദഗതിയാണ് ഞാനിപ്പോൾ മൂവ് ചെയ്യുന്നതു്. ഇതാണ് ആ ഭേദഗതി.

In clause 56 (1), delete (a) and (b) and substitute as follows:—

"In the case of a family consisting of not more than five members 10 acres of standard double crop nilam or its equivalent which will fetch an annual net income of not less than Rs. 3,500 and in the case of a family consisting of more members than five an additional extent of two standard acres of double crop nilam or its equivalent for each member in excess".

ഈ ഭേദഗതിയിൽ പ്രവേശിക്കുന്നതിനുമുമ്പു എനിക്കു് ഒന്നുരണ്ടു കാര്യങ്ങൾ പറയുവാനുണ്ടു്. നാട്ടിലുള്ളവർ ഈ ബില്ലുവരുന്നുണ്ടു് അതുകൊണ്ടു് കുറെ ബുദ്ധിമുട്ടുകളൊക്കെ ഉണ്ടാകും എന്നുമാത്രമെ മനസ്സിലാക്കിയിട്ടുള്ളു. ഉടമാവകാശം എത്രയുണ്ടെങ്കിലും അതു പതിനഞ്ചേക്കറായി ഇവിടെ ക്ലിപ്തപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ കൈവശാവകാശവും എത്രയുണ്ടെങ്കിലും ഉള്ളതു് ഉടമസ്ഥനുതന്നെയാണെങ്കിലും; പതിനഞ്ചേക്കറെന്നു വച്ചിരിക്കുകയാണ്. ഞാനങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നതു്. മനസ്സിലാക്കാൻ വളരെ വിഷമമുള്ള ഒരു ബില്ലാണിതു്. പതിനഞ്ചേക്കറുണ്ടല്ലോ; കുറെ ആദായംകിട്ടും

LIBRARY ARCHIVES Kerala Legislative Assembly

എന്നാരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു തെറ്റാണ്. എങ്ങിനെയോ കുറെ ഭൂമി കിട്ടി എന്നാണു നിയമകർത്താക്കൾ വിചാരിക്കുന്നതു്. ഭൂമി പണം കൊടുത്തു മേടിച്ചതാണെന്നുള്ള ഓർമ്മതന്നെ മറന്നിട്ടുണ്ടു്. ഈ പതിനഞ്ചേക്കർ ഭൂമിയിൽ കാണാരിയുണ്ടു്; കാണാരിക്കു് ഒരു വെറുംപാട്ടക്കുടിയാനുമുണ്ടു്. ആ നിലയ്ക്കു പാട്ടം കൊടുക്കേണ്ടതു കഴിച്ചു് ബാക്കി ഉടമസ്ഥനെന്തുകിട്ടും? പാട്ടമിപ്പോൾ ചുരുക്കിക്കൊടുത്താൽ മതിയാകും. നോർമൽ റെൻറാണ് കൊടുക്കുന്നതു്. നെല്ലിൻെറ കാര്യമാണെങ്കിൽ മാക്സിമം നാലിലൊന്നു; മിനിമം ആറിലൊന്നും ആണു നിശ്ചയിച്ചിരിക്കുന്നതു്. ഇതിൻെറ മദ്ധ്യത്തിലുള്ളതാണു് ഫെയർ റെൻറു്. അതു കാണാരിക്കാണു കൊടുക്കേണ്ടതു്. നൂറു പറ നെല്ലുണ്ടെങ്കിൽ 30 പറ നെല്ലു കാണാരിക്കു കിട്ടും. അതിൽ പകുതിയാണു് മിച്ചവാരമായി കിട്ടുക. ഇന്നു ജന്മി വലിയ സ്വത്തുകാരനാണു് എന്നു പറയുന്നുണ്ടു്. അയാൾ വാസ്തവത്തിൽ നശിച്ചുപോയി. എന്നാലും സ്വത്തുകാരനാണെന്നാണു പറയുന്നതു്. എൻെറ ഭേദഗതി സ്വീകരിച്ചാൽത്തന്നെയും അയാൾക്കു മൂവായിരത്തിഅഞ്ഞൂറു രൂപ കിട്ടും. അതായതു് മാസമൊന്നിനു് അറുപതു രൂപാ; ഒരുദിവസം രണ്ടുരൂപാ. ഇതാണു് എൻെറ ഭേദഗതി സ്വീകരിച്ചാൽത്തന്നെയും ജന്മിക്കു കിട്ടാൻപോകുന്നതു്. നമ്മൾ ഈവക കാര്യങ്ങളെപ്പററിയും അറിയണമല്ലോ. ഇപ്പോൾ ബില്ലു് ഒരടിക്കു പാസ്സാക്കിക്കൊണ്ടുപോവുകയാണ്. പാസ്സായിക്കഴിഞ്ഞു നടപ്പിൽ വരുമ്പോഴെ ശരിയായ സ്വഭാവം മനസ്സിലാവുകയുള്ളു. ജന്മിക്കു കിട്ടുന്ന ഈ രണ്ടു രൂപകൊണ്ടു വേണം അയാളുടെ സർവ്വ കാര്യങ്ങളും നടന്നുപോകുവാൻ.

ഈ രണ്ടുരൂപകൊണ്ടു സകലതും കഴിക്കണം. ഉണ്ണണം, ഉടുക്കണം, കുട്ടികളെ പഠിപ്പിക്കണം, സുഖക്കേടുവരുമ്പോൾ ചികിത്സക്കുവേണ്ടി ചെലവാക്കണം. ഏററവും വലിയ ഒരു ജന്മിക്കു കിട്ടുന്ന നല്ല നിലത്തിൽനിന്നും സ്റ്റാൻേറഡു നിലമായിട്ടു കിട്ടിയാൽതന്നെ ദിവസമൊന്നിനു രണ്ടുരൂപ, മാസത്തിൽ അറുപതു രൂപയാണു് കിട്ടുന്നതു്. തീർച്ചയായും രണ്ടുരൂപ തികയുകയില്ല. ഇതിനുംപുറമെ അയാൾക്കു ആ ഭൂമി കൈവശവുമില്ല. ആ ഭൂമി അയാൾക്കു വിട്ടുകൊടുക്കണമെന്നു ഞാൻ മുമ്പൊരമെൻറുമെൻറു കൊണ്ടുവന്നിട്ടുണ്ടു്. പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുണ്ടു്. പക്ഷെ നമുക്കു ബില്ലു പാസ്സാക്കുകയല്ലെ ആവശ്യം. എങ്ങനെയായാലും വേണ്ടുകയില്ല. ഞങ്ങൾ അതൊക്കെ അങ്ങു പാസ്സാക്കുമെന്നുള്ള ഒരു നിലപാടാണ്. നേരെമറിച്ചു് അതേപ്പററി കാര്യങ്ങളൊക്കെ പറയുന്നപക്ഷം അതു പാസ്സാകാതെവരുമെന്നുള്ള ഭയമായിരിക്കും. ഞങ്ങൾ ഈ ബില്ലു പാസ്സാക്കുന്നതിനെതിരല്ല. ഈ പരിധി നിശ്ചയിച്ചതിൻെറ ഫലമായിട്ടു നല്ല ഭൂമി കൊടുക്കുന്ന ഒരാളിനു ദിവസമൊന്നിനു രണ്ടുരൂപയാണു് കിട്ടുന്നതു്. അതു കൈവശമുള്ളതു മാത്രമാണെങ്കിലാണു് അതു്. അതല്ലെങ്കിൽ പിന്നെ അതുമില്ല. ഞങ്ങളുടെ നാട്ടിൽ കാണക്കാരൻ, പാട്ടക്കാരൻ ജന്മി ഇങ്ങനെയാണുള്ളതു്. അവർക്കു എന്താണു കിട്ടുക? പരിധിനിശ്ചയിച്ചു നിയമം പാസാക്കി അങ്ങുവിട്ടു. അതിൻെറ ഫലമായി 365 ദിവസത്തിനകം പത്തുമുപ്പതു പറ നെല്ലുകിട്ടും. ഒരു കുടുംബമായിരിക്കും. അവിടെ പ്രവൃത്തിയെടുക്കാൻ ആളില്ല പ്രവൃത്തിയെടുക്കാൻ അറിയുകയുമില്ല. അതേപ്പററി എല്ലാമൊന്നാലോചിക്കണം. മന്ത്രിമാരെല്ലാവരുംകൂടി ആലോചിക്കണം. ഓരോദിവസം ഞങ്ങളിവിടെ അമെൻറുമെൻറുകളവതരിപ്പിച്ചു ഞങ്ങൾ പറയാനുള്ളതു പറഞ്ഞുകഴിയുമ്പോൾ അതു പാസ്സാക്കരുതു്. പിറേറദിവസത്തേക്കു അതു വയ്ക്കണം. അതെല്ലാം കേട്ടുകഴിഞ്ഞിട്ടു നിങ്ങൾ അതേപ്പററി ആലോചിച്ചു മാററേണ്ടതായിട്ടുണ്ടെങ്കിൽ മാററണം. നല്ലതിനുവേണ്ടി റൂളിനെനിർത്തിവയ്ക്കുകയും ചെയ്യാം. ഇതാണു് ഇതിൻെറ പരിതഃസ്ഥിതി. ആണറബിൾ മി. കുരുപ്പ അതു സൂചിപ്പിച്ചു. ഇന്നു കാണക്കാരായിട്ടും വെറും പാട്ടക്കാരായിട്ടും ധാരാളം ആളുകൾ ജന്മിമാരുടെ വസ്തുക്കൾ കൈവശംവച്ചു അനുഭവിച്ചുവരികയാണു്. ജന്മിമാർക്കു ഈ മിച്ചവാരത്തിൻെറ പന്ത്രണ്ടിരട്ടി കിട്ടും. ഇതുകൊണ്ടാണവർ ജീവിക്കേണ്ടതു്. ഈ ജന്മികളൊക്കെ വലിയ ആളുകളാണെന്നു് തെററിദ്ധരിച്ചു് അവർക്കു് ഒന്നും കൊടുക്കാതിരിക്കാനുള്ള ശ്രമമാണു്. ഇന്നു ഭൂമിയില്ലാത്ത ജന്മികൾ എന്തുചെയ്യും? ആയിരത്തിഅഞ്ഞൂറു ഏക്കർ ഭൂമിയുള്ള ജന്മിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. രാഘവമേനോൻ]

ഇന്നു കിട്ടാൻപോകുന്നതു് പത്തോ മുപ്പതോ പറ നെല്ലാണു്. അല്ലെങ്കിൽ അതിന്റെ ക്യാപ്പിറ്റലൈസ്ഡ് വാല്യൂ ആണു് അന്നവർ കൊടുത്തിരുന്നു എന്നു പറയുന്നു. അന്നു കൊടുത്തതു തെറ്റായിപ്പോയോ? അന്യരാജ്യങ്ങളിൽ പോയി അവർ സുഖമനുഭവിച്ചെങ്കിൽ അതിനു ശിക്ഷ ഇന്നവർക്കു കൊടുക്കുകയാണു്. ഇന്നു നാം പരിധിനിശ്ചയിച്ചതിന്റെ ദോഷമാണിപ്പോഴുള്ളതു്. ഇപ്പോഴുള്ളതിനു പരിധി പാടില്ല. ഫ്യൂച്ചറിൽ ഉള്ളതിനുമാത്രം പരിധിനിശ്ചയിച്ചാൽ മതി. അതറിയിക്കണം. അത്രേയുള്ളൂ. നാട്ടുകാർ അറിയുന്നതിനു വേണ്ടിയാണു് ഞങ്ങളിതു പറയുന്നതു്. നാം അത്രത്തോളം അതാലോചിച്ചിട്ടില്ല. ഒരു ഹൃദയമുള്ളവർ ഈ ആയിരത്തിഅഞ്ഞൂറു ഏക്കർ ഭൂമിയുള്ള ഒരു ജന്മിക്കു പത്തോ മുപ്പതോ പറ നെല്ലിന്റെ ക്യാപ്പിറ്റലൈസ്ഡ് വാല്യൂ എന്താണെന്നുവച്ചാൽ അതു കൊടുക്കുക എന്നു പറഞ്ഞാൽ അതു ന്യായമല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ഓണർഷിപ്പു നിശ്ചയിച്ചു ബാക്കിയിട്ടിട്ടുള്ള ഭൂമി കിട്ടുകയില്ല എന്നാണോ?

ശ്രീ. ആർ. രാഘവമേനോൻ: ഇത്ര അറിയാൻ തരമില്ല. തരമുണ്ടെങ്കിൽ അഞ്ചോ എട്ടോ എന്നുപറയാം. ഇതിനെപ്പറ്റി എന്താണു പറയുന്നതു്? ഇതു പാസാക്കിയാൽ ഞങ്ങൾക്കൊന്നുമില്ല. ഞങ്ങൾക്കു ഇതിൽ യാതൊരു ബാദ്ധ്യതയുമില്ല. നിങ്ങൾ അതൊന്നു മാറ്റിയിട്ടു ഇപ്പോഴുള്ള ഉടമസ്ഥാവകാശത്തിനു സീലിംഗ് വയ്ക്കാൻ തീരുമാനിച്ചാൽ മതി. അവർക്കു 15 ഏക്കറുണ്ടെങ്കിൽ ബാക്കിയുള്ളവർക്കും 15 ഏക്കർ മതി. മേലാൽ വാങ്ങുന്നതിനു സീലിംഗ് വയ്ക്കാം. ഈ കാര്യം പ്രധാനമായി ആലോചിക്കേണ്ടതാണു്. ഇല്ലെങ്കിൽ വലിയ തരക്കേടാണു്. ശരിയായിട്ടുള്ള സ്റ്റാൻഡേർഡ് ഏക്കർ വയ്ക്കണം. ഓരോരുത്തരുടെ മുതൽ നാം എടുക്കുന്ന സമയത്തു ബാക്കിയുള്ളവർക്കു അതു ശരിയായി അനുഭവിക്കുന്നതിനുള്ള സൗകര്യം കൊടുക്കണം. അതുംപോകട്ടെ; അവർക്കു കഴിക്കാനുള്ള വകയെങ്കിലും കൊടുക്കണം. ഓരോ അംശത്തിലേക്കും ഭൂമി വ്യത്യാസപ്പെട്ടതാണു്. അതുകൂടി ഈക്വലൈസ് ചെയ്തു നാലുതരത്തിൽ ഭൂമി വിഭജിച്ചിട്ടു അതിന്റെ വിളവനുസരിച്ചു് വിഭജിക്കണം; എന്നാണെന്റെ രണ്ടാമത്തെ ഭേദഗതി. ഇതിൽ ഇങ്ങനെ സീലിംഗ് വച്ചിരിക്കുന്നതു വളരെ ബുദ്ധിമുട്ടാണു്.

വേറെ ഒരു അനാമലി ശ്രീമാൻ കെ. ടി. തോമസ് കൊണ്ടുവന്നിട്ടുണ്ടു്, ഒരാൾ കല്യാണം കഴിച്ചിട്ടില്ല. അൺമാരീഡ് ആയാൽ, ഇപ്പോൾ ലീഗലി മാര്യഡ് ആയിരിക്കണമല്ലോ—അദ്ദേഹത്തിന്റെ കാര്യത്തിൽ വളരെ ബുദ്ധിമുട്ടുണ്ടാകും. ഒരു അൺമാരീഡ് മൈനറാണെങ്കിൽ അയാൾക്കു ഏഴര ഏക്കർ കിട്ടുന്നുണ്ടു്. മാത്രമല്ല ഞാൻ ആദ്യമെ പറഞ്ഞപോലെ, അച്ഛനില്ല, അമ്മയില്ല, സഹോദരങ്ങളില്ല.—അങ്ങനെയുള്ള ഒരാളിനു സ്വത്തു ധാരാളമുണ്ടെങ്കിൽ അദ്ദേഹത്തിനെ ഒരു യൂണിറ്റായി കണക്കാക്കണം. അഡൾട്ട് അൺമാരീഡ് സർവൈവിംഗ് മെമ്പർക്കു്, അയാളെ ഒരു ഫാമിലിയായി പരിഗണിക്കണം. അയാൾക്കു ഒരു ഫാമിലിയില്ലെങ്കിൽ അതൊരു സ്ലിപ്പാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. അയാൾ ഒരാളാണെങ്കിൽതന്നെയും ഒരു ഫാമിലിയാണെന്നുവച്ചു് 15 ഏക്കർ കൊടുക്കണം. ഈ വക കാര്യങ്ങൾ മന്ത്രി ആലോചിക്കണം. ഏതു സെലക്ഷനെപ്പറ്റി പറയുകയാണെങ്കിലും നേരത്തെ ആ ഭാഗത്തുനിന്നും പറയും നിങ്ങൾ മുതലെടുക്കുകയാണെന്നു്. ഈ മൊഴിയിങ്ങനെ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു ഇതിലധികമൊന്നും പറയാൻ ഞാൻ വിചാരിക്കുന്നില്ല. സീലിംഗ് നിശ്ചയിക്കുന്ന ഭൂമി കൈവശമില്ലെങ്കിൽ വളരെ ബുദ്ധിമുട്ടുവരും. മന്ത്രിമാർ ഒരുമിച്ചിരുന്നുകൊണ്ടു വേണമെങ്കിൽ ഇതേപ്പറ്റി പര്യാലോചന ചെയ്യണം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഈ സെക്ഷൻ എത്ര ഏക്കർ വരെ ഭൂമി കൈവശം വയ്ക്കാം എന്നുള്ളതിനെപ്പറ്റിയാണു്. എന്റെ ഭേദഗതിയിൽ പറയുന്നതു് സീലിംഗ് നിശ്ചയിക്കുമ്പോൾ അഞ്ചംഗത്തിനു മേൽ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

ഓരോ അംശത്തിനും ഒരേക്കർ എന്നുള്ളതിനു പകരം രണ്ടേക്കർ ആക്കണം എന്നാണ്. 5 അംഗങ്ങളും ഉള്ള ഒരു കുടുംബത്തിനു 15 ഏക്കർ എന്നു വച്ചു കഴിഞ്ഞു പിന്നീടുള്ള ഓരോ മൈനറിനും ഓരോ ഏക്കർ കൂടി വയ്ക്കാം എന്നിവിടെ പറഞ്ഞിട്ടുണ്ട്. അപ്പോൾ അഞ്ചംഗങ്ങളുള്ള ന്യായമായ ഒരു കുടുംബത്തിൽ വിഭാവനം ചെയ്യുന്നതനുസരിച്ച് ഓരോ ആളിനും മൂന്നു ഏക്കർ ആകാം എന്നു നാം കണക്കാക്കുകയും ചെയ്യും. അങ്ങനെ വിഭാവനം ചെയ്തു എല്ലാവർക്കും മൂന്നേക്കർ എന്നു വിഭജിച്ചാൽ ഇന്നതിനുള്ള ഭൂമിയില്ല. എങ്കിലും ഭൂമിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളിൽ അഞ്ചിൽ കവിഞ്ഞുള്ള ഒരാളിനു ഒരേക്കർ മാത്രമെ കൊടുക്കുകയുള്ളു എന്നു പറഞ്ഞാൽ ആ മൈനർ കുറേക്കൂടി പ്രായം വന്നാൽ എങ്ങിനെ ജീവിക്കും എന്നു നാം ആലോചിക്കണം. അതു രണ്ടേക്കറെങ്കിലുമാക്കണമെന്ന് നിയമപണ്ഡിതന്മാരും അല്ലാത്തവരും തന്നെ ശക്തിമത്തായി പറഞ്ഞിട്ടുണ്ട്. അതു അനുഭവത്തിൽനിന്നു അറിഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നതു്. ഇന്നുള്ള വ്യവസ്ഥ വച്ചുനോക്കിയാൽ ഈ 15 ഏക്കറിൽ കവിഞ്ഞു ഒരാളിനു ഒരേക്കർ കൂടിയെ കിട്ടുകയുള്ളു. അപ്പോൾ അങ്ങനെ ഭൂമിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരാളിനു സ്വന്തമായി ആഹാരത്തിനുപോലുമുള്ള വഴി കിട്ടുകയില്ല. നാം ഇതേക്കുറിച്ചു കാര്യമായി ആലോചിക്കണം. ഇതു പണ്ടേ പറഞ്ഞിട്ടുള്ളതാണ്. അതെല്ലാം അങ്ങു തള്ളിക്കളഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ അവ ഒരു ചുരുങ്ങിയതു രണ്ടേക്കറെങ്കിലും വച്ചുകൊടുക്കണം എന്നാണ് എനിക്കു ഏററവും ഊന്നി പറയുവാനുള്ളതു്. അതാലോചിക്കണം എന്ന് ഒന്നുകൂടി പറയുന്നു.

എന്റെ അമൻഡമെന്റ് ഇതാണ്. In clause 56 (1) (b) insert the words "a divorced woman or a widow" between the words 'adult unmarried person and 7½ acres of'—അൺമാരീഡ് പേർസൻ എന്നേ പറയുന്നുള്ളു. ഏഴര ഏക്കർ എന്നും പറയുന്നുണ്ട്. മൈനറാണെങ്കിൽ കൊടുക്കുന്നതു് ഒരേക്കറാണ്. അതിനു പുറമേ ഏഴരയേക്കർ കൊടുക്കുന്നതോടൊപ്പംതന്നെ—സാധാരണ നമ്മുടെ നാട്ടിൽ ഡൈവേഴ്സ് ചെയ്യേണ്ട ഘട്ടങ്ങളും വന്നേക്കും. അങ്ങനെ സാധാരണ സംഭവിക്കാറുണ്ട്. ആ സ്ത്രീ ഒരു മഹാപാപിയാണെന്നു വിചാരിക്കുക. എത്രതന്നെ അക്രമം ചെയ്യുന്ന പുരുഷനായാലും സ്ത്രീ ചെയ്യുന്ന പാപത്തോളം ചെയ്താൽ പാപിയാണെന്നു പറയാറില്ല. നേരെ മറിച്ചാണ് പുരുഷൻ ചെയ്യുന്നതിന്റെ നാലിലൊരു ഭാഗം ഒരു സ്ത്രീ ചെയ്താൽ മഹാപാപിയെന്നാണ് പറയാറുള്ളത്. ഏതായാലും ദൗർഭാഗ്യംകൊണ്ട് ഒരു സ്ത്രീ ഭർത്താവുമായുള്ള ബന്ധം വിടാൻ ഇടവന്നാൽ അവർക്ക് ഒന്നിനും അർഹതയില്ലാതെ വരുന്നതാണ്. അതു ശരിയാണോ എന്നു നാം ചിന്തിക്കണം. അതുപോലെ വിധവയ്ക്കും കൊടുക്കണം. മറെറാന്നു എക്സ്പ്ലനേഷനിൽ ചേർക്കാൻ വേണ്ടിയാണ്. ഇതിലെ രണ്ടാമത്തേതു്,

(ii) "A divorced husband or a divorced wife shall be deemed to be an adult un-married person, provided that along with the minor children if any, a divorced husband or wife as the case may be and legally entitled to custody of the minor children or having custody of the minor children if any shall be deemed to be a family" എന്നാണ്. ഇതാണ് എനിക്കു ഊന്നിപ്പറയാനുള്ളതു്. ഡൈവോഴ്സിനു് ഭർത്താവോ അല്ലാത്തപക്ഷം ഭാര്യയോ നിർബ്ബന്ധമായി ആവശ്യപ്പെടുകയാണെങ്കിൽ ആ ആളെ അൺമാരീഡ് പേർസനായി കണക്കാക്കണം. മൈനർ ചിൽഡ്രൻ അല്ലെങ്കിൽ ഓരോ വ്യക്തിയും അൺമാരീഡായി കണക്കാക്കി ഏഴര ഏക്കറിനു് അവർക്കും അർഹതയുണ്ടെന്നു് പ്രഖ്യാപിക്കണം. അതുകൊണ്ടാണ് അഡൽട്ട് അൺമാരീഡ് പേർസനു് ഭൂമി കണക്കാക്കി പ്രഖ്യാപിക്കണമെന്നു പറയാൻ കാരണം.

56. (3)-ൽ 'അളിയസന്താനം' ഫാമിലിയെപ്പററി പറയുന്ന കൂട്ടത്തിൽ ഞാൻ മുസ്ലീം ഫാമിലിയും കൂടി ചേർക്കണമെന്നൊരു ഭേദഗതികൂടി അവതരിപ്പിച്ചിട്ടുണ്ട്. ഹിന്ദുഫാമിലിയെപ്പോലെതന്നെ അതേതരത്തിലുള്ള ചില

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ]

പ്രത്യേക സാഹചര്യങ്ങളോടുകൂടി ജീവിക്കുന്ന മുസ്ലിം ഫാമിലികൾ ഉണ്ട്. അവരെയും ലിസ്റ്റിൽ പെടുത്തണം. ഈ അടിസ്ഥാനത്തിൽ ഇതിൽ വേണ്ട ഭേദഗതി വരുത്തണം.

ശ്രീ. കെ. എം. ജോർജ്ജ്: ഈ വകുപ്പു അധികം പരിഗണന അർഹിക്കുന്നതാണ്. രണ്ടു ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. അതിനു മുൻപു പൊതുവായ ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഭാഗത്തുനിന്നും ഈ വകുപ്പിലടങ്ങിയിരിക്കുന്ന പല അനീതികളെപ്പററിയും അക്രമങ്ങളെപ്പററിയും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു കുടുംബത്തിന് ഇത്ര ഏക്കർ ഭൂമി വച്ചുകൊണ്ടിരിക്കാമെന്നു പറയുമ്പോൾ തീർച്ചയായും തൂക്കി അളന്ന് എല്ലാവർക്കും ഒരുപോലെ ചെയ്യാൻ സാധിക്കുകയില്ലെങ്കിലും ഏറെക്കുറെ ഒരു താരതമ്യമുണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലെങ്കിൽ അതു വളരെ അനീതിയാണ്. ഒരു അരിത്തമെററിക്കൽ പെർഫെക്ഷൻ സാദ്ധ്യമല്ലെങ്കിലും അതിനുള്ള സന്മനസ്സ് കാണിക്കേണ്ടതാണ്. ഞാൻ മലനാട്, ഇടനാട്, സമുദ്രതീരം ഇതൊന്നും ഉദാഹരണമായി പറയുന്നില്ല. ഈ വകുപ്പിനെ സംബന്ധിച്ച് എന്റെ ഭേദഗതി ശ്രീമാൻ തൊമ്മന്റെ 1003-ാമത്തെ ഭേദഗതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സന്ദർഭത്തെ സംബന്ധിച്ചാണെന്ന് കാണാൻ കഴിയും. ഈ സന്ദർഭത്തിന്റെ പൊതുവായ തത്വങ്ങളെപ്പററി സംസാരിച്ചപ്പോൾ എല്ലാ ഭാഗത്തുനിന്നും അതു് അംഗീകരിച്ചിട്ടുണ്ട്. വളരെവളരെ ഫലപുഷ്ടിയുള്ളതും ആദായമുള്ളതുമായ ഭൂമിയെടുത്തു ഒരു കുടുംബത്തിനു കൊടുക്കുകയും അതേസമയം വളരെ ആദായം കുറഞ്ഞ ഭൂമി വിട്ടുകൊടുക്കുകയും ചെയ്യുന്നതു് വളരെവളരെ അനീതിയാണ്. സർക്കാരിന്റെയോ പൊതു സ്ഥാപനങ്ങളുടെയോ കയ്യിലിരിക്കുന്ന ഭൂമി വീതിച്ചുകൊടുക്കുകയല്ല ചെയ്യുന്നതു് അങ്ങനെ കിട്ടിയ ഭൂമിയാണെങ്കിൽ സങ്കടത്തിനു വഴിയില്ല. ദാനം കിട്ടിയ കുതിരയുടെ പല്ലുപിടിച്ചു നോക്കാറില്ലല്ലോ. തലമുറതലമുറയായി ബുദ്ധിമുട്ടി, കാശുകൊടുത്തു വേലചെയ്തു ഫലപുഷ്ടിയുള്ളതാക്കിത്തീർത്തിട്ടുള്ള വസ്തുവാണ്. അങ്ങനെ വാങ്ങിയശേഷം തിരിച്ചു ഗവൺമെൻറ് എടുക്കുകയാണ്. ഗവൺമെൻറതു തിരിച്ചെടുക്കുമ്പോൾ ഭൂമി വാങ്ങി ഫലഭൂയിഷ്ഠമാക്കിത്തീർത്തയാളിനെ നിരാധാരനാക്കത്തക്ക നിലയിൽ നിയമനിർമ്മാണം നടത്തുന്നതു ശരിയല്ല. കൃഷികൊണ്ടു മാത്രം കഴിയുന്ന, ഇൻഡ്യയുടെ മററു ഭാഗങ്ങളിലും എങ്ങനെയാണ് ഫാമിലിയെ ഡിഫൈൻ ചെയ്തിട്ടുള്ളതെന്ന കാര്യം മറക്കരുതു്. നമ്മുടെ സാമൂഹ്യവ്യവസ്ഥയനുസരിച്ച് എല്ലാ കുടുംബങ്ങളിൽ ജനിക്കുന്ന കുട്ടികൾക്കും അവരവരുടെ സംസ്കാരാചാരക്രമമനുസരിച്ചുള്ള വിദ്യാഭ്യാസ പരിശീലനം ലഭിക്കുന്നതിനുതകുന്ന വരുമാനമുണ്ടായിരിക്കണം. അല്ലാതെ അവരെ ദരിദ്രരാക്കി നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തിലായിരിക്കരുതു്. അതു സംഭവിക്കാതിരിക്കണമെങ്കിൽ രണ്ടു വിഭാവനയുടെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നടത്തരുതു്. അതു വളരെയേറെ അനീതികരമാണെന്നു മാത്രമല്ല, തൻമൂലം നാട്ടിൽ വലിയ നിരാശയും കുഴപ്പങ്ങൾക്കും അസ്വാസ്ഥ്യങ്ങൾക്കും ഇടയാകുമെന്നുള്ളതു സ്വാഭാവികവുമാണ്. തീർച്ചയായിട്ടും ഇതു പരിഗണിക്കേണ്ട ഒരു കാര്യമാണ്. ഞാൻ 1055-നു നോട്ടീസ് കൊടുക്കാമായിരുന്നു. അതു മൂവ് ചെയ്യാൻ ഞാൻ ഇവിടെയില്ലായിരുന്നു. മററു ചില മെമ്പറന്മാർ ഇതുപോലെയുള്ള ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. പേർസനൽ ലാ അനുസരിച്ച് പിതാവു ജീവിച്ചിരിക്കുമ്പോൾ കാശു കിട്ടാൻ അവകാശമുണ്ട്. ആ സൗകര്യമില്ലാത്ത നിലപാടു മാററണം. അതു ശരിയല്ല എന്ന വിചാരംകൊണ്ടായിരിക്കണം ക്രിസ്ത്യൻ സമുദായം ആ നിയമം മാററാതെ നിറുത്തിയിരിക്കുന്നതു്. അങ്ങനെയുള്ള സമുദായങ്ങളെ സംബന്ധിച്ചിടത്തോളം പിതാവു ജീവിച്ചിരിക്കുന്ന അവസരത്തിൽ വിവാഹിതരാകുകയാണെങ്കിൽ ഉടൻതന്നെ വസ്തു ഭാഗിച്ചുകൊടുക്കണം. അതു പ്രകടമായ അനീതിയാണ്. മുസ്ലീം സമുദായത്തിലും ക്രിസ്ത്യൻ സമുദായത്തിലും പല സ്ഥലത്തും ആളുകൾ ഉണ്ടായിരിക്കും. ഉടനടി എല്ലാവരും യോജിച്ചു ഭാഗഉടമ്പടി ചെയ്തുകൊള്ളണമെന്നു നിർബന്ധിച്ചാൽ പല കാരണങ്ങളാലും സാധിക്കുകയില്ല. സാമ്പത്തികക്കുഴപ്പങ്ങൾ കണ്ടേക്കും. ഭാഗഉടമ്പടി നടത്താൻ ആവശ്യമില്ലാതെ പണം ചെലവാക്കണം. അതു ഒരു തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വലിയ നഷ്ടമാണ്. കുട്ടികൾ ഉത്തരവാദിത്വത്തോടുകൂടി അവരുടെ സ്വത്തു കൈകാര്യം ചെയ്യാൻ പ്രായമാകുന്നതുവരെ ഭാഗിച്ചുകൊടുക്കാതിരിക്കുന്നതു് അവരതു ധൂർത്തടിച്ചു കളയാതിരിക്കുന്നതിനാണ്. ഉത്തരവാദിത്വമുണ്ടാകുന്നതിനുമുൻപു് വസ്തുവിന്റെ ഭരണം അവർക്കു വിട്ടുകൊടുത്താൽ വലിയ കുഴപ്പങ്ങൾ ഉണ്ടാകും. അതുകൊണ്ടാണ് ക്രൈസ്തവ സമുദായം ഈ നില സ്വീകരിച്ചിരിക്കുന്നതു്. പിതാവു ജീവിച്ചിരിക്കവേതന്നെ ഈ വകുപ്പിനു വിധേയമായ ഭാഗഉടമ്പടി ചെയ്തുകൊടുത്താൽ എങ്ങനെയിരിക്കുമോ ആ നില അവരിൽ പ്രാപിക്കുമെന്നുള്ള ഒരു വകുപ്പുകൂടി നാം ചേർക്കണം. വളരെയധികം ആളുകളെ ബാധിക്കുന്ന ഒരു കാര്യമായിട്ടാണ് ഈ ബിൽ വരാൻ പോകുന്നതു്. അതുകൊണ്ടു് ഇതു സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണ്. 1068-ാം നമ്പരായി ശ്രീ. നാരായണക്കുറുപ്പ് അവർകൾ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചും ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു് ക്ലാസ് 56-ന്റെ (6)-ാം ഉപവകുപ്പായി "In computing the ceiling area lands exempted under section 55, shall be excluded" എന്നുള്ളതു ചേർക്കേണ്ടതാവശ്യമാണ്. അല്ലെങ്കിൽ തീർച്ചയായും കുഴപ്പമുണ്ടാകും. അങ്ങനെ നാം ചെയ്യുന്നുണ്ടു്. അങ്ങനെ ചെയ്താൽ സംശയമുണ്ടാകാത്ത തരത്തിൽ ഈ ഉപവകുപ്പ് കൂടി ചേർക്കണം. ബഹുമാനപ്പെട്ട മന്ത്രി അതുകൂടി കണക്കിലെടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണ്. സർ, ഇവിടെ നാം നിയമമുണ്ടാക്കുമ്പോൾ ഒരു വിഭാഗക്കാരെയും പ്രത്യേകം തരംതിരിക്കരുതെന്നു് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കുസുമം ജോസഫ്: സർ, കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതി പരിഗണിച്ചു്, വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ, ഇരുപ്പുനിലം 15 ഏക്കറോ, അതിനു തുല്യമായ മററിനം ഭൂമിയോ ഒരു കുടുംബത്തിനു് നിശ്ചയിക്കുന്നതു് വെറും അനീതിയായിരിക്കുമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. നമുക്കെല്ലാം അറിയാം, കേരളത്തിലെ ഇരുപ്പുനിലങ്ങൾ ഓരോസ്ഥലത്തും ഓരോ തരത്തിലാണെന്നു്. കേരളം ഒട്ടാകെയുള്ള നിലങ്ങളിൽനിന്നും കിട്ടുന്ന ആദായം ഒരേ രീതിയിലല്ല. മൂവാററുപുഴ, കുന്നത്തുനാടു് മുതലായ താലൂക്കുകളിൽ ഇരുപ്പുനിലത്തിനു് ഏക്കറിനു് പാട്ടം വെറും 25-ഓ 30-ഓ പറ നെല്ലാണ്. അതേസമയത്തുതന്നെ നല്ല ഫലഭൂയിഷ്ഠമായ തൊടുപുഴയിലെ ഒരേക്കർ ഇരുപ്പുനിലത്തിനു നൂറും, നൂററിയൻപതും പറ നെല്ലുവരെ പാട്ടം കിട്ടുന്നുണ്ടു് അപ്പോൾ ഇരുപ്പുനിലങ്ങൾ എല്ലാം ഒരേ നിലയിൽ കണക്കാക്കാൻ പാടില്ല; ഒരു കുടുംബത്തിനു് 15 ഏക്കർ ഇരുപ്പുനിലം നിശ്ചയിക്കുന്നതു വലിയ അനീതിയായിരിക്കും. ശ്രീ. ടി. എ. തൊമ്മൻ അവതരിപ്പിച്ചതുപോലെ ഒരു ഭേദഗതി ഞാനും അവതരിപ്പിച്ചിട്ടുണ്ടു്. സംസ്ഥാനത്തുള്ള എല്ലാ ഭൂമിയും ആദായത്തിന്റെ അടിസ്ഥാനത്തിൽ നാലുതരമായി തിരിക്കുന്നതായിരിക്കും ഏററവും നല്ലതു്. ഒരേക്കറിനു് ആണ്ടിൽ 350 രൂപയിൽ കൂടുതൽ ആദായം കിട്ടുന്നതു് ഒന്നാംതരമായും, 150 മുതൽ 350 രൂപവരെ കിട്ടുന്നതു രണ്ടാംതരമായും, 75 മുതൽ 150 രൂപവരെ കിട്ടുന്നതു മൂന്നാംതരമായും, 75 രൂപവരെ കിട്ടുന്നതു നാലാംതരമായും തിരിക്കണം. ഒന്നാംതരം ഭൂമി പത്തേക്കർ ഒരു കുടുംബത്തിനു് കൊടുക്കണമെന്നാണ് ഞങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി. മുൻപു് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു ഇവിടെ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അങ്ങനെ ആദായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംതിരിക്കുന്നതു വളരെ ബുദ്ധിമുട്ടാണ്, വളരെ കാലം പിടിക്കും, ഈ നിയമം തന്നെ നടപ്പിലാക്കാനുള്ള സാഹചര്യം അതുമൂലം കിട്ടാതെവരും എന്നും മററും. പക്ഷെ അതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. നാം വിപ്ലവകരമായ ഒരു നിയമനിർമ്മാണത്തിനു് ഒരുമ്പെടുമ്പോൾ, ഇതുമൂലം ചിലരെങ്കിലും വഴിയാധാരമാകുന്ന ഒരു പരിതഃസ്ഥിതി ഉണ്ടാകരുതു്. കുറെയൊക്കെ ബുദ്ധിമുട്ടുണ്ടായാലും, കുറെ കാലതാമസം ഉണ്ടായാലും എല്ലാവർക്കും നീതിപാലിക്കത്തക്കവിധത്തിലുള്ള ഒരു നിയമനിർമ്മാണമായിരിക്കണം ഈ നിയമസഭ സൃഷ്ടിക്കുന്നതെന്നാണ് എനിക്കു ഓർമ്മിപ്പിക്കാനുള്ളതു്. സർ, പരിമിതമായ ഡിമാൻഡുകൾമാത്രമേ ഈ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം ജോസഫ്]

വസ്തുവുള്ള. ഒരു കുടുംബത്തിന് പ്രതിവർഷം 3500 രൂപാ ആദായം കിട്ടുന്നതിനുള്ള നെല്ലുവിളയുന്ന ഭൂമി, ഒരേക്കറിന് 350 രൂപാ ആദായം കിട്ടത്തക്ക വിധം ഉള്ള ഭൂമി അങ്ങനെ പത്തേക്കർ ഭൂമി ഒരു കുടുംബത്തിന് ലഭിക്കണം. ആണ്ടിൽ മൂവായിരത്തി അഞ്ഞൂറു രൂപാ ആദായം ലഭിക്കത്തക്ക ഭൂമി സീലിംഗായി കണക്കാക്കണമെന്ന് ഞങ്ങളുടെ ഭേദഗതി. ഒരുത്തൻ കർഷകവൃത്തി സ്വീകരിച്ചു എന്നതുകൊണ്ടുമാത്രം അയാൾക്ക് സുഖമായിട്ടു ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകാത്ത ഒരു പരിതഃസ്ഥിതി വന്നുചേരാൻ പാടില്ല. ഒരു ഗവൺമെന്റുദ്യോഗസ്ഥന് രണ്ടായിരവും, മൂവായിരവും രൂപാ പ്രതിമാസം ശമ്പളം കിട്ടുമ്പോൾ, പാവപ്പെട്ട കർഷകന് ഒരു കുടുംബം പുലർത്താൻ ആണ്ടിൽ മൂവായിരത്തി അഞ്ഞൂറു രൂപാ കിട്ടണമെന്നു പറയുന്നതു കേവലം നീതിമാത്രമായിരിക്കും. ഒരു ഗവൺമെന്റുദ്യോഗസ്ഥന്റെ മക്കളെ, അല്ലെങ്കിൽ വ്യവസായികളുടെ മക്കളെ എൻജിനീയറിംഗ് കാളേജിലും, മെഡിക്കൽ കാളേജിലും അയച്ചു പഠിപ്പിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കുമ്പോൾ, പാവപ്പെട്ട കർഷകകുടുംബത്തിലെ കുട്ടികളെ കാളേജുപോലും കാണാൻ സാധ്യമല്ലാത്ത ഒരു സാഹചര്യത്തിലേക്കു നാം തള്ളിവിടാതിരിക്കണം. ഈ നിയമംമൂലം കർഷകവൃത്തിയിൽ കഴിയുന്നവർ ആ രംഗത്തുനിന്നും പിന്മാറാൻപോലും പ്രേരണയുണ്ടാകുന്നതാണ്. കർഷകവൃത്തിയിൽ പരിചയവും, പ്രാവീണ്യവും നേടിയിട്ടുള്ളവർ ആ തൊഴിൽ ഉപേക്ഷിച്ചാൽ, നമ്മുടെ നാട്ടിന്റെ ഉൽപ്പാദനംതന്നെ സാരമായി കുറയാൻ ഇടയാകും. അങ്ങനെ കാർഷികവൃത്തികൊണ്ട് ജീവിക്കാൻ വയ്യാത്ത ഒരു പരിതഃസ്ഥിതി ഈ നാട്ടിൽ ഈ നിയമംമൂലം സൃഷ്ടിക്കരുത്. എല്ലാവർക്കും മാന്യമായി ജീവിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകത്തക്കവിധം ഒരു കർഷക കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഇതിന് മറുഭാഗത്തുനിന്നും ഉന്നയിച്ച പുതിയ ഒരു യുക്തി, സീലിംഗ് ഏരിയാ കഴിഞ്ഞുള്ള ഭൂമിക്ക് ജന്മിമാർക്കു കാമ്പൻസേഷൻ കൊടുക്കുന്നില്ല എന്നാണ്. ഞാൻ ചോദിക്കുന്നത് എന്താണു കാമ്പൻസേഷൻ നാം കൊടുക്കുന്നതെന്നാണ്. ഇന്ന് ഈ നിയമം അനുസരിച്ച് ഫിക്സ് ചെയ്തിട്ടുള്ള ഫെയർ റെന്റിന്റെ പതിനാറിരട്ടിയാണു കാമ്പൻസേഷൻ കൊടുക്കുന്നത്. അത്രയും രൊക്കം കൊടുക്കുകയാണെങ്കിൽ 12 ഇരട്ടി കൊടുത്താൽമതി. ഇങ്ങനെ നോക്കിയാൽ പലർക്കും കിട്ടാനിടയുള്ളത് എന്തായിരിക്കുമെന്ന കാര്യം നാം ആലോചിക്കണം. മൂവാറ്റുപുഴ തൊടുപുഴ താലൂക്കുകളിൽ ഒരേക്കറിന് ശരാശരി എഴുപതുപറ നെല്ലാണ് പാട്ടം കിട്ടുന്നത്. അങ്ങിനെ രണ്ടുപറ നെല്ലു പാട്ടം കിട്ടുന്ന ഭൂമിക്കു നൂറുരൂപാ വരെ അവിടെ വിലയുണ്ട്. അതനുസരിച്ചു മാർക്കറ്റുവില കണക്കാക്കുമ്പോൾ ഒരേക്കറിന് മൂവായിരത്തി അഞ്ഞൂറു രൂപാ വിലവരും. എന്നാൽ ഇന്നത്തെ ഫെയർ റെന്റിന്റെ 16 ഇരട്ടി എന്നു നിശ്ചയിച്ചാൽ, ഷെഡ്യൂളിൽ പറയുന്ന കണക്കനുസരിച്ചു നോക്കിയാൽ വെറും 35 പറ നെല്ലു മാത്രമാണ് ഏറ്റവും കൂടുതൽ കിട്ടുന്നത്. അങ്ങനെ 35 പറ നെല്ലിന്റെ 12 ഇരട്ടി കൊടുത്താൽമതി ലംപ്സം ആയി കൊടുക്കുകയാണെങ്കിൽ. ഈ 35 പറ നെല്ലുതന്നെ അവിടെ പാട്ടം കിട്ടുകയില്ലെന്നു, എന്നേക്കാൾ അനുഭവജ്ഞാനമുള്ള ശ്രീ. ഇ. പി. പൗലോസ് പറയുന്നു; അതു ശരിയായിരിക്കാം. എന്നിരുന്നാലും ഞാൻ അങ്ങേയറ്റം പറയുകയാണ്, 35 പറ നെല്ലു കിട്ടിയാൽ, അതിന്റെ പന്ത്രണ്ടിരട്ടി കണക്കാക്കുമ്പോൾ, ഇന്നു ഗവൺമെന്റ് ഒരു പറനെല്ലിന് രണ്ടര രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്; അതിന്റെ അടിസ്ഥാനത്തിൽ ഒരേക്കറിന് 1050 രൂപയാണു കിട്ടുന്നത്. ഇതിന്റെ വ്യത്യാസം നാം മനസ്സിലാക്കണം.

ശ്രീമതി കെ. ആർ. ഗൗരി: സീലിംഗ് ചാപ്റ്ററാണ് ഇപ്പോൾ എടുത്തിരിക്കുന്നത്, പബ്ലിസിറ്റിനെപ്പറ്റിയെല്ലാം പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ്: അതു മനസ്സിലാക്കിക്കൊണ്ടുതന്നെ സംസാരിക്കുന്നതു്; ഉച്ചകഴിഞ്ഞ സമയമാണെങ്കിലും സുബോധത്തോടുകൂടിയാണു് സംസാരിക്കുന്നതു്.

സർ, അപ്പോഴും മാർക്കറ്റുവിലയനുസരിച്ചു 3500 രൂപാ കിട്ടാനുള്ളതിനു് ഈ നിയമത്തിലെ ഷെഡ്യൂൾ അനുസരിച്ചുള്ള കാമ്പൻസേഷൻ കൊടുക്കുന്നതു് 1050 രൂപയായിരിക്കും. അതുതന്നെ റൊക്കം കിട്ടാൻപോകുന്നില്ല. റൊക്കം കിട്ടിയാലും അതു ബോണ്ടായിട്ടോ മറ്റോ കൊടുക്കുമെന്നാണു പറയുന്നതു്. ഇങ്ങനെ വളരെ ചുരുങ്ങിയ ഒരു തുക മാത്രമാണു് ഭൂ ഉടമസ്ഥനു് കിട്ടുന്നതു്. അതുകൊണ്ടു് ശരിയായ എന്തെങ്കിലും വ്യവസായം തുടങ്ങി ജീവിക്കുന്നതിനോ, മറ്റെന്തെങ്കിലും തൊഴിലിൽ ഏർപ്പെടുന്നതിനോ കഴിഞ്ഞില്ലെന്നുവരും. അങ്ങനെ വരുമ്പോൾ അവരുടെ ജീവിതംതന്നെ അപകടത്തിലേക്കു നീങ്ങുകയായിരിക്കും. ഇതുമൂലം ചിലർ കുടുംബംതന്നെ ഉപേക്ഷിച്ചിട്ടു് സ്വന്തം കുടുംബത്തിന്റെ സംരക്ഷണത്തിനാവശ്യമായ സൗകര്യമില്ലാതെ വളരെയധികം വൈഷമ്യങ്ങൾ നേരിടേണ്ടിവരുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയായിരിക്കും ചെയ്യുന്നതു്. അതു ഒഴിവാക്കാൻവേണ്ടിയാണു് ഭൂമി തരം തിരിച്ചു് ആദായത്തിന്റെ അടിസ്ഥാനത്തിൽ, ഒരു കൊല്ലം മൂവായിരത്തി അഞ്ഞൂറു രൂപാ അററാദായം കിട്ടത്തക്ക ഭൂമി ഒരു കർഷക കുടുംബത്തിനു് പരിധിയായി നിശ്ചയിക്കണമെന്നു പറയുന്നതു്.

സർ, മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു്, ഇവിടെ പല സുഹൃത്തുക്കളും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ക്രിസ്ത്യൻ സമുദായങ്ങളുടേയും, മുസ്ലീം സമുദായങ്ങളുടേയും ഭൂസ്വത്തുക്കളെ സംബന്ധിച്ചിടത്തോളം ചില പ്രത്യേകതകളുണ്ടു്. ജനനാൽതന്നെ പിതാവിന്റെ സ്വത്തുക്കളിൽ അവർക്കു അവകാശം ലഭിക്കുന്നില്ല. ഭാഗിച്ചുകൊടുത്താൽ മാത്രമേ അവർക്കു അവകാശം ലഭിക്കുന്നുള്ളു. അങ്ങനെയുള്ള കുടുംബങ്ങളിൽ ഈ നിയമത്തിൽ അനുവദിച്ചിട്ടുള്ള അത്രയും ഭൂമി കൈവശം വയ്ക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. ഒരു കുടുംബത്തിൽതന്നെ ധാരാളം ആളുകൾ ഉണ്ടായിരിക്കും, ആ കുടുംബത്തിലെ സ്വത്തു തുണ്ടുതുണ്ടായിപ്പോകാതെ സ്വതന്ത്രമായി കൈവശം വയ്ക്കാനുള്ള അവകാശം നൽകേണ്ടതാണു്. ഭൂമി തുണ്ടുതുണ്ടായിപ്പോയാൽ അതു ഉല്പാദനത്തെ ബാധിക്കുന്നതാണു്. തന്നെയുമല്ല, പ്രായപൂർത്തിയായ ഒരു കുട്ടിയുള്ള കുടുംബത്തിൽ, 22-ഓ, 23-ഓ ഏക്കർ ഭൂമിയുണ്ടെങ്കിൽ, പ്രായപൂർത്തിയായ കുട്ടിക്കു് ഏഴര ഏക്കർ സ്ഥലം കൊടുത്താൽ, ബാക്കിയുള്ള മൈനറുകൾക്കും കുടുംബത്തിനുംകൂടി 15 ഏക്കർ ഭൂമികൊണ്ടുമാത്രം കഴിയേണ്ടിവരും. നേരേമറിച്ചു് കുടുംബത്തിലെ സ്വത്തുമുഴുവൻ ഒരുമിച്ചു് ഇരുന്നാൽ, വേണ്ടപോലെ കൃഷിനടത്തിയും, കുടുംബാവശ്യങ്ങൾ നിറവേറ്റിയും ഒരുവിധം മാനമായി കഴിഞ്ഞുകൂടാനുള്ള സൗകര്യം കിട്ടും. തന്നെയുമല്ല, ന്യായമായിട്ടു നോക്കിയാൽ പ്രായപൂർത്തിയായ കുട്ടിക്കു് ഏഴര ഏക്കർ അവകാശപ്പെടാൻ അർഹതയില്ലെന്നുവരും. എന്നിരുന്നാലും ഞങ്ങൾ അതു കൊടുക്കാൻ നിർബ്ബന്ധിതരായിത്തീരുകയാണു ചെയ്യുന്നതു്. ഇതു ഒഴിവാക്കേണ്ടതാണു്.

സർ, സെക്ഷൻ 56 (3)-ൽ ഇങ്ങനെ പറയുന്നു:

> "In calculating the extent of land owned or held by a family or an adult unmarried person, as the case may be, in the lands owned or held by a company, Co-operative Society, Firm, or other body of individuals or by an Institution or by a Joint Hindu Family, Marumakkathayam Tarwad, Aliyasanthana Family or Namboodiri Illom shall be taken into account.

എനിക്കു് ഇതിൽ ഒരു സംശയം തോന്നുന്നു. നിലവിലുള്ള നിയമപ്രകാരം ഓരോ കുടുംബത്തിനും അവകാശമുള്ള ഭൂമികഴിച്ചുള്ളതു് ഗവണ്മെന്റിലേക്കു സറണ്ടർചെയ്യുമെന്നു പറയുന്നു. ഒരു നമ്പൂതിരി ഇല്ലത്തെ ഭാഗം നടത്തിയെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കുസുമം. ജോസഫ്]

വിചാരിക്കുക. അങ്ങനെയാണെങ്കിൽ, നമ്പൂതിരിഇല്ലത്തിലുള്ള അംഗങ്ങൾക്ക് അവകാശപ്പെട്ടാവുന്ന ഭൂമികഴിച്ച് മിച്ചമുള്ള ഭൂമി ആരു സറണ്ടർചെയ്യുമെന്നു മനസ്സിലാകുന്നില്ല. ഇരുന്നൂറേക്കർ സ്ഥലമുള്ള ഒരു നമ്പൂതിരി ഇല്ലത്തിൽ അഞ്ചു അവകാശികൾ ഉണ്ടെന്നു വിചാരിക്കുക. അതിൽ ഏഴഞ്ചു മുപ്പത്തഞ്ചു ഏക്കർ, നാല്പതേക്കർ ഭൂമി മററു വ്യക്തികൾക്കു കൈവശംവയ്ക്കത്തക്കവിധം വ്യവസ്ഥ ചെയ്താൽ ബാക്കിഭൂമി ആരാണു സറണ്ടർചെയ്യുക ? നമ്പൂതിരിത്തറവാടുകളിൽ കൈവശംവയ്ക്കാവുന്ന ഭൂമിയുടെ പരിധി എത്രയായിരിക്കണമെന്നു വ്യക്തമായി ഇതിൽ പറയുന്നില്ല. പാർട്ടീഷൻകഴിഞ്ഞിട്ടില്ലാത്ത ജായിൻറ ഹിന്ദുതറവാടുകളിലും, നമ്പൂതിരിഇല്ലങ്ങളിലും അവരുടെ സ്വത്തുക്കൾ മുഴുവൻ കൈവശം വയ്ക്കാവുന്ന ഒരു സാഹചര്യം ഇവിടെ ഉണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. അങ്ങനെ എന്തെങ്കിലും പഴുതുണ്ടെങ്കിൽ ഈ നിയമത്തെ മറികടക്കാൻ ആളുകൾ ശ്രമിക്കുമെന്നുള്ളതിനാൽ അതു നീക്കംചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

സെക്ഷൻ 56 സബ്ക്ലാസ്സ് 4–ൽ ഇങ്ങനെ പറയുന്നു:

"Where after the date notified under sec'ion 57, any class of land has been converted into another class of land the extent of land that may be owned or held by a family or adult unmarried person owning or holding such land at the time of the conversion shall be terminated without taking into account such conversion".

ഇതു് എന്തിനാണ് ഇവിടെ എഴുതിപ്പിടിപ്പിച്ചിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. വെറുതേ തരിശായികിടക്കുന്ന കുറെ ഭൂമി ഒരു കർഷകൻ കുറെ റബ്ബർവച്ചുപിടിപ്പിച്ചാൽ അതുകൊണ്ടു് ഒരു ദോഷവും വരികയില്ല. എന്നാൽ അങ്ങനെ റബ്ബർ വച്ചുപിടിപ്പിച്ചാൽ അതൊരു റബ്ബർതോട്ടം ആവുകയില്ല, അതു തരിശുഭൂമിയായിത്തന്നെ പരിഗണിച്ചു് പ്രോത്സാഹനം നൽകി നമ്മുടെ കാർഷികോല്പന്നങ്ങളെ കൂടുതൽ സഹായിക്കാനാണു നോക്കേണ്ടതു്. ഈ കാര്യങ്ങളിൽ ഗവണ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Speaker: The House will adjourn now and meet again at 8 a. m. tomorrow.

The Assembly adjourned at 5 p. m. to meet again at 8 a. m. on Saturday, 6th June 1959.

LIBRARY ARCHIVES Kerala Legislative Assembly